

# ടൈംസ് ഓഫ് അമേരിക്കൻമലയാളി

സാംസ്കാരികം

TIMES OF AMERICAN MALAYALI

2021 ആഗസ്റ്റ്





Cheif Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**


www.timesofamericanmalayali.com




2

സ്വതന്ത്രനും കൃതജ്ഞതയുള്ളവനുമായ ഓരോ ഭാരതീ യനും സ്വാതന്ത്ര്യ സമര സേനാനികളെ പ്രണമിക്കലാണത്. ഈ മഹോത്സവത്തിന്റെ ആശയം വളരെ വിശാലമാണ്. സ്വാതന്ത്ര്യ സമര സേനാനികളുടെ മാർഗത്തിലൂടെ സഞ്ചരിക്കുക, അവരുടെ സ്വപ്നങ്ങളിലെ രാഷ്ട്രത്തെ സൃഷ്ടി ക്കുക എന്നതാണ് നമ്മുടെ കടമ. രാജ്യത്തിന്റെ സ്വാതന്ത്ര്യം നേടിയെടുക്കാ നായി സ്വാതന്ത്ര്യസമരസേനാനികൾ ഒന്നുചേർന്നതുപോലെ നമുക്കും ദേശത്തിന്റെ വികാസത്തിനായി ഒന്നുചേരേണ്ടതുണ്ട്. നാം രാജ്യത്തിനു വേണ്ടി ജീവിക്കണം. രാജ്യത്തിനു വേണ്ടി പ്രവർത്തിക്കണം. ചെറിയ ചെറിയ പ്രവർത്തനങ്ങളും പരിശ്രമങ്ങളും പോലും വലിയ ഫലങ്ങൾ നേടിത്തരും.



## പെണ്മയുടെ ഉറ്റുനോട്ടം

രാഹുൽ രാധാകൃഷ്ണൻ 3

ജീവിതമെന്ന കെട്ടുകാഴ്ചയെ മുന്നോട്ടു നയിക്കാൻ ചില കൈത്താങ്ങുകൾ ആവശ്യമാണ്. മറിച്ചാണെങ്കിൽ ഒറ്റപ്പെടുന്ന സന്ദർഭങ്ങൾ മാത്രമേ ജീവിതത്തിലുണ്ടാവൂ.ബന്ധങ്ങൾക്കൊന്നിനും കൃത്യമായ ചതുരങ്ങളില്ല. എവിടെയും വിരിയുന്ന ഏതൊരു പൂവും പോലെയാണത്. അവയുടെ സൗന്ദര്യം അവ തന്നെയാണ്എന്നു മാനസിയുടെ ചതുരങ്ങൾ എന്ന കഥയിലെ കഥാപാത്രമായ അച്ഛൻ പറയുന്നുണ്ട്. ഏതാണ്ടിതേ വിചാരത്തിലൂടെ യാവും എലേനയും കടന്നു പോയതെന്ന് ഉറപ്പാണ്. ലൈല എന്ന പൂവിന്റെ വിവിധ ദശകൾ അനുസരിച്ചു വിരിയുകയും വാടുകയും ചെയ്തിരുന്ന ജീവിതമായിരുന്നു എലേനയുടേത്.

12 മുലമുറിച്ച ധീര വനിതയുടെ കഥ

## സംസ്കാരിക കേരളം

5








7





## ഒഴുക്കിനെതിരെ

മാവേലിക്കരയുടെ വിദ്യാഭ്യാസമേഖലയിൽ നവ്യോദയമായ ബിഷപ്പ് മൂർ കോളജിന്റെ സ്ഥാപക പ്രിൻസിപ്പലായ റവ.കെ.സി.മാത്യുവിന്റെ ജിവിതവും ദർശനവും അടയാളപ്പെടുത്തുന്ന കൃതി.അദ്ധ്യാപകൻ, സംഘാടകൻ, വിദ്യാഭ്യാസവിചക്ഷണൻ പ്രസാധകൻ എന്നീ നിലകളിലുള്ള പ്രൊഫ.കെ.സി.മാത്യുവിന്റെ പ്രയത്നശീലത്തെ വസ്തുനിഷ്ഠമായും ഹൃദ്യമായും അവതരിപ്പിക്കുവാൻ റവ.ഡോ. മാത്യു പി. ഇടുക്കുളയ്ക്ക് കഴിഞ്ഞിരിക്കുന്നു.

# ഔഷധ സുഗന്ധമാർന്ന ജീവിതം

## – ഡോ. പി.കെ.വാരിയർ (1921 – 2021)

■ ജോർജ് തഴക്കര



**ആ**യുർവ്വേദശാസ്ത്രത്തെ ആരോഗ്യലോകത്തിനു സമ്മാനിച്ച മഹാവൈദ്യനായിരുന്നു ഡോ.പി.കെ. വാരിയർ. ജീവിതം സമ്പൂർണ്ണമായി ആയുർവ്വേദ ചികിത്സക്കും പഠനത്തിനുമായി സമർപ്പിച്ച കർമ്മയോഗി. 'ഒന്നും പഴയതാകുന്നില്ലായെന്നും; പഴയതെന്നു കരുതുന്നത് പ്രതിസംസ്കരിക്കുമ്പോൾ പുതുമയുള്ളതായി മാറുന്നു' എന്ന ചരക സംഹിതയുടെ വ്യാഖ്യാനമായിരുന്നു ജീവിതം.

സ്പെയിനിലെ രാജകുടുംബാംഗത്തെ ചികിത്സിക്കാൻ ഇന്ത്യാ ഗവൺമെന്റ് നിയോഗിച്ച വ്യക്തി. ശ്രീലങ്കൻ പ്രധാനമന്ത്രിയായിരുന്ന സിരിമാവോ ബന്ദാരനായക വീൽചെയറിലിരുന്നു വന്നു ചികിത്സ കഴിഞ്ഞു വിമാനത്തിന്റെ പടികൾ ചവിട്ടിക്കയറി മടങ്ങിയത് ഈ പുണ്യത്തിന്റെ ഫലമായിരുന്നു.

രോഗാവസ്ഥയിലെത്തിയ ഒരാളെയും ചികിത്സയില്ല എന്നു പറഞ്ഞുവിടുവാൻ തയ്യാറായിരുന്നില്ല. ഒരു രോഗിയുടെ അവസാനശ്വാസം വരെയും ചികിത്സിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. ഡോ.പി.കെ.വാരിയർ നൂറിന്റെ നിറവും കഴിഞ്ഞിട്ടാണ് ജീവിതത്തിൽ നിന്നും മടങ്ങിയത്. അറുപത്തിയെട്ട് വർഷം കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ മാനേജിങ് ട്രസ്റ്റിയായിരുന്നു.

### കുടുംബം

ടിപ്പുവിന്റെ പടയോട്ടക്കാലത്ത് കോഴിക്കോട് നന്മണ്ടയിലെ പന്നിയമ്പിള്ളി കുടുംബം തിരുവിതാംകൂറിലാണ് അഭയം തേടിയത്. തിരിച്ചെത്തിയ കുടുംബത്തിന് ആഴ്വാഞ്ചേരി തമ്പ്രാക്കൾ കോട്ടയ്ക്കലിൽ താമസിക്കുന്നതിനുള്ള അനുവാദം നൽകി. ക്ഷേത്രകഴകം സ്വീകരിച്ച് അവിടെ അവർ ജീവിതം തുടങ്ങി. ഏതാണ്ട് ഒരു നൂറ്റാണ്ടു കഴിഞ്ഞപ്പോൾ 'ഇയ്യക്കാടും' 'ചങ്കുവെട്ടിക്കാടും' വെട്ടിത്തെളിച്ച് പി.എസ്. വാരിയർ 1902ൽ ആര്യവൈദ്യശാലയ്ക്ക് തുടക്കമിട്ടു. പച്ചമരുന്നുകൊണ്ടുള്ള ചികിത്സ മാത്രമല്ല, അവശ്യമെങ്കിൽ ഇംഗ്ലീഷ് മരുന്നും രോഗികൾക്ക് നൽകാൻ കഴിവുള്ള വൈദ്യനായിരുന്നു വൈദ്യരത്നം പി.എസ്.വാരിയർ. ആ പാരമ്പര്യത്തിന്റെ പിൻതുടർച്ചയായിരുന്നു ഡോ.പി.കെ.വാരിയർ.

### വിദ്യാഭ്യാസം

ഗണിതത്തിൽ സമർത്ഥനായിരുന്നതിനാൽ എഞ്ചിനീയറിങ്ങിനു പോകണമെന്നതായിരുന്നു ആഗ്രഹം. ആയുർവ്വേദം പഠിപ്പിക്കണമെന്നതായിരുന്നു വീട്ടുകാരുടെ താല്പര്യം. കുടുംബാന്തരീക്ഷത്തിൽ ഇതൊരു സംഘർഷാവസ്ഥയായിരുന്നു. ഏതു തെരഞ്ഞെടുക്കണമെന്ന് അറിയാത്ത ഒരു സന്നിഗ്ദ്ധഘട്ടം പി.കെ.വാരിയരുടെ ജീവിതത്തിൽ ഉണ്ടായി. പാമ്പര്യത്തെ നിഷേധിക്കുവാനും ആധുനികതയെ ഉൾക്കൊള്ളാനും കഴിയാത്ത ഒരവസ്ഥ. ഇതിനു പരിഹാരം നിർദ്ദേശിച്ചത് ഇ.എം.ശങ്കരൻനമ്പൂതിരിപ്പാടാണ്. അദ്ദേഹം സംസാരിച്ചു തുടങ്ങി. 'മണ്ണാൻ വൈദ്യന്റെ അടുത്തുപോയാൽ കുട്ടികളുടെ രോഗം ചികിത്സിച്ചുമാറ്റാം. പക്ഷേ, എങ്ങനെയാണ് മാറിയത് എന്നു പറയാൻ അയാൾക്ക് അറിയില്ല. അതു കണ്ടുപിടിക്കലാണ് നിങ്ങളുടെ ജോലി. അതിന് ആയുർവേദം ➲4







എന്റെ പ്രിയപ്പെട്ട ദേശവാസികളെ, നമസ്കാരം.

രണ്ടു ദിവസം മുൻപുള്ള അതിശയകരമായ ചില ചിത്രങ്ങളും അവിസ്മരണീയമായ നിമിഷങ്ങളും ഇപ്പോഴും എന്റെ കൺമുന്നിലുണ്ട്. അതിനാൽ ഇപ്രാവശ്യത്തെ തുടക്കം ആ നിമിഷങ്ങളിൽ നിന്നുമാകാം. ടോക്കിയോ ഒളിമ്പിക്സിൽ ഭാരതത്തിന്റെ കളിക്കാർ ത്രിവർണ്ണ പതാകയേന്തി നിൽക്കുന്നത് കണ്ടപ്പോൾ, ഞാൻ മാത്രമല്ല രാജ്യം മുഴുവൻ പുളകിതരായി. രാജ്യം മുഴുവൻ ഒറ്റക്കെട്ടായി ഈ യോദ്ധാക്കളോട് പറയുകയാണ് വിജയിച്ചു വരൂ, വിജയിച്ചു വരൂ.

ഭാരതത്തെ പ്രതിനിധീകരിക്കുന്ന ഇവരെ കുറിച്ച് മനസ്സിലാക്കുവാനും അത് രാജ്യത്തോട് പങ്കുവെയ്ക്കാനുമുള്ള അവസരം എനിക്ക് ലഭിച്ചു. ഈ കളിക്കാർ ജീവിതത്തിൽ ധാരാളം വെല്ലു വിളികൾ നേരിട്ടാണ് ഇതുവരെ എത്തിയത്. ഇന്ന് അവർക്ക് നിങ്ങളുടെ സ്നേഹവും പിന്തുണയു മാണ് കരുത്തായിട്ടുള്ളത്. അതു കൊണ്ട് വരൂ, നമുക്ക് ഒരുമിച്ച് നമ്മുടെ ഈ കളിക്കാർക്ക് ആശംസകൾ നേർന്നുകൊണ്ട് അവർക്ക് ധൈര്യം പകരാം. സാമൂഹ്യ മാധ്യമത്തിലൂടെ ഒളിമ്പിക്സ് കളിക്കാർക്ക് പിന്തുണ നൽകുന്നതിനായി വിക്ടറി പഞ്ച് ക്യാമ്പയിൻ ഇപ്പോൾ തുടങ്ങിയിട്ടുണ്ട്. നിങ്ങളും ഇതിൽ ചേർന്ന് വിക്ടറി പഞ്ച് ഷെയർ ചെയ്യൂ. ഭാരതത്തെ പ്രോത്സാഹിപ്പിക്കൂ.

**ഭാരതത്തെ പ്രതിനിധീകരിക്കുന്ന ഇവരെ കുറിച്ച് മനസ്സിലാക്കുവാനും അത് രാജ്യത്തോട് പങ്കുവെയ്ക്കാനുമുള്ള അവസരം എനിക്ക് ലഭിച്ചു. ഈ കളി ക്കാർ ജീവിതത്തിൽ ധാരാളം വെല്ലു വിളികൾ നേരിട്ടാണ് ഇതുവരെ എത്തിയത്. ഇന്ന് അവർക്ക് നിങ്ങളുടെ സ്നേഹവും പിന്തുണയു മാണ് കരുത്തായിട്ടുള്ളത്. അതു കൊണ്ട് വരൂ, നമുക്ക് ഒരുമിച്ച് നമ്മുടെ ഈ കളിക്കാർക്ക് ആശംസകൾ നേർന്നുകൊണ്ട് അവർക്ക് ധൈര്യം പകരാം. സാമൂഹ്യ മാധ്യമത്തിലൂടെ ഒളിമ്പിക്സ് കളിക്കാർക്ക് പിന്തുണ നൽകുന്നതിനായി വിക്ടറി പഞ്ച് ക്യാമ്പയിൻ ഇപ്പോൾ തുടങ്ങിയിട്ടുണ്ട്. നിങ്ങളും ഇതിൽ ചേർന്ന് വിക്ടറി പഞ്ച് ഷെയർ ചെയ്യൂ.**

സുഹൃത്തുക്കളെ, ആരാണോ രാജ്യത്തിനുവേണ്ടി ത്രിവർണ്ണപതാകയേന്തുന്നത്, അവരോടുള്ള ബഹുമാനത്താൽ വികാരാധീനരാവുക സ്വാഭാവികമാണ് രാജ്യസ്നേഹത്തിന്റെ ഈ വികാരം നമ്മളെയെല്ലാം ബന്ധിപ്പിക്കുന്നു. നാളെ, അതായത് ജൂലൈ 26 കാർഗിൽ വിജയ ദിവസമാണ്. കാർഗിൽ യുദ്ധം ഇന്ത്യൻ സേനയുടെ ശൗര്യത്തിന്റെയും സംയമനത്തിന്റെയും പ്രതീകമാണ് എന്നത് ലോകം മുഴുവൻ കണ്ടതാണ്. ഈ പ്രാവശ്യം ഈ മഹത്തായ ദിനം അമൃത മഹോത്സവത്തിന് ഇടയിലാണ് ആഘോഷിക്കാൻ പോകുന്നത്. അതുകൊണ്ടുതന്നെ ഈ ദിനം കൂടുതൽ പ്രത്യേകതയുള്ളതായിത്തീരുന്നു. ഞാൻ ആഗ്രഹിക്കുന്നത് നിങ്ങളോരോരുത്തരും കാർഗിലിന്റെ ആവേശകരമായ കഥ വായിച്ചിരിക്കണം. കാർഗിലിലെ വീരന്മാരെ നമ്മൾ നമിക്കണം.

സുഹൃത്തുക്കളെ ആഗസ്റ്റ് 15ന് രാജ്യം സ്വാതന്ത്ര്യം നേടിയതിന്റെ 75ാം വർഷത്തിലേക്ക് കടക്കുകയാണ്. ഇത് നമ്മളെ സംബന്ധിച്ചിടത്തോളം വളരെ സൗഭാഗ്യകരമായ ഒന്നാണ്. എന്തെന്നാൽ, രാജ്യം, നൂറ്റാണ്ടുകളായി കാത്തിരുന്ന സ്വാതന്ത്ര്യം നേടിയതിന്റെ എഴുപത്തിയഞ്ചാം വർഷത്തിന് സാക്ഷികളാകുവാൻ പോവുകയാണ്. നിങ്ങൾ ഓർക്കുന്നുണ്ടാകും സ്വാതന്ത്ര്യത്തിന്റെ 75ാം വർഷം ആഘോഷിക്കാൻ മാർച്ച് 12ന് ബാപ്പുവിന്റെ സബർമതി ആശ്രമത്തിൽ അമൃത മഹോത്സവത്തിന് തുടക്കം കുറിച്ചു. ആ ദിവസം തന്നെ ബാപ്പുവിന്റെ ദണ്ഡിയാത്രയുടെ സ്മരണകളും പുനരുജ്ജീവിപ്പിച്ചു. അന്നു മുതൽ രാജ്യം മുഴുവനും അമൃത മഹോത്സവവുമായി ബന്ധപ്പെട്ട പരിപാടികൾ നടന്നുവരികയാണ്. നിരവധി സംഭവങ്ങൾ, സ്വാതന്ത്ര്യ സമര സേനാനികളുടെ പോരാട്ടം, അവരുടെ ജീവത്യാഗം ഒക്കെ മഹത്തരമാണ്. പക്ഷേ അതൊന്നും വേണ്ടത്ര ചർച്ച ചെയ്യപ്പെട്ടിട്ടില്ല. ഇന്ന് ആളുകൾ അവരെക്കുറിച്ചും അറിയുകയാണ്. ഇപ്പോൾ നിങ്ങൾ മൊയിറാങ് ദിവസത്തെക്കുറിച്ച് ചിന്തിക്കൂ. മണിപ്പൂരിലെ ചെറിയ പ്രദേശമാണ് മൊയിറാങ്. ആ സ്ഥലം നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ഇന്ത്യൻ നാഷണൽ ആർമി, അതായത് ഐ എൻ എയുടെ ഒരു പ്രധാന കേന്ദ്രമായിരുന്നു. അവിടെ സ്വാതന്ത്ര്യത്തിനു മുൻപേ ഐഎൻഎയുടെ കേണൽ ഷൗക്കത്ത് മാലിക് പതാക ഉയർത്തി. അമൃത മഹോത്സവവുമായി ബന്ധപ്പെട്ട് ഏപ്രിൽ 14 ന് അതേ മൊയിറാങ്ങിൽ വെച്ച് വീണ്ടും ഒരിക്കൽ കൂടി ത്രിവർണ്ണ പതാക ഉയർത്തി. അങ്ങനെ എത്രയെത്ര സ്വാതന്ത്ര്യസമരസേനാനിമാരും മഹാപുരുഷന്മാരും അവരെയെല്ലാം അമൃതമഹോത്സവത്തിലൂടെ രാജ്യം ഓർമിക്കുകയാണ്. സർക്കാരും സാമൂഹിക സംഘടനകളും ചേർന്ന് ഇതുമായി ബന്ധപ്പെട്ട പരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള ഒരു പരിപാടി ആഗസ്റ്റ് 1ന് നടക്കാൻ പോവുകയാണ്. സാംസ്കാരിക മന്ത്രാലയത്തിന്റെ മേൽനോട്ടത്തിൽ ഒട്ടനവധി ഭാരതീയർ ചേർന്ന് ദേശീയ ഗാനം ആലപിക്കുക എന്നതാണിത്. ഇതിനായി ഒരു വെബ്സൈറ്റ് തയ്യാറായിട്ടുണ്ട്, രാഷ്ട്രഗാൻ ഡോട്ട് ഇൻ. ഇ ൗ വെബ്സൈറ്റിന്റെ സഹായത്തോടെ നിങ്ങൾക്ക് ദേശീയഗാനം പാടി അത് റെക്കോർഡ് ചെയ്യാൻ സാധിക്കും. അങ്ങനെ ഈ ഉദ്യമത്തിൽ പങ്കുചേരാം. ഈ മഹത്തായ യജ്ഞത്തിൽ എല്ലാവരും പങ്കുചേരും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇത്തര ത്തിലുള്ള അനേകം പ്രവർത്തനങ്ങളും പരിശ്രമങ്ങളും വരുംദിവസങ്ങളിൽ നിങ്ങൾക്ക് കാണാൻ സാധിക്കും. അമൃത മഹോത്സവം സർക്കാരിന്റെയോ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ പരിപാടിയല്ല. കോടിക്കണക്കിന് ഭാരതീയരുടെ ഒത്തുചേരലാണ്. സ്വതന്ത്രനും കൃതജ്ഞതയുള്ളവനുമായ ഓരോ ഭാരതീയനും സ്വാതന്ത്ര്യസമര സേനാനികളെ പ്രണമിക്കലാണത്. ഈ മഹോത്സവത്തിന്റെ ആശയം വളരെ വിശാലമാണ്. സ്വാതന്ത്ര്യസമര സേനാനികളുടെ മാർഗത്തിലൂടെ സഞ്ചരിക്കുക, അവരുടെ സ്വപ്നങ്ങളിലെ രാഷ്ട്രത്തെ സൃഷ്ടിക്കുക എന്നതാണ് നമ്മുടെ കടമ. രാജ്യത്തിന്റെ സ്വാതന്ത്ര്യം നേടിയെടുക്കാനായി സ്വാതന്ത്ര്യസമരസേനാനികൾ ഒന്നുചേർന്നതുപോലെ നമുക്കും ദേശത്തിന്റെ വികാസത്തിനായി ഒന്നുചേരേണ്ടതുണ്ട്. നാം രാജ്യത്തിനു വേണ്ടി ജീവിക്കണം. രാജ്യത്തിനു വേണ്ടി പ്രവർത്തിക്കണം. ചെറിയ ചെറിയ പ്രവർത്തനങ്ങളും പരിശ്രമങ്ങളും പോലും വലിയ ഫലങ്ങൾ നേടിത്തരും. നിത്യേനയുള്ള ജോലികളോടൊപ്പം തന്നെ നമുക്ക് രാഷ്ട്രനിർമാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയും. വോക്കൽ ഫോർ ലോക്കൽ പോലെ. നമ്മുടെ രാജ്യത്തെ പ്രാദേശിക സംരംഭകരെയും കലാകാരന്മാരെയും ശിൽപ്പികളെയും നെയ്ത്തുകാരെയും പിന്തുണയ്ക്കുക എന്നുള്ളത് നമ്മുടെ പൊതുവായ സ്വഭാ വമായിത്തീരണം. ആഗസ്റ്റ് 7ന് വരുന്ന ദേശീയ കൈത്തറി ദിനം, അത് പ്രാവർത്തികമാക്കാൻ പറ്റുന്ന ഒരു അവസരമാണ്. ദേശീയ കൈത്തറി ദിനത്തിന് ഒരു ചരിത്ര പശ്ചാത്തലമുണ്ട്. 1905 ഇതേ ദിവസമാണ് സ്വദേശി പ്രസ്ഥാ നം ആരംഭിച്ചത്.

സുഹൃത്തുക്കളെ നമ്മുടെ രാജ്യത്തെ ഗ്രാമീണ ആദിവാസി പ്രദേശങ്ങളിൽ കൈത്തറി, വരുമാനത്തിന്റെ ഒരു വലിയ ഉപാധിയാണ്. ലക്ഷക്കണക്കിന് സ്ത്രീകളും നെയ്ത്തുകാരും ശില്പികളും ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. നിങ്ങളുടെ ചെറിയ ചെറിയ പരിശ്രമങ്ങൾ നെയ്ത്തുകാരിൽ പുതിയ പ്രതീക്ഷ ഉണർത്തും. സഹോദരങ്ങളെ, നിങ്ങൾ സ്വയം എന്തെങ്കിലുമൊക്കെ വാങ്ങുകയും ഇക്കാര്യം മറ്റുള്ളവരോടും പറയുകയും ചെയ്യുക. നാം സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുമ്പോൾ ഇത്രയെങ്കിലും ചെയ്യേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. 2014 മുതൽ മൻ കീ ബാത്തിൽ പലപ്പോഴും ഞാൻ ഖാദിയുടെ കാര്യം പറയുന്നത് നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലോ. ഇന്ന് നമ്മുടെ രാജ്യത്ത് ഖാദിയുടെ വിൽപ്പന പലമടങ്ങ് വർദ്ധിച്ചിട്ടുണ്ട്. അത് നിങ്ങളുടെ പ്രയത്നത്താൽ തന്നെയാണ്. ഖാദിയുടെ ഏതെങ്കിലുമൊരു കടയിൽ നിന്ന് ഒരു ദിവസം ഒരു കോടിയിലധികം രൂപയുടെ വിൽപന നടക്കുമെന്ന് ആരെങ്കിലും വിചാരിച്ചിരുന്നതാണോ. എന്നാൽ നമ്മൾ അതും ചെയ്തുകാണിച്ചു. നിങ്ങൾ എവിടെ നിന്നെങ്കിലും എന്തെങ്കിലും ഉൽപ്പന്നങ്ങൾ വാങ്ങുന്നുണ്ടെങ്കിൽ അതിന്റെ ലാഭം ലഭിക്കുന്നത് പാവപ്പെട്ട നമ്മുടെ നെയ്ത്തുകാരായ സഹോദരീ സഹോദരന്മാർക്കാണ്. അതുകൊണ്ട് ഖാദി വാങ്ങുക എന്നുള്ളത് ഒരു തരത്തിൽ ജനസേവനമാണ്. ദേശസേവയുമാണ്. സ്നേഹം നിറഞ്ഞ സഹോദരരീ സഹോദരൻമാരോടുള്ള എന്റെ അഭ്യർത്ഥനയാണ്, നിങ്ങൾ എല്ലാവരും ഗ്രാമപ്രദേശത്ത് നിർമ്മിക്കപ്പെടുന്ന കൈത്തറി ഉൽപ്പന്നങ്ങൾ തീർച്ചയായും വാങ്ങണം. മൈ ഹാൻഡ്ലൂം മൈ പ്രൈഡ്എന്ന ഹാഷ്ടാഗിനൊപ്പം അതിനെ ഷെയർ ചെയ്യുകയും വേണം.

സുഹൃത്തുക്കളെ, സ്വാതന്ത്ര്യസമര പ്രസ്ഥാനത്തെയും ഖാദിയും കുറിച്ച് പറയുമ്പോൾ ബാപ്പുവിനെ സ്മരിക്കുന്നത് സ്വാഭാവികമാണല്ലോ. ബാബുവിന്റെ നേതൃത്വത്തിൽ ഭാരത് ഛോടോ ആന്ദോളൻ (കിറ്റ് ഇന്ത്യ സമരം) നടന്നതുപോലെ ഇന്ന് ഭാരതത്തെ ഒന്നിപ്പിക്കുന്നതിന് ഭാരത് ജോഡോ ആന്ദോളന് ഓരോ ദേശവാസിയും നേതൃത്വം നൽകണം. വൈവിധ്യങ്ങൾ നിറഞ്ഞ നമ്മുടെ നാടിനെ ഒന്നിപ്പിക്കുവാൻ സഹായകരമായ കാര്യങ്ങൾ ചെയ്യുക എന്നുള്ളതാണ് നമ്മുടെ കർത്തവ്യം. അമൃത മഹോത്സവത്തിന്റെ ഈ അവസരത്തിൽ രാജ്യം തന്നെയാണ് നമ്മുടെ ഏറ്റവും വലിയ താൽപര്യമെന്നും ഏറ്റവും വലിയ മുൻഗണന രാജ്യത്തിനാണെന്നുമുള്ള അമൃത പ്രതിജ്ഞ എടുക്കാം. നേഷൻ ഫസ്റ്റ്, ആൾവെയ്സ് ഫസ്റ്റ് എന്ന മന്ത്രത്തോടെ നമുക്ക് മുന്നേറാം.

എന്റെ പ്രിയപ്പെട്ട ദേശവാസികളെ, ഇന്ന് മൻകി ബാത്ത് കേട്ടുകൊണ്ടിരിക്കുന്ന എന്റെ യുവ സുഹൃത്തുക്കളോട് പ്രത്യേകം കൃതജ്ഞത പ്രകടിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കുറച്ചു ദിവസങ്ങൾക്കു മുൻപ് MY GOV മുഖേന മൻ കി ബാത്തിന്റെ ശ്രോതാക്കളെ പറ്റിയുള്ള ഒരു പഠനം നടത്തിയിരുന്നു. മൻ കി ബാത്തിലേക്ക് സന്ദേശങ്ങളും നിർദ്ദേശങ്ങളും അയക്കുന്നവർ മുഖ്യമായും ആരാണെന്ന് നോക്കുകയുണ്ടായി. പഠനത്തിനുശേഷം കിട്ടിയ വിവരം, സന്ദേശങ്ങളും നിർദ്ദേശങ്ങളും അയക്കുന്നവരിൽ ഏകദേശം 75 ശതമാനം ആൾക്കാരും 35 വയസ്സിനു താഴെ പ്രായമുള്ളവരാണ് എന്നാണ്. അതായത് ഭാരതത്തിലെ യുവശക്തിയുടെ നിർദേശങ്ങളാണ് മൻ കി ബാത്തിനു മാർഗദർശനം നൽകുന്നത്. ഇതിനെ ഞാൻ

➲9



# പെണ്മയുടെ ഉറ്റുനോട്ടം

**രാഹുൽ രാധാകൃഷ്ണൻ**

**മ**നുഷ്യരുടെ കൂട്ടങ്ങൾ വെവ്വേറെ ഭൂഖണ്ഡങ്ങളാകുന്ന ഒരു ചുറ്റുപാടിൽ താരതമ്യേന ചെറിയ സമൂഹങ്ങളെയും അവിടങ്ങളിൽ നിന്നുള്ള വ്യക്തികളെയും വേർതിരിച്ചറിയുക എന്നത് എളുപ്പമല്ല. സമൂഹത്തിന്റെ ആന്തരിക വിനിമയങ്ങൾ, വ്യക്തികളുടെ മാനസിക വിചാരങ്ങൾ എന്നിവ വിശകലനം ചെയ്തു കൊണ്ട് സമവായമുണ്ടാക്കുക ദുഷ്കരമായ പ്രവൃത്തിയാണ്. അത്തരം സമൂഹത്തിലും/ വർഗ്ഗത്തിലും ആൺ/പെൺ വ്യത്യാസത്തോടെ സാഹിത്യത്തെ അവതരിപ്പിക്കാൻ കഴിയുമോ എന്നത് കുഴയ്ക്കുന്ന ചോദ്യമാണ്. ആണിന്റെ പെണ്ണെഴുത്തും പെണ്ണിന്റെ ആൺനോട്ടങ്ങളും നയപരമായി യോജിച്ചു പോകാൻ പ്രയാസമാണ്. നേരത്തെ സൂചിപ്പിച്ച ഭൂഖണ്ഡങ്ങൾ ആശയങ്ങളുടെയും സംസകാരത്തിന്റെയും വിവിധ ദ്വീപുകളായി പരിണമിക്കുകയാണ്. പരസ്പരബന്ധമില്ലാതെ ഒറ്റപ്പെട്ടു കിടക്കുന്ന ദ്വീപുകൾ വിളക്കിച്ചേർക്കാൻ ചില പ്രത്യേക എഴുത്തുകർക്കാവും. സ്ത്രീമനസ്സിന്റെ കാമനകളുടെയും വ്യഥകളുടെയും അസ്വസ്ഥതകളുടെയും ലിഖിതരൂപത്തിന് സാർവ്വലൗകികമായ കാഴ്ചപ്പാടുകൾ പ്രകടമാക്കാൻ അത്തരം ശ്രമങ്ങൾക്കു സാധിക്കുന്നുണ്ട്. ദ്വീപുകളിലെ ആകാശത്തിന്റെ നിറം ഒന്നാണെങ്കിലും അവിടങ്ങളിലെ തണലിടങ്ങളുടെയും നിഴലുകളുടെയും അടയാളപ്പെടുത്തലുകൾ വേറിട്ടതാണ്.

പെൺനോട്ടങ്ങളുടെ രാഷ്ട്രീയം, പെണ്ണെഴുത്തിന്റെ നോട്ടങ്ങൾ, പുരുഷന്മാർ വഴി ഉടലെടുക്കുന്ന അക്രമങ്ങൾ, ലൈംഗികതയുടെ ഒളിച്ചുനോട്ടങ്ങൾ, കുടുംബങ്ങളിലെ നിരവധി പ്രശ്നങ്ങൾ, വർഗബോധത്തിന്റെ പക്ഷപാതങ്ങൾ എന്നിങ്ങനെ ഒരു സ്ത്രീ നേരിടുന്ന സമസ്യകളുടെ പൂർണ വിവരണമാണ് ഇറ്റലിയിലെ നഗരമായ നേപ്പിൾസിനെ ചുറ്റിപറ്റി എലേന ഫെറന്റെ എഴുതിയ നിയോ പൊളിറ്റൽ നോവലുകൾ. രണ്ടു സ്ത്രീകൾ തമ്മിലുള്ള ആജീവനാന്ത സൗഹൃദം അടിസ്ഥാനമാക്കി എഴുതിയ നാലു നോവലുകളാണ് ഈ പരമ്പരയിലുള്ളത്. ശകലീകൃതമായ ഓർമകൾ എഴുത്തിന്റെ തുടക്കക്കാലത്ത് തന്നെ സഹായിച്ചുവെന്ന് പറയുന്ന ഫെറാന്റെ പിന്നീട് സാഹിത്യപരമായ ഉണ്മ എന്ന സങ്കേതത്തെ കൂട്ട് പിടിക്കുന്നുണ്ട്. സന്ദർഭത്തിനു യോജിച്ച പദങ്ങളുടെ വിന്യാസത്തെയും ആഖ്യാനഘടനയെയുമാണ് ഇതു കൊണ്ട് ഫെറാന്റെ ഉദ്ദേശിക്കുന്നത്. സ്ത്രീകളുടെ സൗഹൃദത്തിന്റെ ഉയരവും ആഴവും വ്യക്തമാക്കുന്ന നോവലുകളിൽ കുടുംബങ്ങളുടെ പൊതുസ്ഥിതിയും ജീവിതരീതികളും സാമ്പത്തികാവസ്ഥകളും കടന്നു വരുന്നുണ്ട്. നേപ്പിൾസിന്റെ പ്രാന്തസ്ഥലത്തെ ദരിദ്രമായ ഒരു ചുറ്റുവട്ടത്തായിരുന്നു ലൈലയും എലേനയും ജനിച്ചു വളർന്നത്. എലേനയോടൊപ്പം ഒരുമിച്ചു പഠിച്ചിരുന്ന ഉറ്റ സ്നേഹിതയായ ലൈലയ്ക്ക് ഒരു ഘട്ടം കഴിഞ്ഞപ്പോൾ സ്കൂൾ വിദ്യാഭ്യാസം നിർത്തേണ്ടി വന്നു. പിന്നീട് അവർ സ്വയം പഠിച്ചു കൊണ്ട് എലേനയ്ക്കൊപ്പമെത്താൻ യത്നിച്ചു. പരമ്പരാഗതമായി ചെരുപ്പുനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന കുടുംബത്തിൽ ജനിച്ച ലൈല സമ്പന്നനായ ഒരു പലചരക്കു വ്യാപാരിയെയായിരുന്നു വിവാഹം ചെയ്തിരുന്നത്. ഈ ബന്ധം ഉപേക്ഷിച്ച അവർ പിന്നീട് പല വേഷങ്ങളിൽ ജീവിതം മുന്നോട്ട് നീക്കി. എലേനയാകട്ടെ ഒരെഴുത്തുകാരിയായി മാറുകയാണുണ്ടായത്. എലേന വിവരിക്കുന്ന രീതിയിലാണ് ഈ നോവലുകളേടെയെല്ലാം ആഖ്യാനരീതി. 1950കൾ മുതലുള്ള കഥ പറയുന്ന My Brilliant Friend (2012) ആണ് നിയോ പോളിറ്റിൽ നോവലുകളിൽ ആദ്യത്തേത്. തുടർന്ന് The Story of a New Name (2013), Those Who Leave and Those Who Stay (2014), and The Story of the Lost Child (2015) എന്നിവയും പ്രസിദ്ധീകരിക്കപ്പെട്ടു. മുഖ്യകഥാ പാത്രങ്ങളുടെ കുട്ടിക്കാലവും കൗമാരവും വിശദീകരിക്കുന്ന My Brilliant Friend എലേനയുടെ കാഴ്ചപ്പാടിലെ ബാല്യകാലം തൊട്ടു പ്രായപൂർത്തിയായ കുട്ടിയായി വളർന്നത് വരെയുള്ള കാലത്തെ സന്തോഷങ്ങളും സംഘർഷങ്ങളും ആണ് പ്രാഥമികമായി പ്രതിപാദിക്കുന്നത്. ലിംഗവിവേചനത്തിന്റെ അടരുകൾ ചെറിയ പ്രായം മുതൽക്കേ അറിഞ്ഞു തുടങ്ങിയ എലേനയുടെ ആത്മവിചാരങ്ങൾ ആഖ്യാനത്തിനു ബലം നൽകുന്നുണ്ട്. അവനവനോടുള്ള ഭാഷണത്തിനായി എഴുത്തിനെ ഉപയോഗിക്കുന്ന അവർ ഈ കഥനത്തിലുടനീളം തന്റെ തന്നെ ജീവിതരേഖയെ വരച്ചിടുകയാണ്.

> **പെൺനോട്ടങ്ങളുടെ രാഷ്ട്രീയം, പെണ്ണെഴുത്തിന്റെ നോട്ടങ്ങൾ, പുരുഷന്മാർ വഴി ഉടലെടുക്കുന്ന അക്രമങ്ങൾ, ലൈംഗികതയുടെ ഒളിച്ചു നോട്ടങ്ങൾ, കുടുംബങ്ങളിലെ നിരവധി പ്രശ്നങ്ങൾ, വർഗബോധത്തിന്റെ പക്ഷപാതങ്ങൾ എന്നിങ്ങനെ ഒരു സ്ത്രീ നേരിടുന്ന സമസ്യകളുടെ പൂർണ വിവരണമാണ് ഇറ്റലിയിലെ നഗരമായ നേപ്പിൾസിനെ ചുറ്റിപറ്റി എലേന ഫെറന്റെ എഴുതിയ നിയോ പൊളിറ്റൽ നോവലുകൾ. രണ്ടു സ്ത്രീകൾ തമ്മിലുള്ള ആജീ വനാന്ത സൗഹൃദം അടിസ്ഥാനമാക്കി എഴുതിയ നാലു നോവലുകളാണ് ഈ പരമ്പരയിലുള്ളത്. ശകലീകൃതമായ ഓർമകൾ എഴുത്തിന്റെ തുടക്കക്കാലത്ത് തന്നെ സഹായിച്ചു വെന്ന് പറയുന്ന ഫെറാന്റെ പിന്നീട് സാഹിത്യപരമായ ഉണ്മ എന്ന സങ്കേതത്തെ കൂട്ട് പിടിക്കുന്നുണ്ട്. സന്ദർഭത്തിനു യോജിച്ച പദങ്ങളുടെ വിന്യാസത്തെയും ആഖ്യാനഘടനയെയുമാണ് ഇതു കൊണ്ട് ഫെറാന്റെ ഉദ്ദേശിക്കുന്നത്.**

ആ വ്യവഹാരങ്ങളുടെ പൊതുരീതികളിൽ ഉപഭോഗവസ്തുവായി ഗണിക്കപ്പെട്ടിരുന്ന സ്ത്രീകളുടെ സ്വതസിദ്ധവും സ്വാഭാവികവുമായ ആശയ പ്രപഞ്ചത്തിന്റെ മറുലോകത്തെയാണ് ഫെറാന്റെ ഈ നോവലുകളിലൂടെ സ്ഥാപിക്കുന്നത്. പെണ്മയുടെ ഉറ്റുനോട്ടത്തിന്റെ ആഖ്യാനമാണ് ഫെറാന്റെയുടെ നോവലുകൾ. ലോകമെന്നതു പുരുഷവ്യവഹാരങ്ങളുടെ ഇടമെന്ന പോലെ സ്ത്രീയുടേതും കൂടിയാണെന്ന ഓർമപ്പെടുത്തൽ എന്ന ധർമമാണ് ഈ നോവലുകൾ നിർവഹിക്കുന്നത്. പ്രധാനമായും രണ്ടു സ്ത്രീകളുടെ ജീവിതത്തിൽ ആൺ/പെൺ ഭേദമില്ലാതെ സമൂഹം നടത്തുന്ന ഇടപെടലുകളാണ് അവ ചർച്ച ചെയ്യുന്ന പ്രമേയങ്ങളിൽ മുഖ്യം. കേന്ദ്രകഥാപാത്രങ്ങൾ ആയ എലേനയുടെയും ലൈലയുടെയും പരിസരകാഴ്ചകളുടെ വ്യതിരിക്തതയാണ് നോവലുകളിലൂടെ ഉരുത്തിരിയുന്നത്. അവയിൽ പലതും സ്ത്രീത്വത്തിന്റെ അടയാളവാക്യങ്ങളായി പരിണമിക്കുകയും ചെയ്യുന്നു.

ഒരു ചുമട്ടുകാരന്റെ മകളായ എലേനയുടെ ജീവിതസാഹചര്യങ്ങൾ കുറ്റമറ്റതായിരുന്നില്ല. അക്കാരണം കൊണ്ടു തന്നെ അല്പം അന്തർമുഖയായി മാറിയ അവർക്ക് ലൈല പല തരത്തിലും ആത്മവിശ്വാസം നൽകിയിരുന്നു. പുരുഷലോകത്തു പിന്തള്ളപ്പെട്ടു പോകാതിരിക്കാൻ തങ്ങളുടേതായ കൈയൊപ്പ് ജീവിതത്തിൽ പതിപ്പിക്കണമെന്ന ഉറച്ച ധാരണയുള്ളവളായ എലേന എഴുത്തുകാരിയായി വിജയം കൈവരിച്ചതിൽ അത്ഭുതമില്ല. സ്ത്രീകൾ/ പെൺകുട്ടികൾ വീട്ടിൽ തന്നെ ഇരിക്കുന്നതിനാൽ, അകത്തളങ്ങൾ അവരെ അകത്താക്കുന്ന നിർഭാഗ്യകരമായ അവസ്ഥ ലൈലയെയും പിടി കൂടുമെന്നു അവർക്കു തോന്നിത്തുടങ്ങിയിരുന്നു. അതിനെ മറി കടക്കാൻ ഷൂ നിർമാണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവർ താല്പര്യം പ്രകടിപ്പിച്ചു. സഹോദരനുമായി ചേർന്നു സ്വന്തമായി ഒരു ഷൂ രൂപകല്പ്പന ചെയ്യുന്നുമുണ്ട് അവർ. പേസ്റ്ററി കട നടത്തുന്ന മാർസെല്ലോ സൊളാറ ലൈലയെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചിരുന്നു. അത് ലക്ഷ്യം വെച്ചു കൊണ്ടു അയാൾ പല ഉപഹാരങ്ങളും അവളുടെ മാതാപിതാക്കളെ ഏൽപ്പിക്കുന്നുമുണ്ട്. ഈ ബന്ധത്തിൽ ഒട്ടും ഇഷ്ടമില്ലാതിരുന്ന ലൈല അയാളെ ഒഴിവാക്കാനായി സ്റ്റെഫാനോ എന്ന ധനികനായ പലചരക്കുവ്യാപാരിയുമായി അടുത്തു. ലൈലയിൽ അനുരക്തനായ ആ പ്രദേശത്തെ തന്നെ ഏറ്റവും വലിയ സമ്പന്നനായ സ്റ്റെഫാനോ അവർ നിർമ്മിച്ച ഷൂ നല്ല വില കൊടുത്തു വാങ്ങി. എന്ന് മാത്രമല്ല അവരുടെ ചെരുപ്പുകച്ചവടത്തിൽ അയാൾ നിക്ഷേപം നടത്താമെന്നും വാഗ്ദാനം ചെയ്തു.

ഇതിനിടയിലെപ്പഴോ ആയിരുന്നു അവിചാരിതമായി നിനോ എലേനയുടെ മനസ്സിലിടം നേടിയത്. ഡൊണാറ്റോ സാറട്ടോറിന്റെ മകനായ നിനോയെ ബാല്യകാലത്തിനു ശേഷം ഇഷ്ചിയ എന്ന കടലോര സുഖവാസകേന്ദ്രത്തിൽ വെച്ചായിരുന്നു അവൾ കണ്ടത്. അവധിക്കാലത്തു തന്റെ അധ്യാപികയുടെ ബന്ധുവിനെ സഹായിക്കാനായി അവിടെയെത്തിയതായിരുന്നു എലേന. പുസ്തകങ്ങൾ വായിച്ചിരുന്ന നിനോയ്ക്ക് ദസ്തെയ്‌സ്കിയുടെ വിഖ്യാതമായ കാരമസോവ് സ ഹോദരന്മാരായിരുന്നു ഏറ്റവും പ്രിയം. തന്റെ പിതാവിന് മറ്റൊരു സ്ത്രീയുമായുള്ള അടുപ്പം അവനെ അലോസരപ്പെടുത്തി. അമ്മയെ ഇത്തരത്തിൽ വഞ്ചിച്ചിരുന്ന അച്ഛനോട് അവനു വെറുപ്പായിരുന്നു. നിനോയുടെ അച്ഛൻ എലേനയെ പീഡിപ്പിച്ച ഒരു ദാരുണസംഭവം കൂടെ ആ അവധിക്കാലത്തുണ്ടായി. നിനോയുടെ അച്ഛന്റെ ഈ പ്രവൃത്തി എലേനയ്ക്ക് ഒരു ആഘാതമായിരുന്നു. നിനോയുമായുള്ള പ്രണയത്തിന്റെയും പ്രതീക്ഷയുടെയും തുരുത്ത് പൊടുന്നനെ നിഴൽ വീണു മൂടിയത് പോലെയായി.

ലൈലയിലും നിനോയിലും സമാനമായ ഒരു സ്വഭാവവിശേഷം എലേനയ്ക്ക് അനുവപ്പെട്ടിരുന്നു. അവർക്കു രണ്ടു പേർക്കും ആരുടെയും എന്തിന്റെയും സഹായം ആവശ്യമില്ല എന്ന ചിന്തയുണ്ടായിരുന്നു. ലൈല എഴുതിയ ഒരു കത്തിനെ കുറിച്ച് എലേന വിശദമായി പ്രതിപാദിക്കുന്നുണ്ട്. അഞ്ചു പുറങ്ങളുള്ള ആ കത്തിൽ, ലൈല അവളോട് നേരിട്ടു സംവദിക്കുന്നത് പോലെ എലേനയ്ക്ക് തോന്നിയിരുന്നു. എലേനയുടെ പതിനഞ്ചാം ജന്മദിനത്തിൽ ലഭിച്ച അമൂല്യസമ്മാനമായിരുന്നു ലൈലയുടെ കത്ത്. We were girls,even if we imagined ourselves wickedly daringഎന്ന എലേനയുടെ വാക്കുകൾ ശ്രദ്ധിക്കേണ്ടതാണ്. ലിംഗപരമായ അധികാരത്തിന്റെ അദൃശ്യയിഴകൾ അവളുടെ ജീവിതത്തിൽ പടർന്നുകിടക്കുന്നതിന്റെ സൂചന ഈ വാക്കുകളിലുണ്ട്. ലൈലയുടെ ലോകവുമായി ചേർത്തു പിടിച്ചു കൊണ്ടു തന്റെ പരിതഃസ്ഥിതികളെ എലേന താരതമ്യം ചെയ്യാൻ ശ്രമിക്കാറുണ്ടായിരുന്നു. ഉപരിപ്ലവമായ ഉപദേശങ്ങൾ മാത്രമേ അവർക്കു നൽകാൻ എലേനയുടെ പക്കലുണ്ടായിരുന്നുള്ളു. ലൈലയുമായി തട്ടിച്ചു നോക്കുമ്പോൾ എലേനയുടെ ഭംഗിയില്ലായ്മയും കാഴ്ചക്കുറവും അവളെ അലട്ടിയിരുന്നു. എന്നാൽ വിദ്യാഭ്യാസത്തിലൂടെ ഈ കുറവുകൾ നികത്താനാവുമെന്നു അവൾ കരുതി.

ജീവിതമെന്ന കെട്ടുകാഴ്ചയെ മുന്നോട്ടു നയിക്കാൻ ചില കൈത്താങ്ങുകൾ ആവശ്യമാണ്. മറിച്ചാണെങ്കിൽ ഒറ്റപ്പെടുന്ന സന്ദർഭങ്ങൾ മാത്രമേ ജീവിതത്തിലുണ്ടാവൂ.ബന്ധങ്ങൾക്കൊന്നിനും കൃത്യമായ ചതുരങ്ങളില്ല. എവിടെയും വിരിയുന്ന ഏതൊരു പൂവും പോലെയാണത്. അവയുടെ സൗന്ദര്യം അവ തന്നെയാണ്എന്നു മാനസിയുടെ ചതുരങ്ങൾ എന്ന കഥയിലെ കഥാപാത്രമായ അച്ഛൻ പറയുന്നുണ്ട്. ഏതാണ്ടിതേ വിചാരത്തിലൂടെയാവും എലേനയും കടന്നു പോയതെന്ന് ഉറപ്പാണ്. ലൈല എന്ന പൂവിന്റെ വിവിധ ദശകൾ അനുസരിച്ചു വിരിയുകയും വാടുകയും ചെയ്തിരുന്ന ജീവിതമായിരുന്നു എലേനയുടേത്. ഇങ്ങനെ സ്ത്രീജീവിതത്തിന്റെ തീക്ഷ്ണലോകത്തിനെ പ്രതിനിധീകരിക്കുന്ന നിയോപൊളിറ്റൽ നോവലുകൾ ഗാർഹികപീഡനത്തിന്റെയും, മാതൃത്വത്തിന്റെയും, വിവാഹമോചനത്തിന്റെയും അധ്യായങ്ങൾ കൂടെ പ്രതിപാദിക്കുന്നുണ്ട്. ഇങ്ങനെ സ്ത്രീകളുടെ ജീവിതത്തിലെ പ്രശ്നരിതമായ മുഹൂർത്തങ്ങളെ സൂക്ഷ്മമായി അവതരിപ്പിക്കുകയാണ് ഫെറാന്റെ.

2

എലേന ഫെറന്റെ എന്ന എഴുത്തുകാരി അജ്ഞാതയായി കഴിയാനാണ് താൽപര്യപ്പെടുന്നത്. അതിനാൽ തന്നെ ഇപ്പോഴും അവരുടെ യഥാർത്ഥ സ്വത്വം പുറംലോകത്തിനറിയില്ല. ഫെറാന്റെയെ സാഹിത്യലോകം ഇറ്റലിയിലെ ആലീസ് മൻറോ എന്ന് വിശേഷിപ്പിച്ചു കാണാറുണ്ട്. സാഹിത്യത്തിനുള്ള രണ്ടായിരത്തിപതിമൂന്നിലെ നോബൽ സമ്മാനം ലഭിച്ച കഥാകൃത്തായ മൻറോയുടെ കഥകളെല്ലാം തന്നെ സാമാന്യ ജീവിതപരിസരങ്ങളെ സ്പർശിക്കുന്നവയാണ്. നോവലിന്റെ വലിപ്പത്തിൽ കഥകൾ എഴുതിയിരുന്ന മൻറോയുടെ കഥകളിലെ സംഭവങ്ങൾ തമ്മിൽ ചേർന്നു കിടക്കുന്നു എന്നു പറയാ നാവില്ല. സ്ത്രീപുരുഷ ബന്ധത്തെ



# ഔഷധ സുഗന്ധമാർന്ന ജീവിതം — ഡോ. പി.കെ.വാരിയർ (1921–2021)



ശാസ്ത്രീയമായി പഠിക്കണം.' യുക്തിപരമായ ഇ.എം.എസ്സിന്റെ സമീപനം കൃഷ്ണന് ഇഷ്ടപ്പെട്ടു. ആയുർവ്വേദം പഠിക്കാൻ തന്നെ തീരുമാനിച്ചു.

1940ൽ കോട്ടയ്ക്കൽ ആയുർവ്വേദ കോളജിൽ ചേർന്നു. 'അഷ്ടാംഗഹൃദയ'ത്തിലൂടെയും 'ചരകസംഹിത'യിലൂടെയും കടന്നുപോയ കൃഷ്ണന്റെ ചിന്തയിൽ ഇന്ത്യൻ ദേശീയതയും സ്വാതന്ത്ര്യസമരവും ഇടം പിടിച്ചു. അതൊരാവേശമായി. 1942ലെ ക്വിറ്റ് ഇന്ത്യ സമരം അതിനു വഴിയൊരുക്കി. പഠിപ്പു മുടക്കി തെരുവിലിറങ്ങിയ വിദ്യാർത്ഥികൾക്കൊപ്പം കൃഷ്ണനും കൂടി. ആ യാത്ര കൃഷ്ണനെകൊണ്ടെത്തിച്ചത് കമ്യൂണിസത്തിലേക്കാണ്. ഒളിവിൽ കഴിയുന്ന നേതാക്കൾക്ക് രഹസ്യസന്ദേശം എത്തിക്കുക എന്നതായിരുന്നു പ്രധാന ചുമതല. കുടുംബം വീണ്ടും അസ്വസ്ഥതയിലായി. കൃഷ്ണനെ തിരിച്ചുവിളിക്കാൻ ആലോചനയായി. പഠനം തുടർന്നില്ലെങ്കിലും ജീവിതം വഴിമാറിപ്പോകരുതെന്ന് ആഗ്രഹിച്ചു. എന്നാൽ കൃഷ്ണനെ തിരിച്ചുവിളിക്കാൻ അമ്മാവൻ തയ്യാറായില്ല, അങ്ങനെ ആഗ്രഹിച്ചുവെങ്കിലും. 'വിളിച്ചാൽ വന്നില്ലെങ്കിൽ അത് അയാൾക്കും എനിക്കും ബുദ്ധിമുട്ടാവും. അതു വേണ്ട, അയാൾ തനിയെ വരട്ടെ' എന്നായി. തനിക്ക് സഹായിയായി തീരേണ്ട അനുജൻ പാർട്ടി പ്രവർത്തകനായതിൽ ജ്യേഷ്ഠൻ മാധവവാരിയരും ആകുലപ്പെട്ടു.

> **. 'അഷ്ടാംഗഹൃദയ'ത്തിലൂടെയും 'ചരകസംഹിത'യിലൂടെയും കടന്നുപോയ കൃഷ്ണന്റെ ചിന്തയിൽ ഇന്ത്യൻ ദേശീയതയും സ്വാതന്ത്ര്യസമരവും ഇടം പിടിച്ചു. അതൊരാവേശമായി. 1942ലെ ക്വിറ്റ് ഇന്ത്യ സമരം അതിനു വഴിയൊരുക്കി. പഠിപ്പു മുടക്കി തെരുവിലിറങ്ങിയ വിദ്യാർത്ഥികൾക്കൊപ്പം കൃഷ്ണനും കൂടി. ആ യാത്ര കൃഷ്ണനെകൊണ്ടെത്തിച്ചത് കമ്യൂണിസത്തിലേക്കാണ്. ഒളിവിൽ കഴിയുന്ന നേതാക്കൾക്ക് രഹസ്യസന്ദേശം എത്തിക്കുക എന്നതായിരുന്നു പ്രധാന ചുമതല. കുടുംബം വീണ്ടും അസ്വസ്ഥതയിലായി. കൃഷ്ണനെ തിരിച്ചുവിളിക്കാൻ ആലോചനയായി. പഠനം തുടർന്നില്ലെങ്കിലും ജീവിതം വഴിമാറിപ്പോകരുതെന്ന് ആഗ്രഹിച്ചു.**

അനുജൻ മഞ്ചേരിയിലെ പാർട്ടി ക്യാമ്പിലുണ്ടെന്നറിഞ്ഞ പി.എം. മാധവ വാരിയർ നാടക മാനേജരായിരുന്ന ശൂലപാണിയെ കൃഷ്ണനെ കൂട്ടിക്കൊണ്ടു വരുവാനായി പറഞ്ഞുവിട്ടു. എന്താ ഇങ്ങനെ, വൈദ്യശാല നോക്കി നടത്താനും ജ്യേഷ്ഠനെ സഹായിക്കുകയും അല്ലേ വേണ്ടത്. 'വൈദ്യശാല നോക്കാൻ തന്നെയാണ് പുറത്തു വന്നത്. ഫാസിസ്റ്റുകൾ ബോംബിട്ടു നശിപ്പിച്ചാൽ എന്താണ് അവശേഷിക്കുക? അതുകൊണ്ടാണ് ഞാൻ ഈ സാഹസത്തിനു മുതിർ ന്നത്'. മറുപടിയൊന്നും പറയാനാകാതെ ശൂലപാണി മാധവ വാരിയരുടെ അടുക്കലെത്തി. 'കൃഷ്ണൻ എന്നെ തോല്പിച്ചു കളഞ്ഞു.' ഗാന്ധിയനായ ജ്യേഷ്ഠനും എന്തു പറയണമെന്നറിയില്ലായിരുന്നു. സജീവ രാഷ്ട്രീയമല്ല തന്റെ ദൗത്യമെന്ന തിരിച്ചറിവ് ഉണ്ടായതിനെ തുടർന്ന് കൃഷ്ണൻ പഠനം പുനരാരംഭിച്ചു.

1944 ജനുവരി 30ന് വൈദ്യരത്നം പി.എസ്. വാരിയർ അന്തരിച്ചു. അദ്ദേഹത്തിന്റെ കാലത്തു തന്നെ ആര്യവൈദ്യശാല ഒരു ട്രസ്റ്റായി രജിസ്റ്റർ ചെയ്തു ഭാവികാല പ്രവർത്തനങ്ങൾ ഒസ്യത്തിലൂടെ പ്രാബല്യത്തിൽ വരുത്തിയിരുന്നു.

ദരിദ്രരായ രോഗികൾക്ക് യാതൊരു പ്രതിഫലവും വാങ്ങാതെ ചികിത്സ നൽകണമെന്നും അത്യാവശ്യം വേണ്ട ശസ്ത്രക്രിയയ്ക്ക് ഒരു ഇംഗ്ലീഷ് വൈദ്യന്റെ സഹായം സ്വീകരിക്കണമെന്നതുൾപ്പെടെയുള്ള പല കാര്യങ്ങളും ഒസ്യത്തിൽ രേഖപ്പെടുത്തിയിരുന്നു. ആദ്യ ട്രസ്റ്റ് ബോർഡിൽ 'താവഴിയിലെ അംഗ'മായി പി.എം മാധവവാരിയർ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഇരുപത്തിനാലാം വയസ്സിൽ പി. മാധവ വാരിയർ കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ ട്രസ്റ്റീ ബോർഡിൽ അംഗമായി.

1944 ജനുവരി 30ന് വൈദ്യരത്നം പി.എസ്.വാരിയർ നിര്യാതനായി. പി. മാധവവാരിയർ ആര്യവൈദ്യശാലയുടെ മാനേജിങ് ട്രസ്റ്റിയായി. പത്തുവർഷം മാത്രമെ ചുമതല വഹിക്കുവാൻ കഴിഞ്ഞുള്ളു. ഇദ്ദേഹത്തിന്റെ കാലത്ത് പുതിയ ബ്രാഞ്ചുകൾ ഉണ്ടായി. ആര്യവൈദ്യശാല ആധുനികരീതിയിലേക്കു വളരുവാൻ ഇക്കാലം സഹായകമായി.

പഠനം പൂർത്തിയായതോടെ 1947ൽ 'അടുക്കള' എന്നു പേരുള്ള ആര്യവൈദ്യശാലയുടെ ഫാക്ടറിയിൽ മാനേജരായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1953ൽ പി.മാധവ വാരിയർ വിമാന അപകടത്തിൽ മരിച്ചതിനെത്തുടർന്ന് പി.കെ.വാരിയർ ആര്യവൈദ്യശാലയുടെ സാരഥ്യം ഏറ്റെടുത്തു.

പി.കെ. വാരിയരുടെ നേതൃത്വത്തിലാണ് കോട്ടയ്ക്കലിന് പെരുമ കൈവന്നത്. ആയുർവ്വേദത്തെ ശാസ്ത്രീയമായി പരിഷ്കരിച്ചു എന്നതായിരുന്നു ആ കീർത്തിയുടെ പിന്നിലെ പ്രയത്നം. ഗവേഷണത്തിനും ശാസ്ത്രീയമായ മരുന്നു നിർമ്മാണത്തിനും അവസരമൊരുക്കി. ആയിരത്തിലധികം ഔഷധസസ്യങ്ങൾ വച്ചു പിടിപ്പിച്ചു. സെന്റർ ഫോർ മെഡിസിനൽ പ്ലാന്റ് റിസർച്ച് എന്ന ആശയമായിരുന്നു അതിലൂടെ പ്രാവർത്തികമായത്. നഴ്സിങ് ഹോം, ആയുർവ്വേദ കോളജ്, ക്ലിനിക്കൽ ലബോറട്ടറി, ധർമാശുപത്രിയിലെ അലോപ്പതി ശാഖ എന്നിവയെല്ലാം ആധുനീകരിച്ചു. പൈതൃകം അവകാശപ്പെട്ട് പഴമയുടെ ലേബലുകളെ മാറ്റി നവീനതയുടെ ശാസ്ത്രീയത ആവിഷ്കരിച്ചു. ധർമ്മാശുപത്രിയിൽ അലോപ്പതി ശാഖയും റിസർച്ച് വാർഡും ആരംഭിച്ചു. ചിട്ടകളും നിഷ്ഠകളും പരിപാലിച്ചു. പുതിയ അറിവുകളെ സ്വാംശീകരിച്ചു. കഷായങ്ങൾ ഗുളികകളാക്കി. കൈകൊണ്ട് ഉരുട്ടിയെടുത്ത ഗുളികകൾ യന്ത്രത്തിലൂടെ നിർമ്മിച്ചെടുത്തു. പല മരുന്നുകളും ടാബ്‌ലറ്റുകളാക്കി. നൂറു കണക്കിന് ബ്രാഞ്ചുകളും ആശുപത്രികളും സ്ഥാപിച്ചു. ആയുർവ്വേദത്തെ ജനകീയമാക്കി.

സസ്യങ്ങളെ ജീവിതപങ്കാളിയായി കരുതിയ പി.കെ.വാരിയരുടെ പേരിലും ഒരു സസ്യം അറിയപ്പെടുന്നു. കണ്ണൂർ ജില്ലയിലെ ആറളം വന്യജീവി സങ്കേതത്തിൽ നിന്നും കണ്ടെത്തിയ ഈ സസ്യം അക്കാന്തേസിയയിലെ ജിംനോസ്റ്റാക്കിയം ജനുസ്സിൽ പെട്ടതാണ്. ഡോ.പ്രഭുകുമാറിന്റെയും ഡോ.ഇന്ദിരാ ബാലചന്ദ്രന്റെയും നേതൃത്വത്തിലുള്ള ഗവേഷണസംഘമാണ് ഈ സസ്യം കണ്ടെത്തിയത്. കോട്ടയ്ക്കൽ ആര്യവൈദ്യശാലയിലെ ഗവേഷകരായ ഇവർ തങ്ങളുടെ ഗുരുനാഥനുമായി ബന്ധപ്പെടുത്തി നാമകരണം ('ജിംനോസ്റ്റാക്കിയം വാരിയദാനം') ചെയ്തു.

1976ൽ ആര്യവൈദ്യസമാജം പിരിച്ചുവിടുകയും ആയുർവ്വേദ കോളജിന്റെ നടത്തിപ്പ് 'കേരള ആയുർവ്വേദ സ്റ്റഡീസ് ആന്റ് റിസേർച്ച് സൊസൈറ്റി' എന്ന പുതിയ പേരിൽ പുനഃസ്ഥാപിച്ചു. ഗവൺമെന്റ് നോമിനിയായി അഞ്ചു പേരും ആര്യവൈദ്യശാല ട്രസ്റ്റ് ബോർഡ് നോമിനികളായി അഞ്ചു പേരും കൂടി ഉൾപ്പെടുന്ന പത്തു പേരിലാണ് ഇതിന്റെ ചുമതല. കേരളത്തിലെ ആരോഗ്യവകുപ്പ് മന്ത്രി ഭരണസമിതിയുടെ ചെയർമാനും ആര്യവൈദ്യശാലാ മാനേജിംഗ് ട്രസ്റ്റി വൈസ് ചെയർമാനുമാണ്. കോളജിന്റെ പേര് വൈദ്യരത്നം പി.എസ്. വാരിയർ ആയുർവ്വേദ കോളജ് എന്നാക്കി.

അർബുദ രോഗികൾക്കായി പ്രത്യേക വിഭാഗം തുടങ്ങി. അവരുടെ കാര്യത്തിൽ പ്രത്യേക കരുതൽ നൽകി. അർബുദരോഗത്തിനടിമപ്പെട്ടായിരുന്നു പി.കെ.വാരിയരുടെ അമ്മയുടെ മരണം. അതുകൊണ്ടുതന്നെ അത്തരം രോഗാവസ്ഥയുടെ മാനസികതലവും കുടുംബാന്തരീക്ഷത്തിൽ അതു സൃഷ്ടിക്കുന്ന മാനസിക സംഘർഷവും അനുഭവിച്ച വ്യക്തി എന്ന നിലയിൽ അത്തരം രോഗികളുടെ ചികിത്സയിൽ പൂർണ്ണ ശ്രദ്ധ നൽകിയിരുന്നു.

**കോട്ടയ്ക്കലിന്റെ പ്രശസ്തി**

കോട്ടയ്ൽ ഒരു പ്രദേശമായിരുന്നുവെങ്കിലും അവിടം പ്രസിദ്ധമായത് വൈദ്യശാലയിലൂടെയാണ്. ലോകഭൂപടത്തിൽ ഭാരതത്തിന്റെ പാരമ്പര്യചികിത്സയ്ക്ക് ആധുനിക വൈദ്യശാസ്ത്രത്തിനോടൊപ്പം തന്നെ പ്രാധാന്യമുണ്ടെന്ന് ലോകത്തെ ബോധ്യപ്പെടുത്തിയത് കോട്ടയ്ക്കൽ ആര്യവൈദ്യശാലയാണ്. രാഷ്ട്രതലവന്മാരും അദ്ധ്യാത്മിക നേതാക്കളും ഇവിടെ ചികിത്സക്കായി എത്തിയതോടെ കോട്ടയ്ക്കലിന്റെ കീർത്തി അതിരുകൾ കടന്നു.

ഇന്ത്യൻ രാഷ്ട്രപതി വി.വി.ഗിരി ചികിത്സയ്ക്കായി 1970ൽ കോട്ടയ്ക്കലിലെത്തി. ഒരു മാസക്കാലം കോട്ടയ്ക്കൽ 'കൈലാസമന്ദിരം' അദ്ദേഹത്തിന്റെ താല്ക്കാലിക രാഷ്ട്രപതി ഭവനായിരുന്നു. മന്ദിരമുറ്റത്ത് ദിവസവും ത്രിവർണ്ണപതാക ഉയർത്തി സല്യൂട്ട് സ്വീകരിച്ച ആ കാഴ്ച കോട്ടയ്ക്കലിന്റെ പ്രശസ്തി വർദ്ധിപ്പിച്ചു. ചികിത്സ കഴിഞ്ഞ് മടങ്ങുമ്പോൾ മാധ്യമങ്ങളുടെ ചോദ്യത്തിനു മറുപടിയായി വി.വി.ഗിരി പറഞ്ഞത് 'പത്തുവയസ്സു കുറഞ്ഞതുപോലെ തോന്നുന്നു' എന്നാണ്. ഈ ഒരു പ്രസ്താവം കോട്ടയ്ക്കലിനെ അമ്പതുവർഷം മുന്നോട്ടു നയിക്കുവാനുള്ള പ്രചോദനമായി.



ആയുർവ്വദത്തിൽ കാൻസറിന് മരുന്നുണ്ടോ എന്നു ചോദിക്കുന്നവരുണ്ട്. 'ഒന്നു ശ്രമിച്ചുകൂടേ...' എന്നായിരിക്കും മറുപടി. ശരീരത്തിനു ദോഷം ഉണ്ടാക്കാത്ത ഈ ചികിത്സാരീതി പരീക്ഷണാർത്ഥം ഉപയോഗിച്ചവരുമുണ്ട്. കാൻസറുള്ള നാവ് മുറിക്കണമെന്നു പ്രശസ്ത ഡോക്ടർ നിർദ്ദേശിച്ചു എന്നു പറഞ്ഞു വന്ന രോഗി ചികിത്സകഴിഞ്ഞ് നാവു മുറിക്കാതെ മടങ്ങിയ അനുഭവം ഫലമുണ്ടോ എന്ന ചോദ്യത്തിനുള്ള ഉത്തരമായിരുന്നു. ഫലമുണ്ടായ ഒട്ടുവളരെപ്പേരുണ്ട്. ഫലിക്കാതെപോയവരുമുണ്ട്. പൂവാം കുരുന്നില ചേർത്ത ചികിത്സയിലൂടെ വയറ്റിലെ മുഴ കരിഞ്ഞ അനുഭവമുണ്ട്. ശ്വാസകോശാർബുദവുമായി വന്ന ഡോക്ടർക്ക് കുറച്ചുകാലം കൂടി

➲6

## ജൂലൈ

### ജനനം

01 കുറ്റിപ്പുഴ കൃഷ്ണപിള്ള (1900)
വി.കെ.നാരായണഭട്ടതിരി (1880)
പി.മനോഹനൻ (1953)
02 സി.എൽ.ആന്റണി (1913)
കിളിമാനൂർ രമാകാന്തൻ (1938-2009)
03 കെ.എൻ.ദാമോദരൻ (1909)
എം.ശേഷഗിരിപ്രഭു (1855)
05 പി.സി.കോരുത് (1910)



06 തായാട്ട് ശങ്കരൻ (1926-1985)
07 ടി.ആർ.നായർ (1907)
08 എം.ആർ.ബി (1908)
09 കടത്തനാട്ട് ഉദയവർമരാജ (1865)
പൗലോസ് മാർ ഗ്രിഗോറിയോസ് (1922)
12 കെ.ബാലകൃഷ്ണൻ (1924)
13 പി.എസ്.അനന്തനാരായണശാസ്ത്രി (1895)
ഡോ.പി.കെ.ആർ.വാര്യർ (1921-2011)
14 ഏകലവ്യൻ (മാത്യു കെ.എം) 1936-2012
എ.വി.ശ്രീകണ്ഠപ്പൊതുവാൾ (1910)
15 പി.എ.മുഹമ്മദ് കോയ (1922)
18 പി.നരേന്ദ്രനാഥ് (1934)
19 പി.കൃഷ്ണപിള്ള (1906-1948)
20 രാജീവ്ഗാന്ധി (1944)
ഡോ.ടി.ഭാസ്കരൻ (1920-2010)



21 ബ്രഹ്മാനന്ദ ശിവയോഗി (1852)
എ.ഡി.ഹരിശർമ്മ (1893)
ആഗമാനന്ദൻ (1896)
22 സഹോദരൻ അയ്യപ്പൻ (1889)
ജി.കുമാരപിള്ള (1923)
കൈക്കുളങ്ങര രാമവാര്യർ (1832)
പ്രൊഫ.എസ്.ഗുപ്തൻനായർ (1919-2006)
23 കെ.പി.നാരായണപിഷാരോടി (1909-2003)
25 ഡോ.കെ.ഭാസ്കരൻനായർ (1913)
പ്രൊഫ.കെ.പി.അപ്പൻ 1936-2008



26 ചെറുകാട് (ഗോവിന്ദപിഷാരോടി) 1914
സി.ആർ.കേശവൻവൈദ്യൻ (1904)
28 വെട്ടം മാണി (1921)
കുറ്റിപ്പുറത്ത് കേശവൻനായർ (1982)
31 കോവുണ്ണി നെടുങ്ങാടി (1830)





**1947 ആഗസ്റ്റ് 13**
തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ചേരുന്നതായുള്ള പ്രമാണത്തിൽ ചിത്തിര തിരുനാൾ മഹാരാജാവ് ഒപ്പുവച്ചു. സ്വാതന്ത്ര്യം പ്രമാണിച്ച് സംസ്ഥാനത്തുനിന്ന് മദിരാശി സർക്കാർ ആറായിരത്തി എഴുനൂറ് തടവുകാരെ വിട്ടയച്ചു. ഇതിൽ 209 പേർ കമ്യൂണിസ്റ്റ് തടവുകാരായിരുന്നു.

**1947 ആഗസ്റ്റ് 14**
കൊച്ചിയിൽ ഉത്തരവാദ ഭരണം ഏർപ്പെടുത്തിക്കൊണ്ട് നിയമസഭയ്ക്ക് കൊച്ചി മഹാരാജാവ് സന്ദേശമയച്ചു. അരമനക്കാര്യം, ദേവസ്വം, പോലീസ് ജയിൽ, പട്ടാളം എന്നിവയൊഴിച്ച് മറ്റെല്ലാ വകുപ്പുകളും ജനകീയ മന്ത്രിമാരുടെ ഭരണത്തിന് വിട്ടുകൊടുത്തിരിക്കുന്നതായി സന്ദേശത്തിൽ പറയുന്നു. അവസാനത്തെ ദിവാൻ കെ.പി.കരുണാകരമേനോൻ രാജിവച്ചു.
ഇന്ത്യൻ ഇൻഡിപ്പെൻഡൻസ് ആക്ട് അനുസരിച്ചുള്ള ഇന്ത്യ, പാകിസ്ഥാൻ എന്നിങ്ങനെ രണ്ടു രാജ്യങ്ങൾ നിലവിൽ വന്നു. പാക്കിസ്ഥാൻ സ്വതന്ത്ര രാജ്യമായി. മൗണ്ട് ബാറ്റൺ പ്രഭു ഉദ്ഘാടനം നിർവ്വഹിച്ചു.

**ആഗസ്റ്റ് 15**
ആഗസ്റ്റ് 14ന് രാത്രി 12 മണിക്ക് ബ്രിട്ടീഷുകാരിൽ നിന്ന് ഇന്ത്യ സ്വതന്ത്രാധികാരം ഏറ്റുവാങ്ങി.
പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള ഒന്നാമത്തെ സ്വതന്ത്ര ഇന്ത്യൻ ഡൊമിനിയൻ മന്ത്രിസഭ അധികാരമേറ്റു. നെഹ്റു റേഡിയോ പ്രഭാഷണത്തിലൂടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഭരണഘടനാ നിർമ്മാണസഭാ യോഗത്തിൽ മൗണ്ട് ബാറ്റൺ പ്രസംഗിച്ചു.

**ആഗസ്റ്റ് 16**
ഇന്ത്യാ- പാക്കിസ്ഥാൻ വിഭജനത്തെ തുടർന്ന് വിഭജിക്കപ്പെട്ട പ്രദേശങ്ങളിൽ നിന്ന് ജനങ്ങൾ മാറാൻ തുടങ്ങി. വൻ തോതിൽ ഹിന്ദു- മുസ്ലീം കലാപം പൊട്ടിപ്പുറപ്പെട്ടു.
പാക്കിസ്ഥാൻ കാശ്മീരിൽ ആക്രമണം നടത്തി. കാശ്മീരിന്റെ ചില ഭാഗങ്ങൾ പാക്കിസ്ഥാൻ കൈവശപ്പെടുത്തി.

**ആഗസ്റ്റ് 18**
ആഗസ്റ്റ് 15ന്റെ സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ നിന്ന് വിട്ടുനിന്ന ഗാന്ധിജി വർഗ്ഗീയാസ്വാസ്ഥ്യം നിലനിൽക്കുന്ന കൽക്കത്തയിൽ മുസ്ലീങ്ങളുടെ പെരുന്നാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.

### ചരമം

01 ടി.രാമലിംഗംപിള്ള 1880
എം.ആർ.ഡി.ദത്തൻ 2006
കെ.എം.മാത്യു (1917-2010)
02 റഹ്മാൻ വാടാനപ്പള്ളി (1945-2011)
വി.ദക്ഷിണാമൂർത്തി (1919-2013)



03 ചിന്മയാനന്ദ സമാധി
ആർ.രാമചന്ദ്രൻ (1923-2005)
കാവാലം നാരായണക്കുറുപ്പ് (1929-2006)
04 പോൾ ചിറയ്ക്കരോട് (2008)
05 നൂറനാട് ഹനീഫ (1935-2006)
06 എസ്.കെ.പൊറ്റെക്കാട്ട് (1913-1982)
ഭരത് മുരളി (1954-2009)
07 കുട്ടമത്ത് കുന്നിയൂർ കുഞ്ഞുക്കൃഷ്ണക്കുറുപ്പ് (1880-1943)
09 കെ.സുരേന്ദ്രൻ (1922-1997)
11 പകൽക്കുറി ഗോപിനാഥൻ നായർ (1938-1996)
ഡോ.ടി.ഭാസ്കരൻ (1929-2010)
രാമചന്ദ്രൻ വടക്കേടത്ത് (1928-2012)



13 ഞെരളത്ത് രാമപ്പൊതുവാൾ (1916-1996)
നിർമ്മലാനന്ദയോഗി (1925-2007)
14 വള്ളംകുളം പി.ജി.പിള്ള (1926-1998)
15 എൻ.പി.മന്മഥൻ (1914-1994)
കലാമണ്ഡലം കൃഷ്ണൻനായർ (1914-1990)
16 സി.അച്യുതമേനോൻ (1913-1991)
വി.എം. കുട്ടിക്കൃഷ്ണമേനോൻ (1907-1995)
ശ്രീരാമകൃഷ്ണപരമഹംസൻ (1836-1886)



17 ഡോ.സി.പി.ശിവദാസൻ (1940-2010)
18 വൈക്കത്ത് പാച്ചുമൂത്തത് (1814-1882)
പ്രൊഫ.സി.അയ്യപ്പൻ (1949-2011)
19 കടവനാട് കുട്ടിക്കൃഷ്ണൻ (1925-1992)
എ.കെ.ടി.എം.വാസുദേവൻ നമ്പൂതിരിപ്പാട് (1967)
20 കുഞ്ഞിരാമൻ മേനോൻ (എം.ആർ.കെ.സി) 1882-1939
പി.വി.കൃഷ്ണൻനായർ (1911-1973)
22 യു.ആർ.അനന്തമൂർത്തി (1932-2014)
23 ആർച്ച് ഡീക്കൻ ഉമ്മൻ (1830-1904)
വക്കം അബ്ദുൾ ഖാദർ (1912-1976)
ഡോ.അയ്യപ്പപ്പണിക്കർ (1930-2006)



24 എം.എസ്.മേനോൻ (1925-1998)
26 ടി.സി.ജോൺ (1949-2013)
27 ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി (1857-1916)
ടി.പി.ബാലകൃഷ്ണൻനായർ (1923-1993)
കെ.ടി.രാമവർമ്മ (1931-1993)
വി.എസ്.ആൻഡ്രൂസ് (1872-1969)
കെ.എസ്.നമ്പൂതിരി (1936-2008)
28 കെ.പി.ഉറുമീസ് (1913-1993)
29 വെണ്ണിക്കുളം ഗോപാലക്കുറുപ്പ് (1902-1980)
വയലാ വാസുദേവൻപിള്ള (1945-2011)



30 വിദ്വാൻ കെ.പ്രകാശം (1909-1979)
എം.എ.കൽബുർഗി (1930-2015)
31 പൂച്ചാലി ഗോപാലൻ (2000)



05 കലാകൗമുദി വാരിക തുടക്കം (1975)
06 ഹിരോഷിമ ദിനം (1945)
09 നാഗസാക്കി ദിനം (1945)
15 സ്വാതന്ത്ര്യദിനം
ചിന്താ വാരിക തുടക്കം (1963)
കുങ്കുമം വാരിക തുടക്കം (1965)
16 സമസ്ത കേരള സാഹിത്യപരിഷത്ത്
ത്രൈമാസികം തുടക്കം (1932)
17 കൊല്ലവർഷാരംഭം
സാഹിത്യഅക്കാദമി ചിത്രശാല തുടക്കം (1995)
എക്സ്പ്രസ് ദിനപത്രം തുടക്കം (1944)
18 എസ്.ടി.റെഡ്യാർ പ്രസ് തുടക്കം (1886)
20 മലബാർ കലാപം തുടക്കം (1921)
21 തിരുവോണം
23 ശ്രീനാരായണഗുരുജയന്തി
26 പൂർണ്ണാ പബ്ലിക്കേഷൻസ് തുടക്കം (1966)
28 അയ്യൻകാളി ജയന്തി, ചട്ടമ്പിസ്വാമി ജയന്തി
29 ലോക കായികദിനം
ഡി.സി.ബുക്സ് തുടക്കം (1974)
തിരുവിതാംകൂർ സർവ്വകലാശാല
കേരളസർവ്വകലാശാലയായി (1957)



# ഔഷധ സുഗന്ധമാർന്ന ജീവിതം

## – ഡോ. പി.കെ.വാരിയർ (1921 – 2021)



ആയുസ്സു നീട്ടികിട്ടാൻ 'സഹദേവ്യാദി ലേഹ്യ'വും ഗോമൂത്രവും ചേർത്തുള്ള ചികിത്സയിലൂടെ ഫലം കണ്ടു. കാൻസർ ചികിത്സയ്ക്കു 'നിലപ്പാല' നല്ലതാണെന്നു വൈദ്യമറിയാത്ത ഏട്ടത്തി ശ്രീദേവിയിൽ നിന്നാണ് പഠിച്ചതെന്ന് അദ്ദേഹം അനുസ്മരിച്ചിട്ടുണ്ട്.

**അപൂർവ്വരോഗിയായ ശിവ**

ഓസ്ട്രേലിയയിൽ ജോലി ചെയ്തിരുന്ന കല്യാൺ– രാധിക ദമ്പതിമാർക്ക് ഒരു കുഞ്ഞു പിറന്നു. 'അനങ്ങുക മാത്രം ചെയ്യുന്ന ഒരു മാംസപിണ്ഡം' എന്നു വിശേഷിപ്പിക്കാവുന്ന ഒരു കുഞ്ഞ്. അത്യപൂർവ്വമായ രോഗമുള്ള ആ കുഞ്ഞിനേയും കൊണ്ട് ദമ്പതികൾ കോട്ടയ്ക്കലിൽ എത്തി. എല്ലാ സന്ധികളുടെയും സ്ഥാനം തെറ്റി ജനിച്ച കുഞ്ഞിനെ ഡോക്ടർ പരിശോധിച്ചു. ചികിത്സ ആരംഭിച്ചു. ബലാശ്വഗന്ധാദിതൈലം തലയിലും ദേഹത്തിലും ശ്രദ്ധാപൂർവ്വം തേച്ച് പതുക്കെ തടവി കുളിപ്പിക്കാൻ നിർദ്ദേശിച്ചു. കൈകാലുകൾക്ക് ബലം കിട്ടുന്നതിന് നവരച്ചോറ് തേക്കാൻ കൂടി നിർദ്ദേശിച്ചു. ഒരു മാസം കഴിഞ്ഞപ്പോൾ കുട്ടിയിൽ മാറ്റങ്ങൾ കണ്ടു തുടങ്ങി. മൂന്നുമാസത്തെ വീട്ടിലെ ചികിത്സയ്ക്കുശേഷം ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിച്ചു. കുട്ടി സംസാരിക്കാൻ തുടങ്ങി. അതുവരെയുണ്ടായിരുന്ന അവ്യക്തത മാറി. 1994ൽ ശിവകല്യാൺ ദമ്പതികൾ ആശുപത്രി വിട്ടു. ഓസ്ട്രേലിയയിൽ എത്തിയ അവർ തുടർചികിത്സയ്ക്കായി കത്തുമുഖാന്തിരം വൈദ്യനുമായി ബന്ധപ്പെട്ടു. കവചം വച്ച നീന്തൽ, ഫിസിയോതെറാപ്പി എന്നിവയും മുറപോലെ ചെയ്തു. ചെറുപ്രായത്തിൽ തന്നെ രാഗങ്ങൾ തിരിച്ചറിഞ്ഞിരുന്ന ശിവ 1995 മുതൽ സംഗീതം അഭ്യസിച്ചു. പെരുമാറ്റ രീതിയും മറ്റും വികസിപ്പിക്കുന്ന പരിശീലനവും നൽകിക്കൊണ്ടിരുന്നു. ഫലസാധ്യത ഇല്ലായെന്നു വിധിച്ച ലോകപ്രശസ്ത കണക്ടീവ് ടിഷ്യു ഡിസോഡർ ചികിത്സകനായ പ്രൊഫ.ഡേവിഡ് സില്ലൻസ് 'അത്യദ്ഭുതം' എന്നാണ് ശിവയുടെ മാറ്റത്തെ വിലയിരുത്തിയത്. 2017ൽ അവൻ പി.എച്ച്.ഡി. എടുത്തു. മുപ്പതിലധികം അന്താരാഷ്ട്ര സെമിനാറുകളിൽ പ്രബന്ധം അവതരിപ്പിച്ചു. അമ്മയോടൊപ്പം വിവിധ രാജ്യങ്ങളിൽ കച്ചേരി അവതരിപ്പിക്കുന്നു. ഡോ.പി.കെ.വാരിയരുടെ നൂറാം ജന്മദിനത്തിൽ കല്യാൺ രാധിക ദമ്പതികൾ ആശംസ അറിയിച്ചതിലൂടെയാണ് ശിവ മാധ്യമങ്ങളിൽ ഇടം നേടിയത്.

**ഓസ്ട്രേലിയയിൽ ജോലി ചെയ്തിരുന്ന കല്യാൺ– രാധിക ദമ്പതിമാർക്ക് ഒരു കുഞ്ഞു പിറന്നു. 'അനങ്ങുക മാത്രം ചെയ്യുന്ന ഒരു മാംസപിണ്ഡം' എന്നു വിശേഷിപ്പിക്കാവുന്ന ഒരു കുഞ്ഞ്. അത്യപൂർവ്വമായ രോഗമുള്ള ആ കുഞ്ഞിനേയും കൊണ്ട് ദമ്പതികൾ കോട്ടയ്ക്കലിൽ എത്തി. എല്ലാ സന്ധികളുടെയും സ്ഥാനം തെറ്റി ജനിച്ച കുഞ്ഞിനെ ഡോക്ടർ പരിശോധിച്ചു. ചികിത്സ ആരംഭിച്ചു. ബലാശ്വഗന്ധാദിതൈലം തലയിലും ദേഹത്തിലും ശ്രദ്ധാപൂർവ്വം തേച്ച് പതുക്കെ തടവി കുളിപ്പിക്കാൻ നിർദ്ദേശിച്ചു. കൈകാലുകൾക്ക് ബലം കിട്ടുന്നതിന് നവരച്ചോറ് തേക്കാൻ കൂടി നിർദ്ദേശിച്ചു. ഒരു മാസം കഴിഞ്ഞപ്പോൾ കുട്ടിയിൽ മാറ്റങ്ങൾ കണ്ടു തുടങ്ങി.**

**കോട്ടയ്ക്കൽ പ്രസിദ്ധീകരണം**

ആയുർവ്വേദത്തെപ്പറ്റി കൂടുതൽ പേർ അറിയുന്നതിനായി 1987ൽ പ്രസിദ്ധീകരണവിഭാഗം ആരംഭിച്ചു. ഔഷധ സസ്യങ്ങൾ പഠനവിധേയമാക്കി ക്രമപ്പെടുത്തി. പച്ചമരുന്നുകളിലെ വ്യാജൻമാരെ തിരിച്ചറിയാനുള്ള ശാസ്ത്രീയ സംവിധാനമൊരുക്കി. 'ധന്വന്തരി' ആയുർവേദ മാസികയെ മൂല്യവത്താക്കി. പോപ്പുലർ ആയുർവ്വേദ സീരിസ്, സ്മരണികകൾ തുടങ്ങിയ പല പ്രസിദ്ധീകരണങ്ങളും പുറത്തിറങ്ങി. സ്മൃതിപർവ്വം പി.കെ.വാരിയരുടെ ആത്മകഥയാണ്.

**ജീവിതപങ്കാളി**

കവയത്രിയും ആട്ടക്കഥാകൃത്തുമായ മാധവിക്കുട്ടി വാരസ്യാർ ആയിരുന്നു പി.കെ.വാരിയരുടെ ജീവിതപങ്കാളി. എഴുതുന്നത് ആദ്യം വായിക്കുവാൻ പി.കെ.വാരിയർ സമയം കണ്ടെത്തിയിരുന്നു. അഭിപ്രായമറിയുവാനും ഉപദേശം സ്വീകരിക്കുവാനുമായി ബാലാമണിയമ്മ, എൻ.വി.കൃഷ്ണവാരിയർ എന്നിവരെ കാണുവാനായി കൂട്ടിക്കൊണ്ടുപോകും. 1997ൽ മാധവിക്കുട്ടി വാരസ്യാർ അന്തരിച്ചു. അവരുടെ രചനകൾ ശേഖരിക്കുന്നതിനും ആട്ടക്കഥകൾ റിക്കാർഡുചെയ്തു സൂക്ഷിക്കുന്നതിലും അദ്ദേഹം ശ്രദ്ധവെച്ചു.

**ദിനചര്യ**

രാവിലെ നാലുമണിക്ക് എഴുന്നേൽക്കും. പ്രഭാതകർമ്മങ്ങൾക്കുശേഷം 'ദേവീകവചം', 'മാർക്കണ്ഡേയ' സ്തോത്രം, 'നാരായണീയം' എന്നിവ ചൊല്ലും. പത്തായപ്പുരയിൽ നിന്നും ഇറങ്ങി അമ്മാവന്റെ സമാധി സ്ഥലത്ത് വിളക്കുകൊളുത്തി പ്രാർത്ഥിച്ചു പ്രദക്ഷിണം വയ്ക്കും. 5.50നുള്ള ആകാശവാണിയിലെ 'വന്ദേമാതരം' കേൾക്കും. എഴരയ്ക്ക് പ്രഭാതഭക്ഷണം. അതു കഴിഞ്ഞ് രോഗികളെ കാണും. ഉച്ചയ്ക്ക് ഒരുമണിയോടെ ചോറും പഴുത്ത പഴങ്ങളും ഉണങ്ങിയ പഴങ്ങളും കഴിക്കും. വിശ്രമത്തിനുശേഷം വീണ്ടും രോഗികളെ പരിശോധിക്കും. വൈകിട്ട് ചായയോ കാപ്പിയോ ലഘുഭക്ഷണത്തോടൊപ്പം കഴിക്കും. ഇളനീർ ധാരാളം കുടിക്കും. സന്ധ്യക്ക് കുളിയും പ്രാർത്ഥനയും കഴിഞ്ഞ് ഏഴരയോടെ രാത്രിഭക്ഷണം. ഗോതമ്പിന്റെ ഭക്ഷണമാണ് കൂടുതലിഷ്ടം. പത്രവായനയ്ക്കും ടി.വി.കാണലിനും സമയം കണ്ടെത്തും. രാത്രി ഉറക്കത്തിനുമുമ്പ് 'അഗസ്ത്യരസായനം' കഴിക്കും.

**കൃതികൾ**

പി.കെ.വാരിയരുടെ ആത്മകഥയാണ് സ്മൃതിപർവ്വം. കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെയും നാടിന്റെയും ചരിത്രം എഴുതുക എന്നതായിരുന്നു അതിലൂടെ അദ്ദേഹം നിർവ്വഹിച്ച ദൗത്യം. ടിപ്പുവിന്റെ പടയോട്ടവും മലബാർ കലാപവും അതിൽ ഇടം പിടിച്ചു. അക്കാലത്താണല്ലോ അദ്ദേഹം ജനിച്ചതും. പ്രബന്ധങ്ങളുടെയും പ്രസംഗങ്ങളുടെയും സമാഹാരമാണ് 'പാദമുദ്രകൾ'.

**ഇതര പ്രവർത്തനങ്ങൾ**

ലക്ഷക്കണക്കിന് ആളുകൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന ധർമ്മാശുപത്രി കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ മുഖമുദ്രയാണ്. കോട്ടയ്ക്കലിനെ ഒരു ധർമ്മസ്ഥാപനമാക്കി മാറ്റുന്നതും ഈ പതിതസേവനത്തിലൂടെയാണ്.

വൈദ്യരത്നം പി.എസ്. വാരിയരുടെ മറ്റൊരു സംരംഭമായിരുന്നു പരമശിവവിലാസം നാടകക്കമ്പനി. 1908ൽ ആരംഭിച്ച മലയാള സംഗീത നാടകയോഗത്തോടെയാണ് അതിന്റെ തുടക്കം. പിറ്റേവർഷം അത് നാടകക്കമ്പനിയായി. കലാപോഷണത്തോടൊപ്പം കലാകാരന്മാരുടെ കുടുംബം പ്രാരാബ്ധരഹിതമായിരിക്കണം എന്ന കാഴ്ചപ്പാടിൽ നിന്നുമാണ് ഇതുണ്ടാകുന്നത്. 1939ൽ നാടകക്കമ്പനി പി.എസ്.വി. നാട്യസംഘമായി മാറി. നൃത്തത്തിലും കഥകളിയിലും വ്യുല്പത്തിയില്ലാത്തവർക്ക് പരിശീലനം നൽകി ഓഫീസ് ജോലികൾ കൊടുത്തു പരിരക്ഷിച്ചു.

നാട്യസംഘത്തിലൂടെ ചൊല്ലിയാടിയവർക്കും കൊട്ടിപ്പാടിയവർക്കും വളർന്നുവരുവാനുള്ള സാഹചര്യമുണ്ടായി. പട്ടിക്കാംതൊടി രാവുണ്ണി മേനോൻ, കുഞ്ചുക്കുറുപ്പ്, കോപ്പൻ നായർ, കവളപ്പാറ നാരായണൻ നായർ, വാഴേങ്കട കുഞ്ചുനായർ (വേഷം), വെങ്കിടകൃഷ്ണ ഭാഗവതർ, നിലകണ്ഠ നമ്പീശൻ, ഉണ്ണിക്ക്യഷ്ണക്കുറുപ്പ് (പാട്ട്), മൂത്തമന നമ്പൂതിരി (ചെണ്ട), വെങ്കിച്ചൻ സ്വാമി (മദ്ദളം) എന്നിവർ സംഘത്തിലെ അംഗങ്ങളായിരുന്നു. നഷ്ടം നേരിട്ടാൽപോലും നാടകസംഘം നിലനിർത്തണം എന്നത് വൈദ്യരത്നത്തിന്റെ ഒസ്യത്തായിരുന്നു. പി.എസ്.വാരിയർ അത് എല്ലാ അർത്ഥത്തിലും പാലിച്ചു.

കോട്ടയ്ക്കൽ കൃഷ്ണൻകുട്ടിനായർ, കോട്ടയ്ക്കൽ ശിവരാമൻ (സ്ത്രീവേഷം), ശംഭു എമ്പ്രാന്തിരി, പച്ചയിൽ ചന്ദ്രശേഖരവാരിയർ, മുരളി (ചു



വന്ന താടി), കുട്ടൻമാരാർ (ചെണ്ട), ശിഷ്യൻ അച്യുണ്ണിപ്പൊതുവാൾ, ചന്ദ്രമന്നാടിയാർ, തൃത്താലകേശവൻ, പൂക്കാട്ടിരി ദിവാകരപ്പൊതുവാൾ, മഞ്ചേരി ശങ്കുണ്ണി (മദ്ദളം), പാലൂര് അച്യുതൻ നായർ (മദ്ദളം), വാസു നെടുങ്ങാടി (പാട്ട്), മേക്കര നാരായണൻ (ചുട്ടിക്കും കോപ്പിനും) തുടങ്ങിയവർ നാട്യസംഘത്തിലൂടെയാണ് പെരുമ വളർത്തിയത്.

കലാകാരന്മാർക്ക് അവസരം നൽകുന്നതിന് വിശ്വംഭര ക്ഷേത്രോത്സവം അവസരമൊരുക്കി. അഞ്ചുദിവസത്തെ ഉത്സവമാണ് അവിടെ നടക്കുന്നത്. ഈ അഞ്ചുദിവസവും പരമാവധി കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ടാണ് പരിപാടികൾ അവതരിപ്പിക്കുന്നത്. ഈ പ്രവർത്തന രീതി തന്നെയാണ് രക്ഷാധികാരിമാരായ മാധവവാരിയരും വാരിയരും നിർവ്വഹിച്ചത്. ➲8

## കൃതി അകവും പുറവും

# ഒഴുക്കിനെതിരെ

### പ്രൊഫ. റവ.കെ.സി.മാത്യുവിന്റെ ജീവിതയാത്ര

സി.എസ്.എസ്.ബുക്ക്സ് തിരുവല്ല.   വില: 200 രൂപ







**റവ.ഡോ.മാത്യു പി. ഇടിക്കുള**
(റോയി ചിക്കാഗോ)

ജനനം മദ്ധ്യകേരളത്തിലെ കോടുകുളഞ്ഞിയിൽ (വല്യതോട്ടത്തിൽ പവ്വത്തുവടക്കേതിൽ). മാവേലിക്കര ബിഷപ്പ് മൂർ കോളജിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം. ഉപരിപഠനാർത്ഥം നോർത്ത് അമേരിക്കയിൽ എത്തിച്ചേർന്നു. ബിസിനസ്സ്, കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയത്തിൽ പഠനം. ഏതാണ്ട് അരനൂറ്റാണ്ടുകാലമായി അവിടെ സ്ഥിരതാമസം.

നോർത്ത് അമേരിക്കയിലേക്ക് ദക്ഷിണേന്ത്യയിൽ നിന്നുള്ള ആദ്യകാല കുടിയേറ്റക്കാരിൽ ഒരാളായ ഇദ്ദേഹം ദക്ഷിണേന്ത്യ സഭാംഗങ്ങളുടെ ആത്മീയ, സാമൂഹിക, സാംസ്കാരിക വളർച്ചയ്ക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ സജീവം.

ലൂഥറൻ സ്കൂൾ ഓഫ് തിയോളജി അറ്റ് ചിക്കാഗോയിൽ നിന്നും (LSTC) തിയോളജിയിൽ ബിരുദാനന്തര പഠനവും ഗവേഷണവും. ചിക്കാഗോ എപ്പിസ്കോപ്പൽ (ആംഗ്ലിക്കൻസഭ) ഇടവകയിലെ അറിയപ്പെടുന്ന ഒരു പട്ടക്കാരനായ അദ്ദേഹം വിരമിച്ച ശേഷവും പ്രീസ്റ്റ്, ചാപ്ലേൻ, കൗൺസിലർ എന്നീ നിലകളിലുള്ള പ്രവർത്തനം തുടരുന്നു. ഒപ്പം എപ്പിസ്കോപ്പൽ ഏഷ്യാ മിനിസ്ട്രി സൗത്ത് ഏഷ്യൻ വിഭാഗത്തിന്റെയും ചുമതലയും വഹിക്കുന്നു. ഇംഗ്ലീഷിലും, മാതൃഭാഷയായ മലയാളത്തിലും ഇതിനോടകം ഒട്ടനവധി ലേഖനങ്ങളും ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചു.

സഹധർമ്മിണി ഡോ.മിസ്സിസ് എലിസബേത്ത് മാത്യു (ലളിത) കൊച്ചുകളീക്കൽ കുടുംബാംഗമാണ്. മിസ്റ്റർ മാത്യു പി. ഇടിക്കുള ജൂനിയർ, മിസ്സിസ്സ് മറിയം സ്ലീമാൻ, ഡോ.കുര്യൻ പി.മാത്യു എന്നിവരാണ് മക്കൾ.

> മാവേലിക്കരയുടെ വിദ്യാഭ്യാസമേഖലയിൽ നവ്യോദയമായ ബിഷപ് മൂർ കോളജിന്റെ സ്ഥാപക പ്രിൻസിപ്പലായ റവ.കെ.സി.മാത്യുവിന്റെ ജീവിതവും ദർശനവും അടയാളപ്പെടുത്തുന്ന കൃതി. അദ്ധ്യാപകൻ, സംഘാടകൻ, വിദ്യാഭ്യാസവിചക്ഷണൻ പ്രസാധകൻ എന്നീ നിലകളിലുള്ള പ്രൊഫ.കെ.സി. മാത്യുവിന്റെ പ്രയത്നശീലത്തെ വസ്തുനിഷ്ഠമായും ഹൃദ്യമായും അവതരിപ്പിക്കുവാൻ റവ.ഡോ.മാത്യു പി.ഇടുക്കുളയ്ക്ക് കഴിഞ്ഞിരിക്കുന്നു. ചിന്തയുടെ സൂക്ഷ്മതകൊണ്ടും അവതരണത്തിലെ സ്ഥൂലതകൊണ്ടും മികവാർന്ന ജീവചരിത്രഗ്രന്ഥം

## മാവേലിക്കര ബിഷപ്പ് മൂർ കോളജ്

1957–64 കാലഘട്ടം കേരളത്തിൽ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളുടെ നാളുകളായിരുന്നു. ഇ.എം.ശങ്കരൻനമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ വന്ന കേരളത്തിലെ ആദ്യത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭയിൽ വിദ്യാഭ്യാസ മന്ത്രിയായിരുന്ന പ്രൊഫസർ ജോസഫ് മുണ്ടശ്ശേരിയാണ് അതിനു തുടക്കം കുറിക്കുന്നത്. ആ കാലങ്ങളിലെ കേരള ഗവൺമെന്റ് വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളുടെ ഭാഗമായാണ് സ്കൂളുകളിൽ അധ്യയനവർഷം വെട്ടിച്ചുരുക്കുന്നതും, ഒരു വർഷം മാത്രം ദൈർഘ്യമുണ്ടായിരുന്ന പ്രീ-യൂണിവേഴ്സിറ്റി കോഴ്സുകൾ നിർത്തലാക്കുന്നതും അതുമൂലം അദ്ധ്യയനവർഷങ്ങളിൽ വന്ന കുറവു നികത്തുവാൻ ഡിഗ്രിക്കു മുൻപുള്ള ക്ലാസ്സുകൾ പ്രീ-ഡിഗ്രി എന്ന പേരിൽ രണ്ടു വർഷമാക്കി കോളജിന്റെ ഭാഗമായി കൂട്ടിച്ചേർക്കുന്നതും. സെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞുവരുന്ന കുട്ടികളെ ഉൾക്കൊള്ളുവാൻ പ്രാദേശിക തലത്തിൽ വേണ്ടത്ര കോളജുകളോ നിലവിലുള്ള കോളജുകളിൽ വേണ്ടത്ര സ്ഥല സൗകര്യങ്ങളോ കുറവായിരുന്നതിനാൽ കുട്ടികളുടെ സൗകര്യാർത്ഥം കേരളത്തിലുടനീളം ജൂനിയർ കോളജുകൾ തുടങ്ങുവൻ കേരളത്തിൽ തുടർന്ന് അധികാരത്തിൽ വന്ന കോൺഗ്രസ്സ് മന്ത്രിസഭയാണ് അനുമതി നൽകുന്നത്. ആർ.ശങ്കർ ആയിരുന്നു കേരളമുഖ്യമന്ത്രി. പിന്നീടുള്ള കോളജ് ഭരണപരിഷ്ക്കാരങ്ങൾ അദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു.

1964ലിലാണ് കേരള ഗവൺമെന്റ് കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ജൂനിയർ കോളജുകൾക്ക് അംഗീകാരം നൽകുന്നത്. മദ്ധ്യകേരളത്തിൽ ആലപ്പുഴ ജില്ലയിൽ മുസ്ലീം, ഈഴവ, ക്രിസ്ത്യൻ സമുദായങ്ങൾക്ക് അനുവദിച്ച കായംകുളം, നങ്ങ്യാർകുളങ്ങര, ചെങ്ങന്നൂർ, മാവേലിക്കര എന്നീ കോളജുകൾ ആ കൂട്ടത്തിൽ ഉൾപ്പെടും. സി.എസ്.ഐ മദ്ധ്യകേരള മഹായിടവകയ്ക്ക് മാവേലിക്കരയിൽ കോളജ് തുടങ്ങുവാൻ കടമ്പകൾ ഏറെ കടക്കേണ്ടിവന്നു. ദക്ഷിണേന്ത്യാ സഭയ്ക്ക് (സി.എസ്.ഐ) ഏറെ വേരോട്ടമുള്ള മദ്ധ്യകേരളത്തിൽ ഗവൺമെന്റ് അനുമതി ലഭിക്കുമെന്നായപ്പോൾ ആദ്യം അവകാശവാദവുമായി മുന്നോട്ടു വന്നത് മാവേലിക്കരയിലെ നായർ സർവ്വീസ് സൊസൈറ്റിയും (എൻ.എസ്.എസ്) മദ്ധ്യകേരളത്തിലെ ഇതര ക്രിസ്ത്യൻ മാനേജ്മെന്റുകളും ആയിരുന്നു. അവരുമായുള്ള തർക്കം ഏറെക്കുറെ പരിഹരിച്ചു കഴിഞ്ഞപ്പോൾ മദ്ധ്യകേരളത്തിലെ സി.എസ്.ഐ. മാനേജ്മെന്റിന്റെ കീഴിൽ എവിടെയാണ് കോളജ് തുടങ്ങുക എന്നതായി ആലോചന. ഒടുവിൽ മദ്ധ്യകേരള മഹായിടവക ബിഷപ്പ് എം.എം.ജോൺ തിരുമേനിയുടെ ഇടപെടൽ മൂലം മല്ലപ്പള്ളിയെ മറികടന്ന് മാവേലിക്കര എന്നു തീരുമാനിക്കുകയായിരുന്നു. മാവേലിക്കരയിൽ എവിടെയാണ് കോളജിനു സൗകര്യപ്രദമായ സ്ഥലം എന്ന കാര്യത്തിലും എളുപ്പത്തിൽ തീരുമാനമെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. അതിന് ഏറെ സമയം ചെലവഴിക്കേണ്ടിവന്നു. സി.എസ്.ഐ മദ്ധ്യകേരള മഹായിടവകയ്ക്ക് അന്നു മാവേലിക്കരയിലും ചുറ്റുപാടുമുള്ള പ്രദേശങ്ങളിലെ വിവിധ സ്ഥലസൗകര്യങ്ങളും അവയുടെ സാധ്യതകളും വിശദമായി വിശകലനം ചെയ്തശേഷം ഒടുവിൽ കല്ലുമല സി.എസ്.ഐ. സെന്റ് പോൾസ് ചർച്ചിനോടനുബന്ധിച്ചുള്ള സ്ഥലമാണ് കോളജിന് ഏറ്റവും അനുയോജ്യം എന്നു തീരുമാനിക്കുകയായിരുന്നു. സെന്റ് പോൾസ് സി.എസ്.ഐ. ചർച്ചിന് അവിടെയുണ്ടായിരുന്ന സ്ഥലസൗകര്യത്തിനു പുറമേ ഭാവിയിൽ കോളജ് വികസനത്തിന് ഏറെ സാധ്യതകളും അവിടെ നിലനിന്നിരുന്നു.

മാവേലിക്കരയിൽ നിന്ന് ഏതാണ്ട് രണ്ടു മൈൽ ഉള്ളിലായി സ്ഥിതി ചെയ്യുന്ന കല്ലുമല എന്ന ഗ്രാമപ്രദേശം മാവേലിക്കര നിവാസികൾക്കുപോലും അത്ര സുപരിചിതമോ പല രീതിയിലും സൗകര്യപ്രദമോ ആയിരുന്നില്ല. കല്ലുമലയിൽ ആ കാലത്തെ ആകെയുള്ള വികസനം അതുവഴി കടന്നു പോകുന്ന മീറ്റർ ഗേജ് റെയിൽപാതയും, അപൂർവ്വമായി അതിലൂടെ കടന്നു വരുന്ന, ട്രെയിനിൽ എത്തിച്ചേരുന്ന യാത്രക്കാരും, മാവേലിക്കര റയിൽവേ സ്റ്റേഷനും മാത്രമായിരുന്നു.

അന്ന് മാവേലിക്കര സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ച് വികാരിയായിരുന്ന റവ. സി.ഐ. ഏബ്രഹാം സി.എസ്.ഐ മദ്ധ്യകേരള മഹായിടവകയിലെ പ്രധാന വൈദികരിൽ ഒരാളായിരുന്നു. സി.എസ്.ഐ മദ്ധ്യകേരള മഹായിടവകയ്ക്ക് ഒരു കോളജ് ലഭ്യമാക്കുവാനും, അതു മാവേലിക്കരയിൽ തന്നെ തുടങ്ങുവാനും സി.ഐ. ഏബ്രഹാം അച്ചന്റെ സമയോചിത ഇടപെടലുകളും അകമഴിഞ്ഞ പരിശ്രമങ്ങളും ഏറെ പ്രശംസനീയമായിരുന്നു. അച്ചന്റെ നേതൃത്വത്തിൽ കോളജിന്റെ തുടക്കത്തിൽ മാവേലിക്കര സി.എസ്.ഐ ക്രൈസ്റ്റ് ചർച്ച് ഇടവക ചെയ്ത എല്ലാ പ്രവർത്തനങ്ങളും, സഹായ സഹകരണങ്ങളും ഏറെ ഉപകാരപ്രദമായിരുന്നു.

അക്കാലത്ത് മാവേലിക്കര ക്രൈസ്റ്റ് ചർച്ചിന് അടുത്തുള്ള കല്ലുമല സെന്റ് പോൾസ് സി.എസ്.ഐ ചർച്ച് മാവേലിക്കര സി.എസ്.ഐ ക്രൈസ്റ്റ് ചർച്ചിന്റെ ഉപസഭകളിലൊന്നായിരുന്നു. കല്ലുമല സി.എസ്.ഐ ചർച്ചിന്റെ കൈക്കാരൻ പൗലോസ് സാറിന്റെ നേതൃത്വത്തിൽ കോളജിന്റെ തുടക്കത്തിനും, ആദ്യകാല പ്രവർത്തനങ്ങൾക്കും സെന്റ് പോൾസ് സി.എസ്.ഐ ചർച്ച് ചെയ്ത എല്ലാ സഹായ സഹകരണങ്ങളും കോളജിന്റെ മുടക്കം കൂടാതെയുള്ള പ്രവർത്തനങ്ങൾക്ക് ഏറെ സഹായകമായിരുന്നു എന്നുള്ളതിന് സംശയമില്ല.

## കോളജ് പ്രിൻസിപ്പൽ

1951 മുതൽ 1964 വരെയുള്ള പതിമൂന്നു വർഷക്കാലം കോട്ടയം സി.എം. എസ് കോളജിൽ ഒരു ഉത്തമ അദ്ധ്യാപകനായും കുട്ടികളുടെ ഇടയിൽ, അവരുടെ ആവശ്യാനുസരണം പ്രവർത്തിക്കുന്ന ഒരു നല്ല ചാപ്ലെയ്നായും തിളങ്ങിയ കെ.സി.മാത്യു അച്ചന്റെ നേതൃത്വപാടവവും അന്നത്തെ സി.എസ്.ഐ. മദ്ധ്യകേരള മഹായിടവക മാനേജ്മെന്റും അതിനോടകം അംഗീകരിച്ചു എന്നു വേണം കരുതുവാൻ. അതിനുള്ള പ്രതിഫലവും ഒട്ടും അപ്രതീക്ഷിതമായിരുന്നില്ല.

സി.എസ്.ഐ.മദ്ധ്യകേരള മഹായിടവക മാവേലിക്കയിൽ ആരംഭിച്ച ജൂനിയർ കോളജിന് ചുക്കാൻ പിടിക്കുന്നത് ആരായിരിക്കണം എന്നുള്ളതായി പിന്നീടുള്ള ആലോചനകൾ. ഒരു കോളജ് തുടങ്ങുവാൻ വേണ്ട പരിചയമോ, സാമ്പത്തിക ഭദ്രതയോ മദ്ധ്യകേരള മഹായിടവകയ്ക്ക് ഉണ്ടായിരുന്നില്ല. ഒന്നുമില്ലായ്മയിൽ നിന്നു പെട്ടെന്ന് ഒരു കോളജ് വാർത്തെടുക്കുക ആരാലും അത്ര എളുപ്പമായിരുന്നില്ല. അതിനുള്ള ഉത്തരം തേടിയാണ് മഹായിടവക ബിഷപ്പ് എം.എം.ജോൺ തിരുമേനി കെ.സി മാത്യു അച്ചനെ ബിഷപ്പ് ഹൗസിലേക്ക് വിളിപ്പിക്കുന്നതും, കേരള ഗവൺമെന്റ് മഹായിടവകയ്ക്ക് മാവേലിക്കരയിൽ അനുവദിച്ച കോളജിന്റെ ചുക്കാൻ പിടിക്കുവാൻ ആവശ്യപ്പെടുന്നതും. ബിഷപ്പിന്റെ ആവശ്യം ഒട്ടും യാദൃശ്ചികമായിരുന്നില്ല. അന്ന് അതിന് അദ്ദേഹത്തിന് മതിയായ കാരണങ്ങളുമുണ്ടായിരുന്നു.

സി.എം.എസ് കോളജിലെ അറിയപ്പെട്ട ഒരദ്ധ്യാപകനായും കുട്ടികളുടെ ഇടയിൽ സ്വാധീനമുള്ള ഒരു കോളജ് ചാപ്ലെയ്ൻ ആയും അതിലുപരി ഒരു നല്ല സംഘാടകനും, ചുറുചുറുക്കുമുള്ള ഒരു യുവ വൈദികനുമായിരുന്ന കെ.സി.മാത്യു അച്ചൻ സി.എം.എസ്. കോളജിലെ അദ്ധ്യാപകവൃത്തിക്കും പുറമേ കോളജിനകത്തും പുറത്തുമുള്ള വിവിധ സംഘടനാ പ്രവർത്തനങ്ങളുടെ ചുമതലകളും വഹിച്ചിരുന്നു.

സ്വാഭാവികമായും ബിഷപ് എം.എം.ജോൺ തിരുമേനി, മദ്ധ്യകേരള മഹായിടവക ഭരണസമിതിയോടും സി.എം.എസ്.കോളജ് പ്രിൻസിപ്പൽ പി.സി. ജോസഫ് സാർ ഉൾപ്പെടെ മഹായിടവക നേതൃത്വത്തിൽ പലരോടും തന്റെ തീരുമാനം ആലോചിച്ചിട്ടുണ്ടാവണം എന്നുവേണം കരുതുവാൻ.

അന്നത്തെ കോളജ് മാനേജർ ബിഷപ് എം.എം.ജോൺ തിരുമേനി മഹായിടവകയ്ക്ക് അനുവദിച്ച പുതിയ കോളജിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ കെ.സി.മാത്യു അച്ചനോടാവശ്യപ്പെടുമ്പോൾ മറുപടിക്കായി ഏതാണ്ട് രണ്ടാഴ്ചക്കാലം മാത്രമാണ് നൽകിയത്. ബിഷപ്പിന്റെ ആവശ്യം യുവവൈദികനായ കെ.സി.മാത്യു അച്ചനെ അക്ഷരാർത്ഥത്തിൽ ധർമ്മസങ്കടത്തിലാക്കി എന്നു തോന്നുന്നു.

ഭാരതത്തിലെ ആദ്യത്തെ കോളജായ കോട്ടയം സി.എം.എസ്. കോളജ് കേരളത്തിലെ അന്നത്തെ പേരുകേട്ട ഒന്നാംകിട കോളജുകളിലൊന്നായിരുന്നു. അവിടുത്തെ അദ്ധ്യാപക ജോലിയും ഒരുപക്ഷേ ഭാവിയിൽ അവിടത്തെ തന്നെ പ്രിൻസിപ്പൽ സ്ഥാനവും, അതുവരെ നേടിയെടുത്ത സ്ഥാനമാനങ്ങളും വ്യക്തിബന്ധങ്ങളും തുടങ്ങി സ്വന്തം കുടുംബം പോലും കോട്ടയത്ത് ഉപേക്ഷിച്ച് പരിചിതമല്ലാത്ത മാവേലിക്കര എന്ന സ്ഥലത്ത് തുടക്കം കുറിക്കുന്ന ഒരു ജൂനിയർ കോളജിന്റെ പ്രിൻസിപ്പൽ എന്ന പേരിൽ കാത്തിരിക്കുന്ന ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ കെ.സി.മാത്യു അച്ചന് ഏറെ ആലോചിക്കേണ്ടിവന്നു. (കൃതിയിൽ നിന്നും)



# ഔഷധ സുഗന്ധമാർന്ന ജീവിതം
## — ഡോ. പി.കെ.വാരിയർ (1921 – 2021)



### സഞ്ചാരങ്ങൾ

ഇന്ത്യയിലും വിദേശങ്ങളിലുമായി ഒട്ടേറെ രാജ്യങ്ങളിൽ സഞ്ചരിച്ചു. സെമിനാറുകളിൽ പങ്കെടുത്ത് പ്രബന്ധം അവതരിപ്പിക്കുക എന്നതായിരുന്നു ഓരോ യാത്രയുടെയും ലക്ഷ്യം. മോസ്കോ ആയുർവ്വേദ സെമിനാർ, ന്യൂയോർക്ക് ഭാരതീയ വിദ്യാഭവൻ ആയുർവ്വേദ സമ്മേളനം എന്നിവയിൽ പങ്കെടുത്തു. 1989ൽ ഇറ്റലിയും 1996ൽ റഷ്യയും സന്ദർശിച്ചു. 2003ൽ ലണ്ടനിൽ നടന്ന ഗ്ലോബൽ മീറ്റിൽ പങ്കെടുത്തു.

**ആയൂർ വ്വേദം ഒരു ചികിത്സാരീതി എന്നതിനപ്പുറം അതൊരു ജനതയുടെ സാംസ് കാരിക പൈതൃകം കൂടിയാണെന്ന തിരിച്ചറിവാണ് കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ അന്യൂതതയുടെ പ്രേരകം. ഡോ.പി.കെ.വാരിയുടെ വിയോഗത്തെ തുടർന്ന് സഹോദരീപുത്രൻ ഡോ.പി.എം.വാരിയരാണ് ഇപ്പോഴത്തെ സാരഥി. 2002ൽ ചാരിറ്റബിൾ ഹോസ്പിറ്റലിൽ മ്യൂസിയം തുടങ്ങിയെങ്കിലും അതൊരു രാജ്യന്തരനിലവാരത്തിലുള്ള മ്യൂസിയമാക്കി മാറ്റുവാനുള്ള ലക്ഷ്യത്തോടെയാണ് ഡോ.പി.എം. വാരിയിൽ ആര്യവൈദ്യശാലയുടെ മാനേജിംഗ് ട്രസ്റ്റിയായി ചുമതലയേറ്റത്.**

### പുരസ്കാരങ്ങൾ

1990ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു. 'വിശ്വപൗരൻ' എന്നാണ് രാഷ്ട്രപതി കെ.ആർ.നാരായണൻ പുരസ്കാരം നൽകിക്കൊണ്ട് പി.കെ.വാരിയരെ അനുമോദിച്ചത്. 2010ൽ പതിഭാ പട്ടേലിൽ നിന്നും പദ്മഭൂഷണും സ്വീകരിച്ചു.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയും മഹാത്മഗാന്ധി സർവ്വകലാശാലയും ഡി.ലിറ്റ് നൽകി ആദരിച്ചു. കോപ്പൻഹേഗനിലെ മെഡിസിനൽ ആൾട്ടർനേറ്റീവ് 1987ൽ എം.ഡിയും എം.എയും നൽകി. 1985ൽ നാഷണൽ അക്കാദമി ഫെലോഷിപ്പ് നൽകി. ദേശീയ ആയുർവേദ സമ്മേളനം ഡോ.പി.കെ.വാരിയരെ 'ആയുർവേദമഹർഷി'യായി തെരഞ്ഞെടുത്തു. കാഠ്മണ്ഡുവിലെ ഭൂപാൻ സിങ് കർക്കി പുരസ്കാരം, ദ പയനിയർ ഓഫ് ഹെൽത്ത് 2000, വിജയവാഡ ആയുർവേദ അക്കാദമിയുടെ ആദിസമ്മാൻ, കേരള മാനേജ്മെന്റ് അസോസിയേഷന്റെ മാനേജ്മെന്റ് ലീഡർഷിപ്പ്, കോഴിക്കോട് റോട്ടറി ക്ലബ് പുരസ്കാരം, ചില്ല പ്രതിഭാ പുരസ്കാരം, മുംബൈയിലെ ധന്വന്തരി ഫൗണ്ടേഷന്റെ ധന്വന്തരി പുരസ്കാരം, പൗലോസ് മാർ ഗ്രിഗോറിയോസ് പുരസ്കാരം തുടങ്ങിയ ഒട്ടേറെ പുരസ്കാരരങ്ങളും അവാർഡുകളും ലഭിച്ചു.



### സ്ഥാനമാനങ്ങൾ

ഏഷ്യൻ പാരമ്പര്യ ഔഷധ ഗവേഷണ സംഘത്തിന്റെ വൈസ് പ്രസിഡന്റായി രണ്ടു തവണ തെരഞ്ഞെടുക്കപ്പെട്ടു. രാജ്യത്തെ ആയുർവ്വേദ ഡോക്ടർമാരുടെ സംഘടനയായ ഓൾ ഇന്ത്യ ആയുർവ്വേദിക് കോൺഗ്രസിന്റെ പ്രസിഡന്റായും രണ്ടു തവണ സേവനം ചെയ്തു. സി.സി.ആർ.എ.എസ് ശാസ്ത്ര ഉപദേശകസമിതി അംഗം, കേന്ദ്ര ആയുർവ്വേദ അക്കാദമിയുടെ അഞ്ചു നോമിനേറ്റഡ് അംഗങ്ങളിലൊരാളായിരുന്നു.

### സൗഹൃദങ്ങൾ

ചികിത്സാർത്ഥം എത്തിയ ഒട്ടുവളരെപ്പേരുടെ സുഹൃത്തായി പി.കെ.വാരിയർ മാറി. എഴുത്തും ചിന്തയുമൊക്കെ നഷ്ടപ്പെടുമെന്ന തോന്നലാണ് എം.ടി. വാസുദേവൻ നായരെ കോട്ടയ്ക്കലിലെത്തിച്ചത്. ആയുർവ്വേദത്തിന്റെ വികാരം സാംസ്കാരിക സാമൂഹിക മുന്നേറ്റത്തിന്റെ ഭാഗമാണെന്നു അദ്ദേഹം അഭിപ്രായപ്പെടുന്നു. ഓരോ തവണ കർക്കടകത്തിൽ വന്നുപോകുമ്പോഴും തനിക്കൊരു പുതിയ കഥാബീജം ലഭിച്ചിരുന്നുവെന്ന് സിനിമ സംവിധായകൻ ജയരാജ് പറയുന്നു. 'കരുണം', 'ശാന്തം', 'തിളക്കം', 'ഒറ്റാൽ' തുടങ്ങിയ ചി ത്രകൾക്കു പിന്നിലെ ചിന്തയെ ഉണർത്തി യത് ഇവിടുത്തെ വാസക്കാലത്തായിരുന്നു. 'ചികിത്സാനീതിയെപ്പറ്റി ഇത്രയേറെ മാനവികമായി ചിന്തിച്ച വൈദ്യശ്രേഷ്ഠൻ വേറെയില്ല' എന്ന പക്ഷമാണ് സാറാ ജോസഫിനുള്ളത്. 'മരുന്ന് എന്നപോലെ, കാരുണ്യ വും കലയും രോഗനിവാരണത്തിനുതകുമെന്ന വിശ്വാസത്തിന്റെ പ്രതീകം' എന്നാണ് സി.രാധാകൃഷ്ണന്റെ വിലയിരുത്തൽ.



വിജയലക്ഷ്മി പണ്ഡിറ്റിന്റെ മകൾ നയനതാരാ സെഹ്ഗ, വി.എസ്.അച്യുതാനന്ദൻ, ജയപ്രകാശ് നാരായണൻ, പാണക്കാട്ട് ശിഹാബ് തങ്ങൾ, ഇ.ബാലാനന്ദൻ, നടൻ സുനിൽ ദത്ത്, ശെമ്മാങ്കുടി ശ്രീനിവാസൻ, കാർട്ടൂണിസ്റ്റ് ശങ്കർ, മുൻ പ്രധാനമന്ത്രി ദേവഗൗഡ, എം.പി.വീരേന്ദ്രകുമാർ എന്നു തുടങ്ങി ആ പട്ടിക നീളുന്നു. ഗസൽ ഇതിഹാസം മെഹ്ദി ഹസ്സനെ ചികിത്സിച്ച ഒരു സന്ദർഭത്തിൽ പി.കെ.വാരിയർ തന്റെ മനസ്സ് തുറന്നു. 'ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യം ഈ കാലത്ത് ജീവിക്കാൻ കഴിഞ്ഞതാണ്. അതുകൊണ്ടാണ് എം.എസിനെയും (സുബ്ബലക്ഷ്മി) ശെമ്മാങ്കുടിയെയും ചെമ്പൈയെയും ഭീംസെൻ ജോഷിയെയും ലാൽഗുഡിയെയും കേൾക്കാൻ കഴിഞ്ഞത്. പല്ലാവൂർ അപ്പുമാരാരെയും തൃത്താലകേശവനെയും ആലിപ്പറമ്പ് ശിവരാമപ്പൊതുവാളെയും കോട്ടയ്ക്കൽ കുട്ടൻമാരാരെയും ഒരുപോലെ കേൾക്കാൻ കഴിഞ്ഞു. പട്ടിക്കാം തൊടിയുടെയും വാഴേങ്കടയുടെയും വേഷങ്ങൾ കണ്ടു. വലിയ ഭാഗ്യമാണ്.' കലയേയും കലാകാരന്മാരേയും ഒരുപോലെ ബഹുമാനിച്ചു സ്നേഹിച്ച ഒരു വൈദ്യൻ മലയാളത്തിൽ ഇല്ലായെന്നു തന്നെ പറയാം.

### ജീവിതാന്ത്യം

താൻ ഒരു മഹാവൈദ്യനെന്ന് ഒരിക്കൽപ്പോലും പറയുകയോ ഭാവിക്കുകയോ ചെയ്യാത്ത വ്യക്തി. മുൻഗാമികൾ 'നട്ടുവളർത്തിയ തോട്ടത്തിന്റെ കാവൽക്കാരൻ' മാത്രമാണ് താനെന്നാണ് അദ്ദേഹം സ്വയം വിശേഷിപ്പിച്ചത്. തന്റെ ജീവിതത്തെ അദ്ദേഹം മൂന്നു കർമ്മകാണ്ഡങ്ങളായി തിരിച്ചു. വലിയമ്മാവനായ പി.എസ്.വാരിയർ, കവിഗുരുവായ പി.വി.കൃഷ്ണവാരിയർ, സഹോദരൻ ഡോ.മാധവവാരിയർ എന്നിവരുടെ പരിലാളനയിലാണ് പി.കെ.വാരിയുടെ കർമ്മരംഗം ശോഭനമായത്.

പി.കെ.വാരിയരുടെ നൂറാം ജന്മദിനം ജൂൺ 8ന് ആഘോഷിച്ചു. പരശതം രോഗികൾക്ക് ആശ്വാസത്തിന്റെ തണലായി മാറിയ ദുരിതമാരിയായ കോവിഡ് വൈറസിനെയും സ്വീകരിക്കേണ്ടിവന്നു. ചികിത്സയെ തുടർന്ന് വിശ്രമത്തിൽ കഴിയവെ ശ്വാസ തടസ്സത്തെതുടർന്ന് 2021 ജൂലൈ 10ന് ആയുർവേദാചാര്യൻ ഡോ.പി.കെ.വാരിയർ അന്തരിച്ചു.

മനുഷ്യരാശിയുടെ തന്നെ നിലനില്പിന് പ്രകൃതിയുമായി ഇണങ്ങുന്ന ചികിത്സാരീതി ലോകത്തിനു മുന്നിൽ ശാസ്ത്രീയമായി അവതരിപ്പിച്ച മഹാവൈദ്യനായിരുന്നു പി.കെ.വാരിയർ.

### കോട്ടയ്ക്കൽ ആര്യവൈദ്യശാല ഒരനുസ്യൂതപ്രവാഹം

വൈദ്യരത്നം പി.എസ്.വാരിയർ തുടങ്ങിവച്ച പ്രയത്നം പിൻമുറക്കാരിലൂടെ ആരോഗ്യപരിപാലമേഖലയിൽ സജീവമായി തുടരുന്നു. ആയൂർവ്വേദം ഒരു ചികിത്സാരീതി എന്നതിനപ്പുറം അതൊരു ജനതയുടെ സാംസ്കാരിക പൈതൃകം കൂടിയാണെന്ന തിരിച്ചറിവാണ് കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ അന്യൂതതയുടെ പ്രേരകം. ഡോ.പി.കെ.വാരിയുടെ വിയോഗത്തെ തുടർന്ന് സഹോദരീപുത്രൻ ഡോ.പി.എം.വാരിയരാണ് ഇപ്പോഴത്തെ സാരഥി. 2002ൽ ചാരിറ്റബിൾ ഹോസ്പിറ്റലിൽ മ്യൂസിയം തുടങ്ങിയെങ്കിലും അതൊരു രാജ്യന്തര നിലവാരത്തിലുള്ള മ്യൂസിയമാക്കി മാറ്റുവാനുള്ള ലക്ഷ്യത്തോടെയാണ് ഡോ.പി.എം.വാരിയിൽ ആര്യവൈദ്യശാലയുടെ മാനേജിംഗ് ട്രസ്റ്റിയായി ചുമതലയേറ്റത്.




വളരെ നല്ല ഒരു കാര്യമായി കാണുന്നു. മൻ കി ബാത്ത് സാകാരാത്മകതയുടെയും സംവേദനശീലത്തിന്റെയും മാധ്യമമാണ്. മൻ കി ബാത്തിൽ നാം ക്രിയാത്മ കമായ കാര്യങ്ങളാണ് പറയുന്നത്. കൂട്ടായ്മയിൽ നിന്നുണ്ടാകുന്ന സവിശേ ഷത ഇതിനുണ്ട്. സർഗാത്മക ചിന്താഗതികളും നിർദ്ദേശങ്ങളും നൽകുന്ന നമ്മുടെ യുവാക്കളുടെ ക്രിയാത്മകത എന്നിൽ സന്തോഷം ഉളവാക്കുന്നു. മൻ കി ബാത്ത് മുഖേന എനിക്ക് യുവാക്കളുടെ മനസ്സ് അറിയാനുള്ള അവസരം ലഭിക്കുന്നു എന്നുള്ളതും സന്തോഷകരമായ കാര്യമാണ്.

സുഹൃത്തുക്കളെ, നിങ്ങളിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ തന്നെയാണ് മൻ കി ബാത്തിന്റെ യഥാർത്ഥ ശക്തി. മൻ കി ബാത്തിൽ പ്രതിഫലിക്കുന്ന നിങ്ങളുടെ നിർദ്ദേശങ്ങൾ ഭാരതത്തിന്റെ വൈവിധ്യത്തെ പ്രകടമാക്കുന്നു. ഭാരതീയരുടെ സേവനത്തിന്റെയും ത്യാഗത്തിന്റെയും സുഗന്ധം നാലുപാടും പരത്തുന്നു. നമ്മുടെ അധ്വാനശീലരായ ചെറുപ്പക്കാരുടെ ക്രിയാത്മക ചിന്തകളിലൂടെ എല്ലാവർക്കും പ്രേരണ നൽകുകയും ചെയ്യുന്നു. മൻ കി ബാത്തിലേക്ക് നിങ്ങൾ പല ആശയങ്ങളും അയക്കുന്നു എല്ലാ കാര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്യാൻ സാധിക്കാറില്ല പക്ഷേ അവയിൽ പല ആശയങ്ങളും ഞാൻ ബന്ധപ്പെട്ട വിഭാഗങ്ങളിലേക്ക് മേൽനടപടികൾ സ്വീകരിക്കാനായി കൈമാറുന്നു.

സുഹൃത്തുക്കളെ, ഞാൻ നിങ്ങളോട് ശ്രീ സായി പ്രണീതിന്റെ പ്രയത്നങ്ങളെ കുറിച്ച് പറയാൻ ആഗ്രഹിക്കുന്നു പ്രണീത് ആന്ധ്രാപ്രദേശിലെ ഒരു സോഫ്റ്റ്വെയർ എൻജിനീയറാണ്. കഴിഞ്ഞ വർഷം മോശമായ കാലാവസ്ഥ കാരണം അവിടെയുള്ള കൃഷിക്കാർക്ക് ഏറെ കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടി വന്നത് അദ്ദേഹം കണ്ടു. വർഷങ്ങളായി കാലാവസ്ഥാ ശാസ്ത്രത്തിൽ അദ്ദേഹത്തിന് താൽപര്യമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ തന്റെ താൽപര്യവും കൃഷിക്കാരുടെ നന്മയ്ക്കായി വിനിയോഗിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഇപ്പോൾ അദ്ദേഹം വെവ്വേറെ വിവരശേഖരണത്തിലൂടെ കാലാവസ്ഥയെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ വാങ്ങുകയും അവയെ അപഗ്രഥിക്കുകയും ഒപ്പം പ്രാദേശിക ഭാഷയിൽ വിവിധ മാധ്യമങ്ങളിലൂടെ ആ അറിവുകൾ കൃഷിക്കാരിൽ എത്തിക്കുകയും ചെയ്യുന്നു. കാലാവസ്ഥാ മുന്നറിയിപ്പുകളെ കൂടാതെ ഓരോ സമയത്തെയും കാലാവസ്ഥയ്ക്ക് അനുസൃതമായി ജനങ്ങൾ എന്താണ് ചെയ്യേണ്ടത് എന്നുള്ള മാർഗ്ഗനിർദ്ദേശവും പ്രണീത് നൽകുന്നു. വെള്ളപ്പൊക്കത്തിൽ നിന്ന് രക്ഷനേടാനുള്ള മാർക്ഷങ്ങളും ഇടിമിന്നലിൽ നിന്നും രക്ഷപ്പെടേണ്ടത് എങ്ങനെയെന്നും അദ്ദേഹം ജനങ്ങൾക്ക് പറഞ്ഞുകൊടുക്കുന്നു.

**എപ്പോഴാണോ നമ്മൾ പുതിയതായി എന്തെങ്കിലും പഠിക്കുന്നത് അപ്പോൾ നമ്മുടെ മുന്നിൽ പുരോഗതിയുടെ പുതിയ പുതിയ വാതായനങ്ങൾ തുറക്കപ്പെടും. എപ്പോഴെ ങ്കിലും പഴയതിൽ നിന്നും മാറി പുതിയതായി എന്തെങ്കിലും ചെയ്യാൻ ശ്രമിച്ചാൽ മനുഷ്യത്വത്തിന്റെ പുതിയ വാതായനം തുറക്കപ്പെടും. ഒരു പുതിയ യുഗത്തിനു തുടക്കം കുറിക്കപ്പെടും. നിങ്ങൾ കണ്ടിട്ടുണ്ടാവും എപ്പോഴെങ്കിലും എവിടെയെങ്കിലും പുതിയതായി എന്തെങ്കിലും ഉണ്ടായാൽ അതിന്റെ ഫലം ഓരോരുത്തരെയും ആശ്ചര്യചകിതരാക്കും**

സുഹൃത്തുക്കളെ,

ചെറുപ്പക്കാരനായ ഈ സോഫ്റ്റ് വെയർ എൻജിനീയറുടെ പ്രയത്നം നമ്മുടെ ഹൃദയത്തെ സ്പർശിക്കുന്ന പോലെതന്നെ മറ്റൊരു സുഹൃത്ത് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നത് നമ്മെ ആശ്ചര്യപ്പെടുത്തുന്നു. ഒഡീഷയിലെ സംബൽപുർ ജില്ലയിലെ ശ്രീ ഇസാക് മുണ്ടയാണ് ആ സുഹൃത്ത്. മുമ്പ് ഇസാക് ദിവസക്കൂലിക്കാരനായി പണിയെടുത്തിരുന്ന ആളാണ്. എന്നാൽ ഇപ്പോൾ അദ്ദേഹം ഇന്റർനെറ്റിൽ അത്ഭുതങ്ങൾ സൃഷ്ടിക്കുകയാണ്. സ്വന്തം യൂട്യൂബ് ചാനലിലൂടെ അദ്ദേഹം ധാരാളം പണം സമ്പാദിക്കുന്നു. അദ്ദേഹം സ്വന്തം വീഡിയോകളിലൂടെ പ്രാദേശികമായ വിവരങ്ങൾ, പാരമ്പരാഗത ഭക്ഷണം പാകം ചെയ്യുന്ന രീതികൾ, തന്റെ ഗ്രാമം, ജീവിതരീതികൾ, കുടുംബം എന്നിവയ്ക്ക് പ്രാധാന്യം കൊടുത്ത് പ്രദർശിപ്പിക്കുന്നു. ഒഡിഷയിലെ പ്രസിദ്ധമായ ഒരു പ്രാദേശിക പാചക രീതിയുമായി ബന്ധപ്പെട്ട ഒരു വീഡിയോ പോസ്റ്റ് ചെയ്തതോടെ 2020 മാർച്ചിലാണ് യൂട്യൂബർ എന്ന നിലയിലേക്കുള്ള തന്റെ യാത്ര അദ്ദേഹം ആരംഭിച്ചത്. അപ്പോൾ മുതൽ നൂറുകണക്കിന് വീഡിയോകൾ അദ്ദേഹം പോസ്റ്റ് ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ഈ ശ്രമം പല കാരണങ്ങളാൽ ശ്രദ്ധനേടി. ഗ്രാമീണ ജീവിതശൈലിയെ കുറിച്ച് പരിമിതമായ അറിവ് മാത്രമുള്ള നഗരവാസികളെ ഇത് ഏറെ ആകർഷിച്ചു. ഇസാക്ക് മുണ്ട സംസ്കാരവും പാചകരീതിയും രണ്ടും കൂട്ടിയോജിപ്പിക്കുന്നു. നമുക്കെല്ലാം പ്രേരണയും നൽകുന്നു.

സുഹൃത്തുക്കളെ,

ടെക്നോളജിയെ കുറിച്ച് പറയുമ്പോൾ ഞാൻ ഒരു രസകരമായ വിഷയം ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നു. മദ്രാസ് ഐ ഐ ടിയിലെ പൂർവ്വ വിദ്യാർത്ഥികളാൽ സ്ഥാപിതമായ സ്റ്റാർട്ടപ് ഒരു ത്രി ഡി പ്രിന്റഡ് ഹൗസ് നിർമ്മിച്ചത് ഈയിടെ നിങ്ങൾ വായിച്ചിരിക്കും, കാണുകയും ചെയ്തിരിക്കും. ത്രി ഡി പ്രിന്റ് ചെയ്ത വീട് നിർമ്മിക്കുക, അതെങ്ങനെ സാധ്യമാകും? രാജ്യം മുഴുവനും ഇത്തരത്തിലൂള്ള നിരവധി പരീക്ഷണങ്ങൾ നടക്കുന്നുണ്ടെന്നറിയുന്നത് നിങ്ങൾക്ക് സന്തോളം നൽകുന്ന കാര്യമാണ്. ചെറിയ ചെറിയ നിർമ്മാണപ്രവർത്തനങ്ങൾക്കു പോലും വർഷങ്ങൾ എടുക്കുന്ന ഒരു സമയമുണ്ടായിരുന്നു. പക്ഷേ, ഇന്ന് ടെക്നോളജിയിലൂടെ ഭാരതത്തിന്റെ അവസ്ഥ മാറിക്കൊണ്ടിരിക്കുകയാണ്. കുറച്ച നാളുകൾക്കു മുൻപ് ഞങ്ങൾ ലോകത്തെമ്പാടുമുള്ള ഇന്നവേറ്റീവ് കമ്പനികളെ ക്ഷണിക്കാനായി ഒരു ഗ്ലോബൽ ഹൗസിംഗ് ടെക്നോളജി ചലഞ്ചിന് തുടക്കം കുറിച്ചു. ഇത് രാജ്യത്ത് തന്നെ നമ്മുടെ ഭാഗത്തുനിന്നും ഉണ്ടായ അതുല്യമായ ശ്രമമാണ്. അതുകൊണ്ടുതന്നെ നമ്മൾ ഇതിന് ലൈറ്റ് ഹൗസ് പ്രോജക്ട് എന്ന പേരും നൽകി. ഇപ്പോൾ രാജ്യത്ത് ഉടനീളം 6 വ്യത്യസ്തമായ സ്ഥലങ്ങളിൽ ലൈറ്റ് ഹൗസ് പ്രോജക്ട് രീതിയിൽ ജോലികൾ നടന്നുവരികയാണ്. ഈ ലൈറ്റ് ഹൗസ് പ്രോജക്റ്റിൽ ആധുനിക സാങ്കേതികവിദ്യയും ഭാവനാസമ്പന്നവുമായ രീതികൾ ഉപയോഗിച്ചുവരുന്നു. ഇതിലൂടെ നിർമ്മാണത്തിന്റെ സമയം കുറച്ചുകൊണ്ടുവരാൻ സാധിച്ചു. അതോടൊപ്പം നിർമ്മിക്കുന്ന വീടുകൾ കൂടുതൽ മോടിയുള്ളതും ചെലവുകുറഞ്ഞതും സൗകര്യപ്രദവുമാണ്. ഞാൻ ഇടയ്ക്ക് ഈ പ്രോജക്ടിനെ വിശകലനം ചെയ്തു. പ്രവർത്തനങ്ങളിൽ ഉണ്ടായ മികവു ലൈവ് ആയി കണ്ടു. ഇൻഡോറിലെ പ്രോജക്ടിൽ കട്ടയുടെയും സിമന്റ് തേച്ച ചുമരിന്റെയും സ്ഥാനത്ത് പ്രീ ഫാബ്രിക്കേറ്റഡ് സാൻഡ്‌വിച്ച് പാനൽ സിസ്റ്റം ഉപയോഗിച്ചു. രാജ്കോട്ടിൽ ലൈറ്റ് ഹൗസ് ഫ്രഞ്ച് ടെക്നോളജിയിലൂടെ നിർമ്മാണം നടത്തി വരുന്നു. അതിൽ ടണലിലൂടെ മോണോലിത്തിക് കോൺക്രീറ്റ് കൺസ്ട്രക്ഷൻ ടെക്നോളജി ഉപയോഗിക്കുകയാണ്. ഈ ടെക്നോളജിയിലൂടെ നിർമിക്കുന്ന വീട് ദുരന്തങ്ങളെ നേരിടാൻ കൂടുതൽ കാര്യക്ഷമമാണ്. ചെന്നൈയിൽ അമേരിക്കയുടെയും, ഫിൻലാൻഡിന്റെയും ടെക്നോളജിയും പ്രീ കാസ്റ്റ് കോൺക്രീറ്റ് സിസ്റ്റവും ഉപയോഗിക്കുന്നു. ഇതിലൂടെ കെട്ടിടം പെട്ടെന്ന് നിർമ്മിക്കാനും ചെലവ് കുറയ്ക്കാനും സാധിക്കും. റാഞ്ചിയിൽ ജർമനിയുടെ ത്രി ഡി കൺസ്ട്രക്ഷൻ സിസ്റ്റം ഉപയോഗിച്ച് വീടുകൾ നിർമ്മിക്കുന്നു. ഇതനുസരിച്ച് ഓരോ മുറിയും വെവ്വേറെ നിർമ്മിക്കുന്നു. പിന്നീട് പൂർണമായ സ്ട്രക്ചറിൽ അവയെ യോജി പ്പിക്കും. കുട്ടികൾ ബിൽഡിംഗ് സെറ്റ് എങ്ങനെയാണോ യോജിപ്പിക്കുന്നത് അതുപോലെ. അഗർത്തലയിൽ ന്യൂസിലാൻഡ് ടെക്നോളജിയിലൂടെ സ്റ്റീൽ ഫ്രെയിം ഉപയോഗിച്ച് കെട്ടിടം നിർമിക്കുന്നു. അതിലൂടെ വലിയ വലിയ ഭൂകമ്പങ്ങളെ പോലും നേരിടാൻ സാധിക്കും. അതുപോലെ ലഖ്നൗവിൽ കാനഡയുടെ ടെക്നോളജി ഉപയോഗിച്ചു വരുന്നു. അതിൽ പ്ലാസ്റ്ററും പെയിന്റും ആവശ്യമില്ല. എളുപ്പത്തിൽ വീട് നിർമ്മിക്കാൻ മുൻകൂട്ടി തയ്യാറാക്കിയ ചുവരുകൾ ആണ് ഉപയോഗിക്കുന്നത്. സുഹൃത്തുക്കളെ ഈ പ്രോജക്ടിനെ ഇൻക്യുബേഷൻ സെന്റർ പോലെ പ്രവർത്തിപ്പിക്കാനാണ് രാജ്യം ശ്രമിക്കുന്നത് ഇതിലൂടെ നമ്മുടെ പ്ലാനർമാരും ആർക്കിടെക്റ്റുകളും എൻജിനീയർമാരും വിദ്യാർത്ഥികളും പുതിയ ടെക്നോളജിയെ കുറിച്ച് മനസ്സിലാക്കുകയും പരീക്ഷിക്കുകയും ചെയ്യും. ഞാൻ ഈകാര്യങ്ങൾ യുവാക്കളുടെ മുന്നിൽ അവതരിപ്പിക്കുന്നത് എന്തിനാണെന്നാൽ നമ്മുടെ യുവസമൂഹം ടെക്നോളജിയുടെ പുതിയ പുതിയ മേഖലകളിൽ താല്പര്യമുള്ളവർ ആയി മാറട്ടെ.

പ്രിയപ്പെട്ട ദേശവാസികളെ,

നിങ്ങൾ ഇംഗ്ലീഷ് മൊഴി കേട്ടിട്ടുണ്ടാകും, ടു ലേൺ ഇ സ് ടു ഗ്രോ. അതായത് പഠനമാണ് നമ്മളെ മുന്നോട്ട് നയിക്കുന്നത്. എപ്പോഴാണോ നമ്മൾ പുതിയതായി എന്തെങ്കിലും പഠിക്കുന്നത് അപ്പോൾ നമ്മുടെ മുന്നിൽ പുരോഗതിയുടെ പുതിയ പുതിയ വാതായനങ്ങൾ തുറക്കപ്പെടും. എപ്പോഴെങ്കിലും പഴയതിൽ നിന്നും മാറി പുതിയതായി എന്തെങ്കിലും ചെയ്യാൻ ശ്രമിച്ചാൽ മനുഷ്യത്വത്തിന്റെ പുതിയ വാതായനം തുറക്കപ്പെടും. ഒരു പുതിയ യുഗത്തിനു തുടക്കം കുറിക്കപ്പെടും. നിങ്ങൾ കണ്ടിട്ടുണ്ടാവും എപ്പോഴെങ്കിലും എവിടെയെങ്കിലും പുതിയതായി എന്തെങ്കിലും ഉണ്ടായാൽ അതിന്റെ ഫലം ഓരോരുത്തരെയും ആശ്ചര്യചകിതരാക്കും. ഇപ്പോൾ ഞാൻ നിങ്ങളോട് ചോദിക്കുകയാണ് ഏതു പ്രദേശത്തെയാണ് നിങ്ങൾ ആപ്പിളുമായി ചേർത്തു പറയാൻ ആഗ്രഹിക്കുന്നത്. എനിക്കറിയാം നിങ്ങളുടെ മനസ്സിൽ ആദ്യം വരുന്ന പേരുകൾ ഹിമാചൽ പ്രദേശ്, ജമ്മു കാശ്മീർ, പിന്നെ ഉത്തരാഖണ്ഡ് ആയിരിക്കും, പക്ഷേ ഈ ലിസ്റ്റിൽ മണിപ്പൂരിനെ കൂടി ചേർക്കാൻ ഞാൻ പറഞ്ഞാൽ ഒരുപക്ഷേ നിങ്ങൾ അതിശയിച്ചു പോകും. പുതിയതായി എന്തെങ്കിലും ചെയ്യണമെന്ന് ആഗ്രഹിച്ച യുവാക്കൾ മണിപ്പൂരിൽ ഈ നേട്ടം കൈവരിച്ചു കാണിച്ചു. ഇന്ന് മണിപ്പൂരിലെ ഉഖ്രൗൽ ജില്ലയിലെ ആപ്പിൾ കൃഷി മികച്ച രീതിയിൽ നടന്നുവരുന്നു. അവിടത്തെ കർഷകർ തങ്ങളുടെ തോട്ടങ്ങളിൽ കൃഷിചെയ്യുകയാണ്. ആപ്പിൾ വിളയിക്കാൻ ഇവിടത്തുകാർ ഹിമാചലിൽ പോയി പരിശീലനവും നേടി. അതിലൊരാളാണ് ടി എം റിംഗഫാമി യംഗ്. അദ്ദേഹം ഒരു എയറോനോട്ടിക്കൽ എൻജിനീയറാണ്. അദ്ദേഹം തന്റെ ഭാര്യ ശ്രീമതി പി എസ് ഏഞ്ചലിനൊപ്പം ആപ്പിൾ വിളയിച്ചു. അതുപോലെ അവുൻഗശീ ശിംറേ അഗസ്റ്റീനയും തന്റെ തോട്ടത്തിൽ ആപ്പിൾ ഉല്പാദിപ്പിച്ചു. അവൻഗശീ ഡൽഹിയിൽ ജോലിചെയ്തുവരികയാണ്. ജോലി ഉപേക്ഷിച്ച് അവർ തന്റെ ഗ്രാമത്തിൽ തിരിച്ചെത്തി ആപ്പിൾ കൃഷി തുടങ്ങി. മണിപ്പൂരിൽ ഇന്ന് ഇതു പോലെ ധാരാളം ആപ്പിൾ കർഷകരുണ്ട്. അവരൊക്കെ തന്നെ വ്യത്യസ്തവും പുതുമയുള്ളതും ആയ കാര്യം ചെയ്തു കാണിച്ചു തന്നു.

സുഹൃത്തുക്കളെ,

നമ്മുടെ ആദിവാസി സമൂഹത്തിൽ ഇലന്തപ്പഴം വളരെ പ്രസിദ്ധമാണ്. ആദിവാസി സമുദായത്തിലെ ആളുകൾ എല്ലായിപ്പോഴും ഇലന്തപ്പഴം കൃഷി ചെയ്യുന്നവരാണ്. പക്ഷേ, കോവിഡ് 19 മഹാമാരിക്ക് ശേഷം അവരുടെ കൃഷി പ്രത്യേകിച്ചും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ത്രിപുരയിലെ ഊനാകോട്ടിയിലെ 32 വയസ്സുകാരൻ യുവ സുഹൃത്ത് വിക്രംജീത്ത് ചക്മാ അത്തരത്തിൽ ഒരാളാണ്. ഇലന്തപ്പഴത്തിന്റെ കൃഷിയിലൂടെ ലാഭം കൊയ്യാൻ അദ്ദേഹത്തിന് സാധിച്ചു. ഇപ്പോൾ അദ്ദേഹം മറ്റുള്ളവരെ ഇലന്തപ്പഴം കൃഷിചെയ്യാൻ പ്രേരിപ്പിക്കുകയാണ്. സംസ്ഥാന സർക്കാർ ഇത്തരക്കാരെ സഹായിക്കാൻ മുന്നോട്ടു വന്നിട്ടുണ്ട്. ഇലന്തപ്പഴം കൃഷി ചെയ്യുന്നവരുടെ ആവശ്യാനുസരണം സർക്കാർ അവർക്കായി പ്രത്യേക നഴ്സറി നിർമ്മിച്ചു നൽകി. കൃഷിയിൽ പുതിയ പരീക്ഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കൃഷിയുടെ ഉപോല്പന്നങ്ങളിൽ നിന്നും പോലും മാറ്റം വരുത്തുവാൻ സാധിക്കും.



# പെണ്മയുടെ ഉറ്റുനോട്ടം

കുറിച്ചു ധാരാളം കഥകൾ എഴുതിയിട്ടുള്ള മൻറോയുടെ കഥാസമാഹാരമായ The Beggar Maidse കഥകളെല്ലാം, എന്നാൽ രണ്ടു സ്ത്രീകൾ തമ്മിലുള്ള ബന്ധത്തെപ്പറ്റിയാണ്. റോസും അവളുടെ രണ്ടാനമ്മയായ ഫ്ലോയുമാണീ കഥാപാത്രങ്ങൾ. റോസിന്റെ അമ്മയുടെ മരണശേഷം അവളെ വളർത്തിയ ഫ്ലോയും റോസും ആയുള്ള ബന്ധത്തെ ഈ സമാഹാരത്തിലെ കഥയായ Royal Beatings? വ്യക്തമായി വിശദീകരിക്കുന്ന കഥാകൃത്ത്, ഫ്ലോയുടെ പരുക്കൻ സ്വഭാവത്തെയും അവർക്കു റോസുമായുള്ള അഭിപ്രായവ്യത്യാസങ്ങളെയും കുറിച്ചു പറയുന്നുണ്ട്. വിദ്യാഭ്യാസം കൊണ്ടും സ്വാഭാവികമായ സാമർഥ്യം കൊണ്ടും ഭാവിയിൽ റോസിന് കൈവരാനിരിക്കുന്ന നല്ല ജീവിതം ഫ്ളോയെ ആകുല പ്പെടുത്തിയിരുന്നു. റോസിനെ ചില അവസരങ്ങളിൽ അസൂയ കലർന്ന മനോഭാവത്തോടെ നോക്കുന്ന രണ്ടാനമ്മയെ പറ്റിയും മൻറോ സൂചിപ്പി ക്കുന്നുണ്ട്.ഇങ്ങനെയൊക്കെ ആണെങ്കിലും അമ്മയുടെ സ്ഥാനത്തു നിന്ന് കൊണ്ട്, അവളെ സുരക്ഷിതയായി വളർത്താൻ ഫ്ളോയ്ക്ക് കഴിഞ്ഞിരുന്നു. പെൺലോകത്തിന്റെ അനന്യമായ സ്വഭാവ സവിശേഷതകളെ ഇതിലൂടെ മൻറോ വ്യക്തമാക്കുകയാണ്. റോസിന്റെ ചില പെരുമാറ്റങ്ങളിൽ അസന്തുഷ്ടയായ ഫ്ലോ, അച്ഛന്റെ കയ്യിൽ നിന്നും അവൾക്കു പ്രഹരം വാങ്ങിക്കൊടു ക്കുന്നുമുണ്ട്. ഇങ്ങനെ ഇടയ്ക്കിടെ ഉടലെടുത്തിരുന്ന ശീതസമരങ്ങളിലൂടെയായിരുന്നു അവരുടെ ബന്ധം മുറുകിയതും അയഞ്ഞതും. കൃത്രിമത്വം ഏതുമില്ലാതെ തികച്ചും സഹജമായി അതവതരിപ്പിക്കാൻ മൺറോയിലെ കഥാകാരിയ്ക്ക് കഴിയുന്നുണ്ട്. പ്രസ്തുത കഥയിൽ ബാലികയായിരുന്ന റോസിന്റെ പരിണാമചക്രം അവളുടെ വിദ്യാഭ്യാസം, വിവാഹം, വിവാഹമോചനം ഭംഗിയായി പറയുന്ന സമാഹാരത്തിന്റെ ആദ്യഭാഗത്തു അവർക്കു ഒണ്ടേറിയോ എന്ന അവരുടെ പ്രദേശത്തെ കുറിച്ചും അതിന്റെ ചരിത്രവും നാട്ടുവർത്തമാനങ്ങളും മറ്റും ഫ്ളോയായിരുന്നു പറഞ്ഞു കൊടുത്തത്. എന്നാൽ കാലക്രമേണ ലോകകാര്യങ്ങൾ റോസ് ഫ്ളോയ്ക്ക് പറഞ്ഞു കൊടുക്കാൻ തുടങ്ങി. പരസ്പരം തങ്ങളുടെ വേഷങ്ങൾ മാറ്റുന്ന രണ്ടാനമ്മയുടെയും മകളുടെയും ജീവിത ചിത്രമാണ് ഈ കഥാസമാഹാരം.

**ലിംഗാധിഷ്ഠിതമായ കഥകൾ 1940-1960 കാലഘട്ടത്തിൽ ധാരാളം എഴുതിയിട്ടുള്ള കെ.സരസ്വതിഅമ്മയുടെ സ്ത്രീപക്ഷകഥകൾ മറന്നു കൊണ്ട് ഈ ലേഖനം പൂർത്തിയാക്കാനാവില്ല. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുന്നേ എഴുതി തുടങ്ങിയ കെ.സരസ്വതി അമ്മയുടെ പ്രാഥമിക പരിഗണന സ്ത്രീത്വത്തോടും സ്ത്രീകൾ പുരുഷകേന്ദ്രീകൃത സമൂഹത്തിൽ നിന്നും നേരിടുന്ന അവമതിയെ എതിർക്കുന്നതിലുമായിരുന്നു. സമുദായശക്തികളും സാമൂഹികസംഘടനകളും സങ്കുചിതസമൂഹമാക്കി മാറ്റിയിരുന്ന അന്നത്തെ കേരളീയാന്തരീക്ഷത്തിന്റെ അധികാരഘടന പുരുഷലോകമായിരുന്നു നിയന്ത്രിച്ചിരുന്നത്.**

സൗഹൃദത്തിന്റെ പച്ചപ്പുകളിലൂടെ മനുഷ്യബന്ധങ്ങളുടെ വിനിമയങ്ങൾ ഏതെല്ലാം വിധത്തിൽ മാറുന്നുവെന്ന് മേൽപ്പറഞ്ഞ കഥാപാത്രങ്ങളിലൂടെ വ്യക്തമാണ്. ഇതിനു സമാനമായി സംഗീത ശ്രീനിവാസന്റെ നോവലായ ആസിഡിലെ ഷാലിയും കമലയും പെൺ സൗഹൃദത്തിന്റെ മറ്റൊരു മുഖം കാണിച്ചു തരുന്നു. സഹജീവിതവും സൗഹൃദവും തമ്മിലുള്ള അന്തരം പരാമർശിക്കുന്ന ആസിഡിൽ ഷാലിക്ക് ഒരിക്കലും കമല ഇച്ഛിക്കുന്ന തരത്തിലുള്ള സുഹൃത്തായിത്തീരാൻ കഴിയുമായിരുന്നില്ല. മനസ്സിനെ സ്വസ്ഥമാക്കാൻ വേണ്ടി നടത്തിയ ഒരു തീർഥയാത്രയ്ക്കിടയിൽ വെച്ചായിരുന്നു കമല ഷാലിയെ പരിചയപ്പെട്ടത്. ആ ബന്ധത്തിന്റെ നിറം പതുക്കെ കടുത്തു തുടങ്ങി.ഭർത്താവായായിരുന്ന മാധവനെക്കാൻ ചില ഘട്ടങ്ങളിൽ മനസ്സ് കൊണ്ടും ശരീരം കൊണ്ടും കമലയ്ക്ക് കൂട്ടായിരുന്ന ഷാലിയാണ് ആദ്യമായി മൂന്നു തുള്ളി ആസിഡ് കമലയുടെ നാക്കിൽ മുട്ടിച്ചു കൊടുത്തത്. ആ കുറ്റബോധം അവളെ പിന്നീടുള്ള ജീവിതം മുഴുവനും വേട്ടയാടുകയും ചെയ്തു. കമലയെ സുഹൃത്തായി മാത്രം കാണാൻ ആഗ്രഹിച്ച ഷാലിയുടെ മനോഭാവത്തിന് വിരുദ്ധമായി കമല അവളെ പങ്കാളിയായി കണ്ടതോടെ താളപ്പിഴകൾ സംഭവിച്ചു തുടങ്ങി.

3

ലിംഗാധിഷ്ഠിതമായ കഥകൾ 1940-1960 കാലഘട്ടത്തിൽ ധാരാളം എഴുതിയിട്ടുള്ള കെ.സരസ്വതിഅമ്മയുടെ സ്ത്രീപക്ഷകഥകൾ മറന്നു കൊണ്ട് ഈ ലേഖനം പൂർത്തിയാക്കാനാവില്ല. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുന്നേ എഴുതി തുടങ്ങിയ കെ.സരസ്വതിഅമ്മയുടെ പ്രാഥമിക പരിഗണന സ്ത്രീത്വത്തോടും സ്ത്രീകൾ പുരുഷകേന്ദ്രീകൃത സമൂഹത്തിൽ നിന്നും നേരിടുന്ന അവമതിയെ എതിർക്കുന്നതിലുമായിരുന്നു. സമുദായശക്തികളും സാമൂഹികസംഘടനകളും സങ്കുചിതസമൂഹമാക്കി മാറ്റിയിരുന്ന അന്നത്തെ കേരളീയാന്തരീക്ഷത്തിന്റെ അധികാരഘടന പുരുഷലോകമായിരുന്നു നിയന്ത്രിച്ചിരുന്നത്. ഇത്തരം രീതികളെ പരിഹസിച്ചു കൊണ്ട് എഴുതിയ സ്ത്രീകളുടെ സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും പുരോഗമനപരമായ കഥകൾ ഇന്നും പ്രസക്തമാണ്. പെൺബുദ്ധി, ഡബിൾ ആക്ട്, സ്ത്രീജന്മം, അവരുടെ കഥയെഴുത്ത്, പകലും രാവും എന്നിങ്ങനെ സ്ത്രീസൗഹൃദം പരിസരമാക്കിയുള്ള കഥകൾ പെൺലോകത്തിന്റെ വാതിലുകളും വികാരവിചാരങ്ങളും തുറന്നിടുകയാണ്. മിക്ക കഥകളിലും സ്ത്രീപുരുഷ ബന്ധത്തെ വിമർശനാത്മകമായ വിധത്തിൽ നോക്കിക്കാണുന്നുണ്ട്. പ്രണയാഭ്യർത്ഥന തള്ളിക്കളയുന്ന പെണ്ണിനെ സഹോദരിയായി കാണുന്ന ആൺബുദ്ധിയെ ഡബിൾ ആക്ട് എന്ന കഥയിലെ സീത ആക്ഷേപിക്കുന്നുണ്ട്. ആളുകളുടെ മുന്നിൽ അവരുടെ ബോധ്യത്തിനൊരു വേഷം. സ്വന്തം അഭിമതമനുസരിച്ചു സ്വകാര്യമായി മറ്റൊരു വേഷം. കാമുകന്മാരുടെ ഈ ഇരട്ടവേഷത്തെപ്പറ്റി സീതയുടെ അഭിപ്രായം ഇങ്ങനെയായിരുന്നു. ഹൃദയത്തിന്റെ ഭാഷയിൽ അല്ല ബുദ്ധി കൊണ്ടാണ് സ്ത്രീകൾ സംസാരിക്കേണ്ടതും സുഹൃത്തുക്കളോട് ഇടപഴകേണ്ടതും എന്നോ പെൺ ബുദ്ധിയിലെ വിലാസിനിയുടെ ആശയത്തോട് ചേർന്നു നിൽക്കുന്നതായിരുന്നു സീതയുടെ ഈ വെളിപ്പെടുത്തൽ. വിലാസിനിയും സുഹൃത്തായ വിജയലക്ഷ്മിയും തമ്മിലുള്ള ബന്ധം സ്ത്രീസൗഹൃദത്തിന്റെ മാനങ്ങളെ വ്യക്തമാക്കുന്നു. ലൈലയും എലേനയും പോലെ ബുദ്ധിപരമായ ഐക്യപ്പെടലുക? ഈ സന്ദർഭത്തിലും ഉണ്ടായിരുന്നു. ബുദ്ധിപരമായ മടുപ്പ് (Ennui) അനുഭവിച്ചിരുന്ന വിജയലക്ഷ്മിക്ക് അതിൽ നിന്നും രക്ഷ നേടാനുള്ള ഉപാധിയായിരുന്നു വിലാസിനിയുടെ സാന്നിധ്യം. തലച്ചോർ എന്ന അവയവം പ്രയോജനപ്പെടുന്നത് പുരുഷന്മാർക്കു മാത്രമാണെന്ന വിജയലക്ഷ്മിയുടെ പരാതി. ബുദ്ധിശക്തി ആവശ്യമില്ലാത്ത വസ്തുവായി മാറുന്ന സ്ത്രീകളുടെ ജീവിതത്തെ കുറിച്ചുള്ള ഈ പെൺസുഹൃത്തുക്കളുടെ സംഭാഷണങ്ങൾ നിയോ പൊളിറ്റൻ നോവലുകളിലെ സാഹചര്യങ്ങളെ ഓർമിപ്പിക്കുന്നു. 1948ൽ പ്രസിദ്ധീകരിച്ച ഈ കഥയിലെ അവസ്ഥ ഏതാണ്ട് എഴുപത് കൊല്ലം കഴിഞ്ഞിട്ടും നില നിൽക്കുന്നുണ്ട് എന്നത് ഖേദകരമാണ്.

സ്ത്രീയുടെ സ്വത്വബോധത്തിനും ശാക്തീകരണത്തിനും കരുത്തുറ്റ ദിശാബോധം കഥകളിലൂടെ സംഭാവന ചെയ്തിരുന്ന കെ.സരസ്വതി അമ്മയുടെ വ്യത്യസ്തമായ ഒരു കഥയാണ് അവരുടെ കഥയെഴുത്ത്. മൂന്നു സ്ത്രീകൾ ചേർന്ന് ഒരു കഥയെഴുതുന്നതിനുള്ള ശ്രമങ്ങളാണ് ഈ കഥയിൽ വിവരിക്കുന്നത്. തങ്ങൾ എഴുതുന്ന കഥയിൽ പെണ്മയുടെ ഉറ്റുനോട്ടമുണ്ടാവണമെന്ന നിർബന്ധം അവർക്കുണ്ടായിരുന്നു. പ്രണയം, വിവാഹം, കുടുംബം തുടങ്ങിയ വ്യവസ്ഥാപിത ഘടകങ്ങളിൽ തട്ടി തെന്നിമാറാത്ത പ്രമേയങ്ങളെ കുറിച്ച് അവർ ചർച്ച ചെയ്യുന്നുണ്ട് കഥയിൽ. പരമ്പരാഗത വ്യവസ്ഥകളെയും കപടസദാചാര ബോധത്തെയും പുച്ഛിച്ചു കൊണ്ട്, സ്ത്രീയുടെ ആന്തരിക സംഘ?ഷത്തെ തീവ്രമായ ആവിഷ്കരിക്കുന്ന കഥകളാണ് കെ സരസ്വതി അമ്മയുടേത്. വീടിനുള്ളിലെ ലോകത്തിൽ നിന്നും കര കയറുന്നതിനുള്ള ഉപാധിയായി സമാന വിചാരക്കാരായ സ്ത്രീകളെ കൂട്ട് പിടിക്കുന്ന കഥാപാത്രങ്ങളുടെ മാനസിക വിനിമയങ്ങളിലൂടെ തന്നെയാണ് എലേനയും സഞ്ചരിച്ചിട്ടുള്ളത് എന്ന് തീർച്ചയാണ്. സ്വാതന്ത്ര്യത്തിന്റെ തുറസ്സുകൾ വിപുലമാക്കുന്നതിനു സമൂഹത്തിനുള്ള സ്വാധീനം വളരെ പ്രകടമാണ്. സ്ത്രീയുടെ സ്വാതന്ത്ര്യത്തിന്റെ അളവുകോൽ വെച്ചു പരിശോധിച്ചാൽ കെ സരസ്വതിഅമ്മ വിഭാവനം ചെയ്ത കഥകൾ കാലത്തിനു മുന്നേ പിറന്നവയാണ്. ലിംഗപരമായ ഭിന്നത ജീവിതരീതികളിൽ വിലങ്ങുതടിയാവുന്നത് ഇന്നും നിലനിൽക്കുന്നുവെന്നും ഇവിടെ ഓർക്കണം. ഈ അർത്ഥത്തിൽ, കാലത്തെ വെല്ലുവിളിച്ചു കൊണ്ട് എഴുതിയ കെ സരസ്വതിഅമ്മ തികച്ചും വ്യത്യസ്തയാണ്.

കെ സരസ്വതിഅമ്മ പറഞ്ഞിരുന്ന ചുറ്റുപാടുകൾ തന്നെയാണ് സ്ത്രീകൾക്കിടയിൽ ഇപ്പോഴും നിലനിൽക്കുന്നത് വ്യംഗിപ്പിക്കുന്ന കഥയാണ് ഉണ്ണി ആറിന്റെ ആനന്ദമാർഗം. ആധുനിക സ്ത്രീത്വത്തിന്റെ വീർപ്പുമുട്ടലുകളെ സമകാലിക കാഴ്ചപ്പാടോടെ അവതരിപ്പിക്കുന്ന ആനന്ദമാർഗം നാളുകൾ കഴിഞ്ഞിട്ടും സ്ത്രീകളുടെ വഴിത്താരകളെ സമൂഹം ഇടുക്കമുള്ളതാക്കി തന്നെയാണ് നോക്കിക്കാണുന്നതെന്നു വ്യക്തമാക്കുന്നു. ഒരു വിദ്യാലയത്തിലെ അധ്യാപികമാരെല്ലാം രണ്ടു ദിവസത്തെ വിനോദയാത്രയ്ക്ക് പോകുന്ന സന്ദർഭത്തെ ആധാരമാക്കിയാണ് കഥ വികസിക്കുന്നത്. ദാമ്പത്യത്തിന്റെയും ദൈനംദിന ജീവിതത്തിന്റെയും ജീർണതയിൽ നിന്നും അല്പമെങ്കിലും വിടുതൽ നേടാൻ ആഗ്രഹിക്കുന്ന സ്ത്രീകളുടെ സ്വാതന്ത്ര്യപ്രഖ്യാപനമാണ് ആനന്ദമാർഗം. കാലികാവസ്ഥയിലും കുടുംബം എന്ന പ്രസ്ഥാനം പരമ്പരാഗതമായ ചട്ടക്കൂടിനുള്ളിൽ ഞെരുങ്ങിക്കൊണ്ട് സ്ത്രീയുടെ മേൽ അധികാരവാക്യങ്ങൾ പ്രയോഗിക്കുന്നതിന്റെ അസ്വസ്ഥത ഈ കഥയിലെ കഥാപാത്രങ്ങൾ ബോധ്യപ്പെടുത്തുന്നുണ്ട്. സമൂഹത്തിന്റെ/ കുടുംബത്തിന്റെ കാപട്യങ്ങളെയും സദാചാരബോധങ്ങളെയും കുറച്ചു നേരത്തേക്കായാലും, കാറ്റിൽപ്പറത്തി ആഘോഷത്തിന്റെ മുഹൂർത്തങ്ങൾ സൃഷ്ടിക്കാനുള്ള വ്യഗ്രത അവരിൽ കാണിനുണ്ട്. കണ്ണാടിയിലെ പ്രതിച്ഛായയിൽ കാണുന്ന രൂപവും മാനസികവ്യാപാരങ്ങളും തമ്മിലുള്ള അതിരുകളെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന സ്ത്രീസ്വത്വത്തിന്റെ പ്രതിഫലനമാണ് ഈ കഥ

സ്ത്രീകളുടെ വേഷവിധാനത്തെ കുറിച്ചും തൊഴിലിടങ്ങളെ കുറിച്ചും സമയ/സ്വകാര്യതയെ പറ്റിയും സ്ത്രീകളുടേതായ കാഴ്ചപ്പാടുകൾ ലിംഗാധിസ്ഥാനമായ വ്യവഹാരങ്ങളാണ്. സ്ത്രീകളുടെ സ്വകാര്യലോകത്തെ കുറിച്ചും ആ ലോകത്തിലെ കൊച്ചു കൊച്ചു വസ്തുക്കളെ കുറിച്ചും സൗന്ദര്യാദയകോത്പന്നങ്ങളെയും ആഭരണങ്ങളെയും തുണിത്തരങ്ങളെയും പറ്റി കൊതിപ്പിക്കുന്ന തരത്തിൽ മാധവിക്കുട്ടി എഴുതിയിട്ടുണ്ട്. അത്തരത്തിൽ കൊച്ചു സ്വകാര്യതകളുടെ ചിമിഴിൽ സൂക്ഷിച്ചിരിക്കുന്ന സങ്കല്പങ്ങൾ ഇവിടെ സൂചിപ്പിച്ച എഴുത്തുകാരികളുടെ ആഖ്യാനങ്ങളിലെല്ലാമുണ്ട്

ദേശ/ സമൂഹ/ സമുദായ രീതികൾക്കനുസൃതമായി സ്ത്രീകളോടുള്ള സമീപനത്തിലും മാറ്റങ്ങൾ കാണാൻ ഈ അടുത്ത കാലത്തു സാധിക്കുന്നുണ്ട്. അതു പോലെ ലിംഗനീതി ഉറപ്പു വരുത്തുന്നതിനായി നിയമങ്ങൾ പ്രാബല്യത്തിൽ വരുത്താൻ സ്ത്രീസംഘടനകൾ ശ്രമിക്കുന്നുണ്ട്. ആൺകുട്ടികളെ മാത്രം കാംക്ഷിക്കുന്ന മാതാപിതാക്കൾ ഇന്ത്യയിൽ ഇപ്പോഴുമുണ്ടെന്നത് വിചിത്രമാണ്. പെൺകുട്ടികൾ ബാധ്യത ആണെന്ന അടഞ്ഞ ചിന്താഗതി തന്നെയാണ് ഇതിനു പിന്നിൽ. അതു കൊണ്ടു തന്നെ പല സ്ഥലത്തും ലിംഗാനുപാതം സ്ത്രീകൾക്കെതിരെ ആവുന്നു. ഇത്തരം ദൗർഭാഗ്യകരമായ സാഹചര്യങ്ങൾ നില നിൽക്കുമ്പോൾ, സ്ത്രീകളുടെ സൗഹൃദവും കൂട്ടായ്മയും എന്നത് സ്വാഗതാർഹമാണ്.

എത്രയോ കാലങ്ങളായി പരിചിതരായ രണ്ടു പേരുടെ ചങ്ങാത്തത്തിന്റെ രേഖപ്പെടുത്തലാണ് ഫ്ലോയും റോസും, ലൈലയും എലേനയും, ഷാലിയും കമലയും. പല പാളികളുള്ള സങ്കീർണത നിറഞ്ഞ പെണ്മനസ്സുകളെ പൂർണമായും ബോധ്യപ്പെടാൻ അവരെ പോലെയുള്ളവർക്കേ സാധിക്കൂ. തങ്ങളുടെ സ്വപ്നങ്ങളും ഭാവനകളും ദൈനംദിന പ്രയാസങ്ങളുമെല്ലാം പങ്കു വെയ്ക്കുന്ന ഇത്തരം സൗഹൃദങ്ങളുടെ കാഴ്ചകളാണ് ഇവിടെ പ്രതിപാദിച്ച സാഹിത്യകൃതികളിലും ഉൾക്കൊള്ളിച്ചിട്ടുള്ളത്.




സുഹൃത്തുക്കളെ,

ഉത്തർപ്രദേശിലെ ലഖീംപുർ ഖേരിയിൽ നടന്ന ഒരു കാര്യത്തെ കുറിച്ച് ഞാൻ അറിഞ്ഞു. കോവിഡ് സമയത്താണ് ലഖീംപുരിലെ ഖേരിയിൽ ഇത്തരത്തിലുള്ള വ്യത്യസ്തമായ ചുവടുവെപ്പ് നടന്നത്. അവിടെ സ്ത്രീകൾക്ക് വാഴയുടെ ഉപയോഗശൂന്യമായ തണ്ടിൽനിന്നും നാര് ഉണ്ടാക്കുന്നതിനുള്ള ട്രെയിനിങ് കൊടുക്കാനുള്ള പ്രവർത്തനം തുടങ്ങി. വേസ്റ്റിൽ നിന്നും ബെസ്റ്റ് ഉണ്ടാക്കാൻ ഉള്ള മാർഗം. വാഴയുടെ തണ്ട് മുറിച്ച് മെഷീനിന്റെ സഹായത്തോടെ വാഴനാര് തയ്യാറാക്കുന്നു. അത് ചണം പോലെ ഇരിക്കും. ഈ നാരിൽ നിന്നും ഹാൻഡ്ബാഗ്, പായ്, പരവതാനി അങ്ങനെ എത്രയെത്ര സാധനങ്ങൾ ഉണ്ടാക്കാനാകും. ഇതിലൂടെ ഒരു വശത്ത് വിളയുടെ മാലിന്യങ്ങൾ ഉപയോഗിക്കാൻ തുടങ്ങി, മറുവശത്ത് ഗ്രാമത്തിലെ നമ്മുടെ സഹോദരിമാർക്കും പെൺമക്കൾക്കും വരുമാനത്തിന് ഒരു മാർക്ഷം കൂടി ലഭിച്ചു. വാഴനാരിന്റെ ഈ ജോലിയിലൂടെ ആ സ്ഥലത്തെ സ്ത്രീക്ക് 400 മുതൽ 600 രൂപ വരെ പ്രതിദിനം സമ്പാദിക്കാൻ സാധിക്കുന്നുണ്ട്. ലഖീംപൂർ ഖീരിയിൽ ആയിരക്കണക്കിന് ഏക്കർ ഭൂമിയിൽ വാഴകൃഷി ചെയ്യുന്നു. വാഴക്കുലയുടെ വിളവെടുപ്പിനുശേഷം സാധാരണയായി കർഷകർക്ക് വാഴത്തട കളയാനായി അധികം ചെലവ് ചെയ്യേണ്ടി വരുമായിരുന്നു. ഇപ്പോൾ അവർക്ക് ഈ പൈസ ലാഭിക്കാൻ സാധിക്കുന്നു. അതായത് അധിക ലാഭം നേടാൻ സാധിക്കുന്നു എന്നത് വളരെ സാർത്ഥകമാണ്.

**എന്റെ പ്രിയപ്പെട്ട ദേശവാസികളേ,**

**ഒരു സംസ്കൃത ശ്ലോകമുണ്ട്, ആത്മാർത്ഥം ജീവലോകേ അസ്മിൻ, കോ ന ജീവതി മാനവ: പരം പരോപകാരാർത്ഥം, യോ ജീവതി സ ജീവതി. അതായത് ലോകത്തിൽ ഓരോ വ്യക്തിയും തനിക്കായി ജീവിക്കുന്നു. പക്ഷേ പരോപകാരത്തിനായി ജീവിക്കുന്ന വ്യക്തിയാണ് യഥാർത്ഥത്തിൽ ജീവിക്കുന്നത്. ഭാരത മാതാവിന്റെ പുത്രന്മാരുടെയും പുത്രിമാരുടെയും പരോപകാരപ്രദമായ കാര്യങ്ങൾ അതുതന്നെയാണ് മൻ കീ ബാത്തിലും വിഷയമാകുന്നത്. ഇന്നും അങ്ങനെയുള്ള മറ്റു ചില സുഹൃത്തുക്കളെ കുറിച്ച് പറയാം.**

സുഹൃത്തുക്കളെ

ഒരുവശത്ത് വാഴനാരിൽ നിന്നും ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നു. മറുവശത്ത് ഇതുപോലെ ഏത്തയ്ക്കാ പൊടിയിൽ നിന്നും ദോശയും ഗുലാബ് ജാമുനും പോലെയുള്ള സ്വാദിഷ്ഠമായ വിഭവം തയ്യാറാക്കുന്നു. ഉത്തര കർണാടകത്തിലും ദക്ഷിണ കർണാടകത്തിലും സ്ത്രീകൾ ഈ കാര്യം ചെയ്തുവരികയാണ്. ഇതിന്റെ തുടക്കവും കൊറോണക്കാലത്തു തന്നെയായിരുന്നു. ഇത് കേവലം ഏത്തയ്ക്കാ പൊടിയിൽനിന്ന് ദോശ, ഗുലാബ് ജാം തുടങ്ങിയവ ഉണ്ടാക്കുക മാത്രമല്ല, ഇതിന്റെ ചിത്രങ്ങൾ സാമൂഹ്യ മാധ്യമങ്ങളിൽ ഷെയർ ചെയ്യാറുമുണ്ട്. കൂടുതൽ ആളുകൾ ഏത്തയ്ക്കാപ്പൊടിയെ കുറിച്ച് അറിഞ്ഞു തുടങ്ങിയപ്പോൾ അതിന്റെ ആവശ്യം കൂടി. അതോടൊപ്പം സ്ത്രീകളുടെ വരുമാനവും. ലഖീംപുർ ഖീരിയെ പോലെ ഇവിടെയും ഇന്നവേറ്റീവ് ആയ ആശയങ്ങൾക്ക് സ്ത്രീകൾ തന്നെയാണ് നേതൃത്വം നൽകുന്നത്.

സുഹൃത്തുക്കളെ

ഇത്തരം ഉദാഹരണങ്ങൾ ജീവിതത്തിൽ എന്തെങ്കിലും പുതുമയുള്ളത് ചെയ്യാൻ നമുക്ക് പ്രേരണ നൽകും. നിങ്ങളുടെ സമീപത്തും ഇത്തരത്തിലുള്ള അനേകം പേർ ഉണ്ടാകും. നിങ്ങളുടെ കുടുംബാംഗങ്ങൾ മനസ്സിലുള്ള കാര്യങ്ങൾ പറയുമ്പോൾ നിങ്ങളും ഇത് സംസാര വിഷയമാക്കാവുന്നതാണ്. ഇടയ്ക്ക് സമയമുള്ളപ്പോൾ കുട്ടികളോടൊപ്പം ഇത്തരം പുതുമയുള്ള ശ്രമങ്ങളെ നോക്കിക്കാണുവാൻ പോകൂ. പിന്നെ സമയമുള്ളപ്പോൾ സ്വയം ഇത്തരം കാര്യങ്ങൾ ചെയ്തു കാണിക്കാൻ ശ്രമിക്കൂ. തീർച്ചയായും നിങ്ങൾക്കിത് എന്നോടൊപ്പം നമോ ആപ്പ് അല്ലെങ്കിൽ MY GOV യിലൂടെ പങ്കിടാവുന്നതാണ്.

എന്റെ പ്രിയപ്പെട്ട ദേശവാസികളേ,

ഒരു സംസ്കൃത ശ്ലോകമുണ്ട്, ആത്മാർത്ഥം ജീവലോകേ അസ്മിൻ, കോ ന ജീവതി മാനവ: പരം പരോപകാരാർത്ഥം, യോ ജീവതി സ ജീവതി. അതായത് ലോകത്തിൽ ഓരോ വ്യക്തിയും തനിക്കായി ജീവിക്കുന്നു. പക്ഷേ പരോപകാരത്തിനായി ജീവിക്കുന്ന വ്യക്തിയാണ് യഥാർത്ഥത്തിൽ ജീവിക്കുന്നത്. ഭാരത മാതാവിന്റെ പുത്രന്മാരുടെയും പുത്രിമാരുടെയും പരോപകാരപ്രദമായ കാര്യങ്ങൾ അതുതന്നെയാണ് മൻ കീ ബാത്തിലും വിഷയമാകുന്നത്. ഇന്നും അങ്ങനെയുള്ള മറ്റു ചില സുഹൃത്തുക്കളെ കുറിച്ച് പറയാം. ഒരു സുഹൃത്ത് ചണ്ഡീഗർ പട്ടണവാസിയാണ്. ചണ്ഡിഗറിൽ ഞാനും കുറേ വർഷം വസിച്ചിരുന്നു. അത് വളരെ സുന്ദരവും നന്മ നിറഞ്ഞതുമായ പട്ടണമാണ്. അവിടെ താമസിക്കുന്ന ആൾക്കാരും സന്മനസ്സുള്ളവരാണ്. നിങ്ങൾ ഭക്ഷണപ്രിയരാണെങ്കിൽ ഇവിടെ നിങ്ങൾക്ക് ഏറെ സന്തോഷം അനുഭവപ്പെടും. ഈ ചണ്ഡിഗർ പട്ടണത്തിലെ സെക്ടർ 29 ലെ ശ്രീ സഞ്ജയ് റാണ ഒരു ഫുഡ് സ്റ്റാൾ നടത്തുന്നു. സൈക്കിളിൽ സഞ്ചരിച്ച് ചോലെബട്ടൂര വിൽക്കുകയും ചെയ്യുന്നു. ഒരുദിവസം അദ്ദേഹത്തിന്റെ മകൾ രിദ്ധിമയും അനന്തിരവൾ റിയയും ഒരു ആശയവുമായി അദ്ദേഹത്തിന്റെ അടുത്തെത്തി. കോവിഡ് വാക്സിൻ എടുക്കുന്ന ആളുകൾക്ക് ഫ്രീയായി ചോലെബട്ടൂര കഴിക്കാൻ കൊടുക്കണമെന്ന് പറഞ്ഞു. അദ്ദേഹം അത് സന്തോഷപൂർവ്വം സമ്മതിച്ചു. ശ്രീ സഞ്ജയ് റാണ ചോലെബട്ടൂര ഫ്രീയായി നൽകണമെങ്കിൽ അന്നേദിവസം വാക്സിൻ എടുത്തതിന്റെ പേപ്പർ കാണിക്കേണ്ടതായി വരും. വാക്സിൻ എടുത്തതിന്റെ പേപ്പർ കാണിച്ചാൽ ഉടൻ അദ്ദേഹം സ്വാദിഷ്ഠമായ ചോലെബട്ടൂര നൽകും. സമൂഹത്തിന്റെ നന്മക്കായുള്ള കാര്യങ്ങൾക്ക് പൈസയെക്കാൾ ഏറെ സേവന മനോഭാവവും കർത്തവ്യനിഷ്ഠയുമാണ് ആവശ്യം. നമ്മുടെ സഞ്ജയ് ഭായി അക്കാര്യത്തെ യാഥാർഥ്യമാക്കി തീർക്കുന്നു.

സുഹൃത്തുക്കളേ,

അപ്രകാരമുള്ള മറ്റൊരു കാര്യത്തെ കുറിച്ച് ഇനി ചർച്ച ചെയ്യാം. അത് തമിഴ്നാട്ടിലെ നീലഗിരിയിലാണ്. അവിടെ രാധികാ ശാസ്ത്രി ആംബുറെക്സ് പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. മലമ്പ്രദേശങ്ങളിലെ രോഗികളുടെ ചികിത്സയ്ക്കായി എളുപ്പത്തിലുള്ള ട്രാൻസ്പോർട്ട് സൗകര്യം ഉണ്ടാക്കി കൊടുക്കുക യാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. രാധിക കൂനൂറിൽ ഒരു കഫേ നടത്തുന്നു. അവർ തന്റെ കഫേയിലെ സുഹൃത്തുക്കളിൽ നിന്ന് ആംബുറെക്സിലേക്ക് ഫണ്ട് സമാഹരിച്ചു. നീലഗിരി കുന്നുകളിൽ ഇപ്പോൾ ആംബുറെക്സ് പ്രവർത്തിക്കുന്നു. ദൂരെയുള്ള പ്രദേശങ്ങളിലെ രോഗികൾക്ക് അടിയന്തിര ഘട്ട ങ്ങളിൽ ഇത് സഹായകരമാകുന്നു. സ്ട്രക്ചർ, ഓക്സിജൻ സിലിണ്ടർ, ഫസ്റ്റ് എയ്ഡ് ബോക്സ് തുടങ്ങിയ സൗകര്യങ്ങളെല്ലാമുണ്ട്. സുഹൃത്തുക്കളെ, ശ്രീ സഞ്ജയിന്റെയും ശ്രീമതി രാധികയുടെയും ഉദാഹരണങ്ങളിലൂടെ വ്യക്തമാകുന്നത് ഇതാണ്, നമ്മുടെ ജോലികളും തൊഴിലുകളും ചെയ്യുന്നതോടൊപ്പം നമുക്ക് സേവനപ്രവർത്തനങ്ങളിൽ ഏർപ്പെടാനും കഴിയണം.

സുഹൃത്തുക്കളെ,

കുറേ ദിവസങ്ങൾക്കു മുൻപ് രസകരവും വളരെ വികാരനിർരവുമായ ഒരു പരിപാടി നടന്നു. അതിലൂടെ ഭാരതവും ജോർജിയയും തമ്മിലുള്ള സൗഹൃദത്തിന് പുത്തൻ ശ ക്തി ലഭിക്കുകയുണ്ടായി. ഈ ചടങ്ങിൽ ഭാരതം സെന്റ് ക്യൂൻ കേറ്റ വാനിന്റെ തിരുശേഷിപ്പ് അതായത് പവിത്രമായ സ്മൃതിചിഹ്നം ജോർജ്ജിയ സർക്കാരിനും അവി ടത്തെ ജനങ്ങൾക്കുമായി സമർപ്പിച്ചു. അതിനായി നമ്മുടെ വിദേശ മന്ത്രി അവിടെ പോയിരുന്നു. അങ്ങേയറ്റം വികാര നിർഭരമായ അന്തരീക്ഷത്തിൽ നടന്ന ഈ ചടങ്ങിൽ ജോർജ്ജിയയിലെ രാഷ്ട്രപതി, പ്രധാനമന്ത്രി, അനേകം മതാചാര്യന്മാർ എന്നിവരും ജോർജ്ജിയയിലെ ജനങ്ങളും പങ്കെടുത്തു. ആ പരിപാടിയിൽ ഭാരതത്തെ പ്രശംസിച്ചുകൊണ്ട് പറഞ്ഞ വാക്കുകൾ വളരെ സ്മരണീയമാണ്. ഈ ഒരു ചടങ്ങ് ഇരു രാജ്യങ്ങൾക്കുമൊപ്പം ഗോവയും ജോർജ്ജിയയും തമ്മിലുള്ള ബന്ധങ്ങളെയും ദൃഢതരമാക്കിത്തീർത്തു. കാരണം, സെന്റ് ക്യൂൻ കാറ്റവാ നിന്റെ പവിത്രമായ സ്മൃതിചിഹ്നം 2005 ൽ ഗോവയിലെ സെന്റ് അഗസ്റ്റിൻ ചർച്ചിൽ നിന്നാണ് ലഭിച്ചത്.

സുഹൃത്തുക്കളേ,

ഇതൊക്കെ എന്താണ്, ഇതൊക്കെ എപ്പോൾ സംഭവിച്ചു എന്നുള്ള ചോദ്യം നിങ്ങളുടെ മനസ്സിൽ ഉദിച്ചേക്കാം. 400500 വർഷം മുൻപ് നടന്ന സംഭവമാണ്. ക്വീൻ കേറ്റവാൻ ജോർജ്ജിയയിലെ രാജകുടുംബത്തിലെ സന്താനമായിരുന്നു. പത്തുവർഷത്തെ കാരാഗൃഹവാസത്തിനുശേഷം 1624ൽ അവർ രക്തസാക്ഷിയായി. ഒരു പുരാതന പോർച്ചുഗീസ് പ്രമാണപ്രകാരം സെന്റ് ക്വീൻ കാറ്റവാനിന്റെ അസ്ഥികൾ പഴയ ഗോവയിലെ സെന്റ് അഗസ്റ്റിൻ ചർ ച്ചിൽ സൂക്ഷിക്കുകയായിരുന്നു. എന്നാൽ ഗോവയിൽ അടക്കം ചെയ്യപ്പെട്ട അവരുടെ അവശിഷ്ടങ്ങൾ 1930ലെ ഭൂകമ്പത്തിൽ അപ്രത്യക്ഷമായി എന്നാണ്

www.timesofamericanmalayali.com

അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താപത്രിക

ഫിച്ചർ, സ്മരണ, കഥ, കവിത തുടങ്ങിയ സർഗാത്മക സൃഷ്ടികൾ ക്ഷണിക്കുന്നു.

പ്രശസ്തരുടെ സ്മരണകൾ അമേരിക്കൻ മലയാളികൾക്ക് ഈ പംക്തിയിലൂടെ ജീവിതാനുഭവങ്ങൾ അവതരിപ്പിക്കാം.

കൂടുതൽ വിവരങ്ങൾക്ക് + 94473 55710, 89215 87848 georgethazhakara@gmail.com




*പ്രകൃതിയേയും പരിസ്ഥിതിയേയും സംരക്ഷിക്കുക എന്നത് ഭാരതത്തിന്റെ സാംസ്കാരിക ജീവിതത്തിൽ മാത്രമല്ല ദൈനംദിന ജീവിതത്തിലും തീർച്ചയായും ഉണ്ടായിരിക്കേണ്ട ഒന്നാണ്. മഴയും കാലവർഷവും എല്ലായ്പ്പോഴും നമ്മുടെ ചിന്തകളെയും വിശ്വാസത്തെയും നമ്മുടെ സംസ്കാരത്തെയും രൂപപ്പെടുത്തിയെടുക്കുന്നു. ഋതു സംഹാരത്തിലും മേഘ ദൂതത്തിലും മഹാകവി കാളിദാസൻ മഴയെക്കുറിച്ച് മനോഹരമായി വർണിച്ചിട്ടുണ്ട്.*

വളരെ കാലം വിശ്വസിച്ചുപോന്നിരുന്നത്. ഇന്ത്യാ ഗവൺമെന്റി ന്റെയും ജോർജിയയിലെ ചരിത്രകാരന്മാരുടെയും ഗവേഷകരുടെയും ജോർജിയൻ ചർച്ചിന്റെയും ദശകങ്ങളായുള്ള കഠിനമായ പ്രയത്നങ്ങളുടെ ഫലമായി 2005 ൽ പവിത്രമായ അവശിഷ്ടങ്ങൾ കണ്ടെത്തുന്നതിൽ വിജയം കൈവരിച്ചു. ഈ വിഷയം ജോർജിയയിലെ ജനങ്ങളെ സംബന്ധിച്ചിട ത്തോളം വികാരം ഉളവാകുന്നതായിരുന്നു. അതുകൊണ്ട് തന്നെ ചരിത്ര പരവും മതപരവും വിശ്വാസപരവുമായ പ്രധാന്യം കണക്കിലെടുത്ത് അവശി ഷ്ടങ്ങളിൽ ഒരംശം ഇന്ത്യാ ഗവൺമെന്റ് ജോർജിയയിലെ ആളുകൾക്ക് ഉപഹാരമായി നൽകാൻ തീരുമാനിച്ചു. ഭാരതത്തിന്റെയും ജോർജ്ജിയയു ടെയും സംയുക്ത ചരിത്രത്തിന്റെ ഈ അമൂല്യനിധിയെ കാത്തുസൂക്ഷി ച്ചതിന്റെ പേരിൽ ഞാൻ ഇന്ന് ഗോവയിലെ ജനങ്ങൾക്ക് ഹാർദ്ദമായി കൃതജ്ഞത പ്രകാശിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഗോവ അനേകം മഹത്തായ ആധ്യാത്മിക പൈതൃകങ്ങളുടെ വിളനിലമാണ്. സെന്റ് അഗസ്റ്റിൻ ചർച്ച് യുനെസ്കോയുടെ ലോക പൈതൃക കേന്ദ്രം ചർച്ചസ് ആൻഡ് കോൺവെന്റ്സ് ഓഫ് ഗോവയുടെ ഒരു ഭാഗമാണ്.

എന്റെ പ്രിയപ്പെട്ട ദേശവാസികളേ,

ജോർജിയയിൽ നിന്ന് ഞാനിപ്പോൾ നിങ്ങളെ നേരെ സിംഗപ്പൂരിലേക്ക് കൂട്ടിക്കൊണ്ടു പോവുകയാണ്. അവിടെ ഈ മാസത്തെ ആരംഭത്തിൽ മഹത്തായ ഒരു ചടങ്ങ് ഉണ്ടായി. സിംഗപ്പൂർ പ്രധാനമന്ത്രിയും എന്റെ സുഹൃത്തുമായ ലീ സേൻ ലുംഗ് അടുത്തിടെ നവീകരിച്ച ചെയ്ത സിലാറ്റ് റോഡ് ഗുരുദ്വാരയുടെ ഉദ്ഘാടനം നിർവഹിച്ചു. അദ്ദേഹം പരമ്പരാഗത സിഖ് തലപ്പാവ് ധരിച്ചിരുന്നു. ഈ ഗുരുദ്വാര ഏകദേശം 100 വർഷം മുൻപ് നിർമ്മിക്കപ്പെട്ടതായിരുന്നു. അവിടെ ഭായി മഹാരാജ് സിംഹിനായി സമർപ്പിക്കപ്പെട്ട ഒരു സ്മാരകവുമുണ്ട്. ഭായി മഹാരാജ സിംഹ് ഭാരതത്തിന്റെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിരുന്നു വ്യക്തിയായിരുന്നു. സ്വാതന്ത്ര്യ ത്തിന്റെ എഴുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ അത് ഏറെ പ്രേരണ നൽകുന്നു. ഈ രണ്ടു രാജ്യങ്ങളുടെ ഇടയിൽ സൗഹൃദം ശക്തിപ്പെടുത്തുന്നത് ഇപ്രകാരമുള്ള കാര്യങ്ങളിലൂടെയും പ്രയത്നങ്ങളിലൂടെയുമാണ്. സൗഹാർദ്ദപരമായ അന്തരീക്ഷത്തിൽ വസിക്കുന്നതി ന്റെയും സംസ്കാരങ്ങൾ പരസ്പരം മനസ്സിലാക്കുന്നതിന്റെയും മഹത്വം ഇതിലൂടെ വ്യക്തമാകുന്നു.

എന്റെ പ്രിയപ്പെട്ട ദേശവാസികളേ,

ഇന്ന് മൻ കി ബാത്തിലൂടെ നമ്മൾ പല വിഷയങ്ങളും ചർച്ച ചെയ്തു. എന്റെ മനസ്സിന് വളരെ പ്രിയപ്പെട്ട മറ്റൊരു വിഷയം കൂടി ഉണ്ട്. അത് മറ്റൊന്നുമല്ല ജലസംരക്ഷണമാണ്. എന്റെ കുട്ടിക്കാലം ചെലവഴിച്ച പ്രദേശത്ത് വെള്ളത്തിന് എപ്പോഴും ക്ഷാമം അനുഭവപ്പെട്ടിരുന്നു. ഞങ്ങൾ മഴപെയ്യാൻ ആകാംക്ഷയോടെ കാത്തിരിക്കുമായിരുന്നു. അതുകൊണ്ടുതന്നെ ഓരോ തുള്ളി വെള്ളവും സംരക്ഷിക്കുക എന്നത് ഞങ്ങളുടെ സംസ്കാരത്തിന്റെ ഭാഗമായിത്തീർന്നു. ജനങ്ങളുടെ പങ്കാളിത്തത്തോടെ ജലസംരക്ഷണം എന്ന മന്ത്രത്തിലൂടെ അവിടുത്തെ ചരിത്രം തന്നെ മാറി. വെള്ളത്തിന്റെ ഓരോ തുള്ളിയും സംരക്ഷിക്കുക, വെള്ളത്തിന്റെ ഏതുതരത്തിലുള്ള ദുർവിനിയോഗവും തടയുക എന്നുള്ളത് നമ്മുടെ ജീവിതശൈലിയുടെ സഹജമായ ഭാഗമായി തീരേണ്ടതാണ്. നമ്മുടെ കുടുംബങ്ങളിൽ ഇത്തരത്തിലുള്ള പാരമ്പര്യം ഉണ്ടാകേണ്ടതാണ്. അതിൽ ഓരോ അംഗവും അഭിമാനിക്കേണ്ടതാണ്.

സുഹൃത്തുക്കളെ

പ്രകൃതിയേയും പരിസ്ഥിതിയേയും സംരക്ഷിക്കുക എന്നത് ഭാരതത്തിന്റെ സാംസ്കാരിക ജീവിതത്തിൽ മാത്രമല്ല ദൈനംദിന ജീവിതത്തിലും തീർച്ചയായും ഉണ്ടായിരിക്കേണ്ട ഒന്നാണ്. മഴയും കാലവർഷവും എല്ലായ്പ്പോഴും നമ്മുടെ ചിന്തകളെയും വിശ്വാസത്തെയും നമ്മുടെ സംസ്കാരത്തെയും രൂപപ്പെടുത്തിയെടുക്കുന്നു. ഋതു സംഹാരത്തിലും മേഘ ദൂതത്തിലും മഹാകവി കാളിദാസൻ മഴയെക്കുറിച്ച് മനോഹരമായി വർണിച്ചിട്ടുണ്ട്. സാഹിത്യ പ്രേമികൾക്കിടയിൽ ഈ കവിത ഇന്നും വളരെയധികം പ്രസിദ്ധമാണ്. ഋഗ്വേദത്തിലെ പർജന്യ സൂക്ത ത്തിൽ മഴയുടെ സൗന്ദര്യ വർണ്ണ നയുണ്ട്. അതുപോലെ ശ്രീമദ് ഭാഗവതത്തിലും കാവ്യാത്മകമായി ഭൂമി, സൂര്യൻ പിന്നെ മഴ ഇവ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പറയുന്നുണ്ട്.

അഷ്ടൗ മാസാൻ നിപീതം
യദ് ഭൂമ്യാഹ ച ഓദമയം വസു
സ്വംഗോഹ മോക്തം ആരേഭേ
പർജന്യഹ കാൽ ആഗതേ

അതായത് സൂര്യൻ എട്ടു മാസക്കാലം ഭൂമിയിലെ ജലസമ്പത്ത് ചൂഷണം ചെയ്തു. ഇപ്പോൾ മൺസൂൺ മാസത്തിൽ സൂര്യൻ താൻ സമാഹരിച്ച സമ്പത്ത് ഭൂമിക്ക് തിരികെ നൽകുകയാണ്. ശരിക്കും പറഞ്ഞാൽ മൺസൂണും മഴക്കാലവും കേവലം ഹൃദ്യവും സുന്ദരവും മാത്രമല്ല, മറിച്ച് നമ്മളെ പോഷിപ്പിക്കുന്ന, ജീവൻ നൽകുന്ന ഒന്നുകൂടിയാണ്. നമുക്ക് ലിക്കുന്ന മഴവെള്ളം വരും തലമുറയ്ക്കും വേണ്ടിയുള്ളതാണ്. അത് ഒരിക്കലും മറക്കാൻ പാടില്ല.

ഇന്ന് എന്റെ മനസ്സിൽ വരുന്ന ചിന്ത എന്തെന്നാൽ ഈ രസകരമായ കാര്യങ്ങളോടു കൂടി ഞാൻ എന്റെ സംസാരം അവസാനിപ്പിക്കാം. നിങ്ങൾക്കെല്ലാവർക്കും ഇനി വരുന്ന ആഘോഷങ്ങൾക്കായി ആശംസകൾ നേരുന്നു. ഉത്സവങ്ങളും ആഘോഷങ്ങളും നടക്കുന്ന സമയത്ത് തീർച്ചയായും ഒരുകാര്യം ഓർക്കേണ്ടതാണ്, കൊറോണ ഇന്നും നമ്മുടെ ഇടയിൽ നിന്നും പോയിട്ടില്ല. കൊറോണയുമായി ബന്ധപ്പെട്ട സുരക്ഷാ മാനദണ്ഡങ്ങൾ നിങ്ങൾ ഒരിക്കലും മറക്കരുത്. നിങ്ങൾ ആരോഗ്യവാൻമാരും സന്തോഷവാൻമാരും ആയിരിക്കട്ടെ.

വളരെ നന്ദി.

# മുലമുറിച്ച ധീര വനിതയുടെ കഥ



**ധീ**രപോരാളിയായ സുഭാഷ് ചന്ദ്ര ബോസിന് വേണ്ടി മുലമുറിച്ച ഒരു ധീര വനിതയുടെ കഥ നിങ്ങൾ കേട്ടിട്ടുണ്ടോ...

ബനീരബ ആര്യ നേതാജി സുഭാഷ് ചന്ദ്രബോസിനെ സംരക്ഷിക്കാൻ തന്റെ മുലകൾ അറുക്കപ്പെട്ട ധീരയായ സ്ത്രീ!

ബ്രിട്ടീഷ് പോലീസിൽ സിഐഡി ഇൻസ്പെക്ടർ ആയിരുന്ന കോണ്ട് ജോയിറോൺജോൺ ദാസിന്റെ ഭാര്യയാണ് ആര്യ

ആര്യ യഥാർത്ഥ ദേശീയവാദിയാണെങ്കിലും അവളുടെ ഭർത്താവ് ബ്രിട്ടീഷ് സേവകനായിരുന്നു.

സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ നാഷണൽ ആർമിയുടെ ജാൻസിബ റെജിമെന്റിൽ ആര്യ ഒരു ദേശസ്നേഹിയായതിനാൽ ചേർന്നു. നീരയുടെ ഭർത്താവ് ഇൻസ്പെക്ടർ കോണ്ട് ജോയ്റോൺ ജോൺ ദാസ് സുഭാഷ് ചന്ദ്രബോസിനെ ചാരവൃത്തി ചെയ്യുകയായിരുന്നു,

ജോയ്റോൺജോൺ ദാസ് ഒരിക്കൽ ബോസിന് നേരെ വെടിയുതിർത്തു, ഭാഗ്യവശാൽ, ബോസ് പരിക്കേൽക്കാതെ രക്ഷപ്പെട്ടു. സുഭാഷ് ബോസിനെ രക്ഷിക്കാൻ ആര്യ തന്റെ ഭർത്താവിനെ കുത്തിക്കൊന്നു.

എന്നിരുന്നാലും, ഐ.എൻ.എ.യുടെ കീഴടങ്ങലിനുശേഷം. ഒരു വിചാരണ ചെങ്കോട്ടയിൽ നടന്നു (നവം1945ലും മേയ് 1946നും),

നീര ഒഴികെയുള്ള എല്ലാ തടവുകാരെയും വിട്ടയച്ചു. അവളെ ആൻഡമാനിലെ സെല്ലുലാർ ജയിലിലേക്ക് കൊണ്ടുപോയി,

അവിടെ അവർ എല്ലാ ദിവസവും മൃഗീയമായി പീഡിപ്പിക്കപ്പെട്ടു.

അവളുടെ ഇരുമ്പ് ചങ്ങലകളും വിലങ്ങുകളും അഴിക്കാൻ വന്ന കല്പണിക്കാരൻ / കമ്മാരൻ അത് നീക്കം ചെയ്യവേ മനപ്പൂർവ്വം അവളുടെ തൊലി അല്പം വെട്ടുകയും ചുറ്റിക കൊണ്ട് അവളുടെ കാലുകളിൽ രണ്ടുമൂന്നു തവണ അടിക്കുകയും ചെയ്തു. പ്രാണൻ എടുക്കുന്ന അസഹനീയമായ ആ വേദന അവൾ സഹിച്ചു.

അവന്റെ സാഡിസം നിറഞ്ഞ ക്രൂരവിനോദങ്ങൻ കണ്ടാസ്വദിച്ചിരുന്ന ജയിലർ സുഭാഷ് ബോസ് എവിടെയാണെന്ന് വെളിപ്പെടുത്തിയാൽ മോചിപ്പിക്കാമെന്നു വാഗ്ദാനം ചെയ്തു. ബോസ് ഒരു വിമാനാപകടത്തിൽ മരിച്ചെന്നും അതിനെക്കുറിച്ച് ലോകം മുഴുവൻ അറിയാമെന്നും നീര മറുപടി നൽകി. ജയിലർ വിശ്വസിക്കാൻ വിസമ്മതിക്കുകയും ഇങ്ങനെ മറുപടി പറയുകയും ചെയ്തു.

നിങ്ങൾ നുണ പറയുകയാണ് ബോസ് ഇപ്പോഴും ജീവിച്ചിരിക്കുന്നു;

അപ്പോൾ നീര പറഞ്ഞു,അതേ ബോസ് ജീവിച്ചിരിപ്പുണ്ട്... ബോസ് എന്റെ ഹൃദയത്തിൽ ജീവിച്ചിരിപ്പുണ്ട്

ഇതുകേട്ട് വിറളിപൂണ്ട ആ ജയിലർ എങ്കിൽ നിന്റെ ഹൃദയത്തിൽ നിന്ന് അവനെ മുറിച്ചു മാറ്റുംഎന്നു പറഞ്ഞു അവളെ മോശമായ രീതിയിൽ സ്പർശിക്കുകയും അവളുടെ വസ്ത്രം വലിച്ചു കീറിക്കൊണ്ട് കല്പണിക്കാരനോട് അവളുടെ മുലകൾ അറുക്കാൻ ഉത്തരവിട്ടു.

കമ്മാരൻ ഉടൻ തന്നെ ഒരു ബ്രെസ്റ്റ് റിപ്പർ എടുത്ത് അവളുടെ വലത്തെ മാറിടം തകർക്കാൻ തുടങ്ങി. ആ കാട്ടാളൻ അവിടം കൊണ്ട് നിന്നില്ല... ജയിലർ അവളുടെ കഴുത്തിൽ പിടിച്ച് ഞാൻ പറഞ്ഞു. നിങ്ങളുടെ രണ്ട് ബലൂണുകളും നിങ്ങളുടെ നെഞ്ചിൽ നിന്ന് ഞാൻ എടുക്കും എന്നു ആക്രോശിച്ചു അയാൾ ഒരു വികൃതമായ ചിരിയോടെ പിന്നെയും വിളിച്ചു കൂവി. ഈ ബ്രെസ്റ്റ് റിപ്പർ ചൂടാക്കിയിട്ടില്ല, അല്ലെങ്കിൽ നിങ്ങളുടെ സ്തനം ഇതിനകം ഛേദിക്കപ്പെടുമായിരുന്നു. അവളുടെ സ്ഥനങ്ങൾ വിച്ഛേദിച്ചു.

നീര ആര്യ തന്റെ ജീവിതത്തിന്റെ അവസാന നാളുകളിൽ പൂക്കൾ വിറ്റഴിച്ചു, ഭാഗ്യനഗരത്തിലെ ഫലക്നുമയിലെ ഒരു ചെറിയ കുടിലിലാണ് അവർ താമസിച്ചിരുന്നത്.

ആര്യ ആരാലും അറിയപ്പെടാതെ ആരാലും ശ്രദ്ധിക്കപ്പെടാതെ ഒരു അനാഥയായി 1998 ജൂലൈ 26ന് അന്തരിച്ചു.

എനിക്കുറപ്പാണ് നമ്മുടെ ഭൂരിപക്ഷം ആളുകളും ഇതൊന്നും അറിയുന്നില്ല. സഹനത്തിലൂടെയോ ചർക്കയിലൂടെയോ നിസ്സഹകരണത്തിലൂടെയോ മാത്രമല്ല നമുക്ക് സ്വാതന്ത്യം കിട്ടിയത്..നമുക്ക് ഇന്നത്തെ സ്വാതന്ത്യവും ജീവിതവും ആര്യയെ പോലെ അനേകരുടെ രക്തവും ജീവിതവും നൽകിയതാണെന്നു വിസ്മരിക്കപ്പെടുന്നു.